

# തില്ലങ്കേരി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്ര വികസനരേഖ





147-4

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## തില്ലങ്കേരി ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

1996 ഡിസംബർ 21 ശനി.
തില്ലങ്കേരി എ യു പി സ്കൂൾ ആലയാട്

# സമഗ്ര വികസന രേഖ




## എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| ടി. കൃഷ്ണൻ മാസ്റ്റർ | — | എഡിറ്റർ |
| എം . കെ. ജയരാജൻ മാസ്റ്റർ | — | അംഗം |
| സി. പി. പത്മനാഭൻ മാസ്റ്റർ | — | അംഗം |
| മൂർക്കോത്ത് കുഞ്ഞിരാമൻ | — | അംഗം |
| കെ. ഭാസ്ക്കരൻ മാസ്റ്റർ | — | അംഗം |
| ടി. രാജു | — | അംഗം |
| വത്സൻ തില്ലങ്കേരി | — | അംഗം |
| പി. വി. രമണി | — | അംഗം |
| കെ. അനിത | — | അംഗം |



Printed at : Delight Offset Printers, Kannur.. ✆ 503301, 503773



"ഇന്ത്യതന്നാത്മാവു ഗ്രാമമാണെന്നുള്ള -
ഗാന്ധിയൻ സിദ്ധാന്തമേർക്കൊണ്ടുയരുവാൻ
അദ്ധ്വാനശീലർ തൻ ഗ്രാമീണ ശക്തിയാൽ
അർത്ഥവത്താക്കും വികസന വിപ്ലവം.

ഗ്രാമം പുതുക്കി പണിയാൻ യുവാക്കളാൽ
ക്ഷേമം പുലർത്തുവാൻ സ്വപ്നസാഫല്യമായ്
തൂവലും തൂമ്പയും മാറിമാറിപിടി -
ച്ചാസൂത്രണത്തിന്റെ ധാരയായ് മാറുവിൻ"




| | |
|---|---|
| I | പള്ള്യം |
| II | പടിക്കച്ചാൽ |
| III | തില്ലങ്കേരി |
| IV | കാവുമ്പടി |
| V | വഞ്ഞേരി |
| VI | പെരിങ്ങാനം |
| VII | ആലയാട് |
| VIII | മച്ചൂർ മല |

# അധികാര
# വികേന്ദ്രീകരണത്തിൻെറ
# ശില്പി



# താളുകളിൽ


(1) ആമുഖം

(2) പഞ്ചായത്ത് പൊതു വിവരണം

(3) ചരിത്രം

(4) ഭൂപ്രകൃതിയും വിഭവങ്ങളും

(5) സാമൂഹ്യ സാമ്പത്തിക മേഖലകൾ

(5.1) കൃഷിയും ജലസേചനവും

(5.2) മൃഗസംരക്ഷണം

(5.3) വ്യവസായം

(5.4) വിദ്യാഭ്യാസം

(5.5) പൊതുജനാരോഗ്യവും, കുടിവെള്ളവും

(5.6) ഗതാഗതം, ഊർജ്ജം

(5.7) പാർപ്പിടവും സാമൂഹ്യക്ഷേമവും

(5.8) സംസ്കാരം

(5.9) വനിത

(5.10) സഹകരണം

(5.11) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം

(5.12) വിഭവസമാഹരണം

# ആമുഖം

കോളനിവാഴ്ചയിൽ നിന്ന് മോചിതയായ നമ്മുടെ രാജ്യം തുടക്കത്തിൽ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങൾ ദാരിദ്ര്യം , രോഗം, അജ്ഞത ഇവകൾക്കുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തലുകളായിരുന്നു. എട്ട് പഞ്ചവത്സര പദ്ധതികളിൽക്കൂടി മേൽ പറഞ്ഞവയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നാം കണ്ടെത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ , ഭക്ഷ്യോത്പാദനം, ഗതാഗതം, ശാസ്ത്ര സാങ്കേതിക രംഗങ്ങൾ എന്നിവയിലെല്ലാം നമുക്ക് അഭൂതപൂർവ്വമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് . ഭക്ഷ്യവസ്തുക്കൾ കയറ്റി അയക്കുന്ന സ്ഥിതിയിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. കേരളത്തിന്റെ കാര്യം മാത്രമെടുത്താൽ ഭക്ഷ്യോത്പാദന രംഗത്ത് പുറകിലാണ്, മാത്രമല്ല, സാമ്പത്തിക രംഗത്തും. തൊഴിലില്ലായ്മ രൂക്ഷമാണ് കേരളത്തിൽ . വികസനം നേരിടുന്ന വെല്ലുവിളികളാണിവ. പഞ്ചവത്സര പദ്ധതി ആരംഭിച്ച കാലഘട്ടം മുതൽ ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനം നടത്താൻ കഴിഞ്ഞിരുന്നെങ്കിൽ സ്ഥിതി ഇന്നത്തേതിൽ നിന്ന് വളരെ മെച്ചപ്പെട്ടുമായിരുന്നു. വന്നുപോയ പാളിച്ചകൾ തിരുത്താനും കൂടുതൽമെച്ചപ്പെട്ട ഫലങ്ങൾ ഉളവാക്കാനും വേണ്ടിയാണ് ജനപങ്കാളിത്തം ഉറപ്പാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം കേരളത്തിൽ ഉടലെടുത്തത് .

പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും കേന്ദ്രം തീരുമാനിച്ച് സംസ്ഥാനങ്ങൾക്ക് കൈമാറുകയായിരുന്നു പതിവ് . അതിനാൽ സ്ഥല ജല വിഭവങ്ങളെ കുറിച്ചുള്ള ജനങ്ങളുടെ അറിവ് ആസൂത്രണ പ്രക്രിയയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. ഇപ്പോൾ 9ാം പദ്ധതിയിലടങ്ങിയ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ജനങ്ങൾക്കവസരം ലഭിച്ചിരിക്കയാണ് . അതിന് വേണ്ടി സംസ്ഥാന തലത്തിൽ ജനകീയാസൂത്രണ സമിതിയും അതിന്റെ കീഴിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ ആസൂത്രണ സമിതികളും രൂപംകൊണ്ടു.

ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് ജനങ്ങളാൽ ജനങ്ങൾക്ക് വേണ്ടി ഭരിക്കുന്ന സംവിധാനമാണ് . ആ സംവിധാനം വിജയപ്രദമാക്കാൻ വേണ്ടി ഭരണഘടനാ ഭേദഗതികൾ തന്നെ വേണ്ടി വന്നു. ഗ്രാമസ്വരാജ് നടപ്പിലാക്കി അധികാര വികേന്ദ്രീകരണം എത്രയും വേഗത്തിൽ സാധിക്കണമെന്ന് അഭിലഷിച്ച വ്യക്തിയായിരുന്നു രാജീവ് ഗാന്ധി. അദ്ദേഹം പ്രധാനമന്ത്രിയായിരിക്കുമ്പോഴായിരുന്നു ഇന്ത്യാരാജ്യം മുഴുവൻ പഞ്ചായത്ത്‌രാജ് സംവിധാനം നടപ്പിലാക്കാനുള്ള പ്രവർത്തനത്തിന്റെ വേഗത കൂട്ടിയത്. ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൂടുതൽ അധികാരം ലഭിച്ച ഈ സന്ദർഭത്തിൽ , ആ, അധികാരം ഉപയോഗിച്ച് നമ്മുടെ പഞ്ചായത്തിന്റെ മുഖഛായ മാറ്റാൻ നമുക്ക് ശ്രമിക്കാം.

ആ ശ്രമത്തിൻെറ തുടക്കമായിരുന്നു സപ്തമ്പർ 26 മുതൽ ഒക്ടോബർ 2 വരെ വിളിച്ച് ചേർത്ത പ്രത്യേക ഗ്രാമസഭകൾ. ജനങ്ങൾ ആവേശത്തോടെ പങ്കെടുത്തു. കാരണം വികസനരംഗത്തെ പ്രശ്നങ്ങളും സാധ്യതകളും മറ്റാരെക്കാളും അറിയാവുന്നത് ജനങ്ങൾക്കാണ്. ഗ്രാമസഭകളിൽ വച്ചുള്ള ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആവശ്യങ്ങളാണ് ഈ വികസന രേഖയിൽ കൂടി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. ഒൻപതാം പദ്ധതിയുടെ അടങ്കൽ തുകയിൽ 40 ശതമാനം വരെ വിനിയോഗപ്പെടുന്നത് ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വന്ന വികസനാവശ്യങ്ങൾക്കായിരിക്കും. ഇടക്കൊന്നു പറഞ്ഞു കൊള്ളട്ടെ, ആസൂത്രണാധികാരം ജനങ്ങൾക്ക് ലഭിച്ചുവെങ്കിലും നിർവ്വഹണാധികാരവും ജനങ്ങൾക്ക് ലഭിച്ചാലെ ഉദ്ദേശിച്ച ലക്ഷ്യം സഫലീകൃതമാവുകയുള്ളൂ. അതിനാൽ ആ അധികാരവും ജനങ്ങൾക്ക് ലഭിക്കാൻ നടപടി സ്വീകരിക്കണം.

വികസന റിപ്പോർട്ട് തയ്യാറാക്കാൻ ദ്വിതീയ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടായിരുന്നു. അതുപോലെ ഭൂപ്രദേശങ്ങൾ ചുറ്റിക്കാണലും വേണ്ടിവന്നു. മുമ്പ് ചെയ്ത് ശീലമില്ലാത്തത് ചെയ്യേണ്ടി വന്നപ്പോൾ കുറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടു. അതിൻെറ കുറവ് ഈ രേഖയിൽ കണ്ടെത്താൻ കഴിഞ്ഞേക്കാം. പഞ്ചായത്തിലെ സമസ്ത ജനങ്ങളുടെയും സഹകരണം ഈ റിപ്പോർട്ടിൻെറ പിന്നിലുണ്ട്. ഒരു ഒത്തു പിടിക്കൽ തന്നെയാണ് നടത്തിയത്. വൈകിയാണെങ്കിലും ജനകീയാസൂത്രണ പ്രവർത്തനത്തിൻെറ ഉത്പന്നമായ ഈ വികസന രേഖ ബഹുജന സമക്ഷം സമർപ്പിക്കുന്നു.

# പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | — | തില്ലങ്കേരി ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെട്ട വില്ലേജ് | — | തില്ലങ്കേരി |
| ബ്ലോക്ക് പഞ്ചായത്ത് | — | ഇരിട്ടി |
| ബ്ലോക്ക് ഡിവിഷൻ | — | തില്ലങ്കേരി |
| താലൂക്ക് | — | തലശ്ശേരി |
| ജില്ല | — | കണ്ണൂർ |
| ലോകസഭാ മണ്ഡലം | — | കണ്ണൂർ |
| വിസ്തീർണ്ണം | — | 25. 06 ച. കി. മീ. |
| അതിരുകൾ | — | കിഴക്ക് : മുഴക്കുന്ന് പഞ്ചായത്ത് |
| | | വടക്ക് : കീഴൂർ ചാവശ്ശേരി പഞ്ചായത്ത് |
| | | പടിഞ്ഞാറ് : മട്ടന്നൂർ നഗരസഭ |
| | | തെക്ക് : മാലൂർ പഞ്ചായത്ത് |
| ജനസംഖ്യ | — | 12347 |
| പുരുഷൻമാർ | — | 6050 |
| സ്ത്രീകൾ | — | 6297 |
| ജനസാന്ദ്രത | — | 493 ച. കി. മീ. |
| സാക്ഷരത | — | 86. 96% |
| വാർഡുകൾ | — | 8 |
| പ്രസിഡന്റ് | — | ഐ. ജാനകി |
| വൈസ് പ്രസിഡന്റ് | — | ടി. പോക്കു ഹാജി |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | — | സി. വി. അപ്പു |

# തില്ലങ്കേരി ഗ്രാമ പഞ്ചായത്ത്

## ഭരണ സമിതി അംഗങ്ങൾ

| | | | |
|---|---|---|---|
| 1) | ഐ. ജാനകി | — | പ്രസിഡണ്ട് |
| 2) | ടി. പോക്കു ഹാജി | — | വൈസ് പ്രസിഡണ്ട് |
| 3) | സി. പി. അപ്പു | — | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ |
| 4) | എ. പി. കുഞ്ഞമ്മദ് | — | മെമ്പർ |
| 5) | മഞ്ചേരി രാമചന്ദ്രൻ | — | മെമ്പർ |
| 6) | ഇ. കെ. ശങ്കരൻ | — | മെമ്പർ |
| 7) | കെ. വിലാസിനി | — | മെമ്പർ |
| 8) | വി. വസന്ത | — | മെമ്പർ |
| 9) | സി. പത്മനാഭൻ | — | പഞ്ചായത്ത് സെക്രട്ടറി |

പ്രസിഡണ്ട്



വൈസ് പ്രസിഡണ്ട്



സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | — | ചേരൻ ശ്രീധരൻ (തില്ലങ്കേരി) |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | — | കെ. പി. പ്രഭാകരൻ മാസ്റ്റർ (ഇരിട്ടി) |
| ജില്ലാ പഞ്ചായത്ത് മെമ്പർ | — | യു. ബാലചന്ദ്രമേനോൻ |

പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



ഭരണ സമിതി അംഗങ്ങളും ഉദ്യോഗസ്ഥരും



ജുമാ മസ്ജിദ് കാവുംപടി



പനക്കാട്ട് വേട്ടക്കൊരുമകൻ ക്ഷേത്രം - കാവുംപടി



# ചരിത്രം

ചരിത്ര പ്രസിദ്ധമായ പുരളി മലയുടെ ഉത്തര പാർശ്വത്തിൽ, ഹരിതാഭമായ കൊച്ചു കൊച്ചു കുന്നുകളും വയൽ പരപ്പുകളും കരിനിലങ്ങളും ചേർന്ന ഒരു കൊച്ചു ഗ്രാമമാണ് തില്ലങ്കേരി. തലശ്ശേരിയിൽ നിന്നും 35കി.മീ വടക്കു കിഴക്കു മാറി മാലൂർ, മുഴക്കുന്ന്, കീഴൂർ-ചാവശ്ശേരി എന്നീ പഞ്ചായത്തുകളുടെയും മട്ടന്നൂർ മുൻസിപ്പാലിറ്റിയുടെയും ഇടയിൽ 25.06 ച.കി.മീ വിസ്തൃതിയുള്ളതും 12,347 ജനങ്ങൾ (1991ലെ സെൻസസ് പ്രകാരം) അധിവസിക്കുന്നതുമാണ് ഈ ഗ്രാമം. പുരളി മലയുടെ പാർശ്വങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന നീരരുവികൾ വിവിധ കേന്ദ്രങ്ങളിൽ സംഗമിച്ച് വടക്കോട്ടൊഴുകുന്നു. കാർഷിക പ്രധാനമായ ഈ അനുകൂലാവസ്ഥ ഇവിടുത്തെ ജനതയെ കൃഷിയുമായി ബന്ധപ്പെടുത്തി.

ചരിത്ര രേഖകളിലൊന്നും തന്നെ പരാമർശിക്കപ്പെട്ടിട്ടില്ലാത്ത തില്ലങ്കേരിയുടെ ഗതകാല ചരിത്രത്തിന്റെ അന്വേഷണം നമ്മെ നയിക്കുന്നത് പുരളിമല മുത്തപ്പന്റേയും, വയനാട്ട് കുലവന്റെയും തോറ്റം പാട്ടുകളിലേക്കാണ്. കേരള പഴമയിൽ പ്രതിപാദിച്ചതുപോലെ തറകളും, നാട്ടുകൂട്ടങ്ങളും, ഊർപ്പള്ളികളും ഈ ഗ്രാമത്തിലുണ്ടായിരുന്നുവെന്നതിന്റെ തെളിവായി ഗ്രാമത്തിന്റെ വടക്കു ഭാഗത്ത് "ഊർപ്പള്ളി" എന്ന പ്രദേശം സ്ഥിതി ചെയ്യുന്നു. ഇതിനു സമീപമുള്ള തൃക്കുന്ന് എന്ന പ്രദേശത്ത് മണ്ണടിഞ്ഞ ദേവാലയത്തിന്റെയും മറ്റും അവശിഷ്ടങ്ങൾ നമ്മുടെ നിഗമനത്തിന് ബലമേകുന്നവയാണ്. ആണ്ടിലൊരിക്കൽ ലഭിക്കുന്ന ശിവരാത്രി പൂജകൊണ്ട് സംതൃപ്തനാണ് ഈ ദേവാലയത്തിലെ ശിവൻ. കൊട്ടിയൂർ അമ്പലത്തിലെ പ്രധാന കാർമ്മികരിൽ ഒരാളും ഈ ഗ്രാമവാസിയുമായ 'പടിഞ്ഞാറ്റ ഇല്ലം' നമ്പൂതിരിയാണ് ഇവിടെയും പൂജാദി കർമ്മങ്ങൾ നിർവ്വഹിക്കുന്നത്. വ്യത്യസ്ത സമുദായക്കാരുടേതായി വളരെ പഴക്കം ചെന്ന ചില ദേവാലയങ്ങൾ ഇന്നും ഈ ഗ്രാമത്തിൽ നില നിൽക്കുന്നുണ്ട്. ഇവിടങ്ങളിലെ ഉത്സവങ്ങൾ സാമൂഹ്യ പങ്കാളിത്തം കൊണ്ട് ഈ ഗ്രാമത്തിന്റെ കലാ സാംസ്കാരിക കേന്ദ്രങ്ങൾ കൂടിയായി മാറിയിരിക്കുന്നു.

ജാതി വ്യവസ്ഥയുടെ അതിർ വരമ്പുകളൊന്നും തന്നെ ചികിത്സാ രംഗത്ത് ഉണ്ടായിരുന്നില്ല. സവർണ്ണരെ പോലെ തന്നെ അവർണ്ണരും ഈ രംഗത്ത് സഹവർത്തിത്വത്തോടെ പ്രവർത്തിച്ചിരുന്നു. അവരിൽ പ്രമുഖരാണ് സർവ്വശ്രീ അപ്പപെരുവണ്ണാൻ, ശങ്കു വൈദ്യർ, കുഞ്ഞികൃഷ്ണൻ നമ്പ്യാർ (വിഷ വൈദ്യൻ) കേളപ്പൻ പെരുവണ്ണാൻ, ചാത്തു പണിക്കർ എന്നിവർ.

ടിപ്പുവിന്റെ പട ഈ ഗ്രാമത്തിൽ പ്രവേശിച്ചെങ്കിലും അവർക്ക് 'കോട്ടക്കുന്ന്' എന്ന സ്ഥലത്തെത്തിയപ്പോൾ ഭയന്ന് തിരിച്ചു പോകേണ്ടി വന്നു എന്നാണ് പഴമക്കാർ പറയുന്നത്. രാത്രിയിലായിരുന്നു പടയോട്ടക്കാർ കോട്ടക്കുന്നിലെത്തിയത്. ഈ പ്രദേശത്ത് നിറയെ പൂത്തുനിന്ന മുള വർഗ്ഗത്തിൽപ്പെടുന്ന ഒരു പ്രത്യേക തരം ചെടികണ്ട പടയോട്ടക്കാർ അതൊക്കെ ആയുധധാരികളായ പടയാളികളാണെന്ന് തെറ്റിദ്ധരിച്ച് തിരിച്ചു പോയെന്നാണ് പഴമക്കാരുടെ ഭാഷ്യം. അതുകൊണ്ട് ആ ചെടികളെ ഇന്നും ഈ പ്രദേശത്തുകാർ 'പടമടക്കി' എന്ന് വിളിക്കുന്നു. പുള്ളിമാനുകൾ മേഞ്ഞു നടന്ന പുള്ളിമാൻ ചാൽ, പുള്ള്യാഞ്ചാലായും മയിലുകളുടെ വിഹാര രംഗമായിരുന്ന മയിലാടും പാറ മയിലാടൻ പാറയായും അറിയപ്പെടുന്നു.

നമ്പൂതിരി, നായർ (നമ്പ്യാർ) എന്നീ മേൽജാതിക്കാരും തിയ്യ, വാണിയ, ശാലിയ, വെളുത്തേടൻ, കാവുതിയ്യ, വിളക്കത്തലവൻ തുടങ്ങിയ പിന്നോക്ക ജാതിക്കാരും വണ്ണാൻ, മലയ തുടങ്ങിയ പട്ടിക ജാതിക്കാരും, അടിയാൻ, പണിയ തുടങ്ങിയ പട്ടിക വർഗ്ഗ (ഗിരിവർഗ്ഗ) ക്കാരും ഈ ഗ്രാമത്തിൽ അധിവസിച്ചു വരുന്നു. ജാതി വ്യവസ്ഥയുടെ തീവ്രതയും മേൽക്കോയ്മയും ഇന്ന് ഈ ഗ്രാമത്തിൽ തീരെ ഇല്ലെന്നു തന്നെ പറയാം. പട്ടിക വർഗ്ഗക്കാരിൽ പണിയ വിഭാഗത്തിന്റെ ആചാര രീതികൾ ശ്രദ്ധേയമാണ്.

മുമ്പ് ഈ ഗ്രാമത്തിലെ ഭൂമി 'കോട്ടയം കോവിലകം' വകയായിരുന്നു. പിന്നീടവ ആലക്കാട്ട്, പടിഞ്ഞാറ്റ എന്നീ ഇല്ലക്കാരുടേതും ചെമ്പുംകീഴിടം, കറുമ്പുക്കൽ ഇടം, എന്നീ ഇടം വാഴ്ചക്കാരുടേയും അധീനതയിലായി. കാണം, കുഴിക്കാണം, വാരം, പാട്ടം, വാക്കാൽ ചാർത്ത് തുടങ്ങിയ സമ്പ്രദായ പ്രകാരമായിരുന്നു ഭൂമി കൈമാറ്റം നടന്നിരുന്നത്. ചെമ്പുംകീഴിടം തറവാട്ടുകാർക്ക് ബ്രിട്ടീഷ് ഭരണാരംഭത്തോടെ 'അധികാരി' സ്ഥാനം ലഭ്യമായി. അധികാരിമാരിൽ പ്രമുഖൻ ഈ ഗ്രാമത്തിലെ പ്രഥമ ബി.എ. ക്കാരനായ കുഞ്ഞികൃഷ്ണൻ നമ്പ്യാരായിരുന്നു.

ആദ്യകാലത്ത് ഈ ഗ്രാമത്തിലെ പ്രധാന കൃഷി നെല്ലായിരുന്നു. ഇത് വയൽ കൃഷിയായും കരകൃഷിയായും നടത്തി വന്നിരുന്നു. എന്നാൽ കൃഷിക്കാരുടെ ഇഷ്ടാനുസരണം സ്ഥിരം കൃഷിചെയ്യാനുള്ള അവകാശം ജന്മിമാർ നിഷേധിച്ചിരുന്നു. കൃഷി ചെയ്യാനുള്ള അവകാശത്തെ 'വെറും കൊഴു' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ജന്മി അതിന് പാട്ടവും നിശ്ചയിക്കുമായിരുന്നു. കരകൃഷിയെ പുനകൃഷി എന്നാണ് പറഞ്ഞിരുന്നത്. ഈ കൃഷിക്കാവശ്യമായ സ്ഥലം വാക്കാൽ ഏല്പിക്കുകയായിരുന്നു പതിവ്. പുനകൃഷിയുടെ കൂടെ മറ്റു ധാന്യങ്ങളായ ചാമ, മുത്താറി, തിന എന്നിവയും കൃഷിചെയ്യപ്പെട്ടിരുന്നു. തുവരയും ഒരു പ്രധാന കൃഷിയായിരുന്നു. കരഭൂമി മറു പാട്ട വ്യവസ്ഥയിൽ ലഭിച്ചവർ അവിടെ കുരുമുളക് കൃഷി നടത്തിയിരുന്നു.

മറു പാട്ട വ്യവസ്ഥയിൽ കൊടുത്ത ഭൂമി ഏതവസരത്തിലും ഒഴിപ്പിക്കാനുള്ള അധികാരം ജൻമിക്കുണ്ടായിരുന്നു. അതുകൊണ്ടായിരിക്കാം ദീർഘകാല വിളവ് കൃഷി ചെയ്യുന്നതിന് കർഷകർ വൈമുഖ്യം കാണിച്ചത്. വിശേഷ ദിവസങ്ങളിൽ "കുടിയാന്മാർ" ഹിന്ദു ജന്മീ ഗൃഹങ്ങളിൽ കാർഷിക വിഭവങ്ങളും മുസ്ളിം ജന്മിമാർക്ക് കോഴിയും നെയ്യും കാഴ്ചവെക്കേണ്ടിയിരുന്നു. ഇതിന് "വെച്ചു കാണൽ" എന്നാണ് പറഞ്ഞിരുന്നത്. ഇതിനു പുറമെ നുരി, വാശി എന്നിങ്ങനെ പലപേരിലും കൃഷിക്കാരനെ ചൂഷണം ചെയ്തിരുന്നു. മുട്ടുമറയുംവിധം മുണ്ടുടുക്കാനോ മേൽ മറക്കാനോ അവകാശമില്ലാത്ത കർഷകനും മാറുമറക്കാൻ പാടില്ലാത്ത സാധാരണ സ്ത്രീയും ഇന്ന് ഓർമ്മകൾ മാത്രമാണ്. "മേൽ മീശവെച്ചവൻ മോശക്കാരൻ" എന്നതായിരുന്നു പഴയ കാഴ്ചപ്പാട്. അന്യം നിന്ന ഇത്തരം സമ്പ്രദായങ്ങൾ ഈ ഗ്രാമത്തിലുണ്ടായിരുന്നു.

വിദ്യാലയങ്ങൾ ആരംഭിക്കുന്നതിനുമുമ്പ് കുടിപ്പള്ളിക്കൂടങ്ങളിലെ നാടൻ ഗുരുക്കന്മാരായിരുന്നു അക്ഷരജ്ഞാനം നൽകുന്നതിന് നേതൃത്വം വഹിച്ചിരുന്നത്. തില്ലങ്കേരിയിലെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം 1913ൽ "ഒഴക്കത്താർകരി" എന്ന സ്ഥലത്ത് "തില്ലങ്കേരി സ്കൂൾ" എന്ന പേരിൽ സ്ഥാപിച്ച വിദ്യാലയമായിരുന്നു. ഇന്നത് തില്ലങ്കേരി യു.പി.സ്കൂൾ എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. 1920ൽ പള്ള്യത്ത് ഒരു വിദ്യാലയം (പള്ള്യം എൽ.പി.സ്കൂൾ) ആരംഭിച്ചു. ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നപ്പോൾ 1925ൽ മൂന്നാമതൊരു വിദ്യാലയം ബോർഡ് സ്കൂൾ (മണലാടി സ്കൂൾ) എന്ന പേരിലും ആരംഭിച്ചു. ഇതാണ് 'ഗവൺമെന്റ് യു.പി.സ്കൂൾ തില്ലങ്കേരി'. തുടർന്ന് 1937-ൽ ഉളിയിൽ ബോയ്സ് സ്കൂളും (വാണിവിലാസം എൽ.പി.) 1941ൽ മച്ചൂർ മല (മനോഹര വിലാസം എൽ.പി) സ്കൂളുമാണ് സ്വാതന്ത്ര്യത്തിന് മുമ്പ് ഈ ഗ്രാമത്തിലാരംഭിച്ച വിദ്യാലയങ്ങൾ. സ്വാതന്ത്ര്യാനന്തരം ആരംഭിച്ചവയാണ് പെരിങ്ങാനം, കാവുപടി, പടിക്കച്ചാൽ എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ.പി.സ്കൂളുകൾ. 1995ൽ ആണ് ഈ ഗ്രാമത്തിന് ഒരു ഹൈസ്കൂൾ അനുവദിച്ച് കിട്ടിയത്. ഈ വിദ്യാലയം CHMM ഹൈസ്കൂൾ എന്ന പേരിൽ പ്രവൃത്തിച്ചു വരുന്നു.

ദേശീയ പ്രസ്ഥാനത്തിനും കർഷക സംഘ പ്രസ്ഥാനത്തിനും തില്ലങ്കേരിയുടെ സംഭാവന ചെറുതല്ല. ജാതി വിരുദ്ധ പ്രസ്ഥാനങ്ങളും നിയമലംഘന പ്രസ്ഥാനങ്ങളും ഈ ഗ്രാമത്തിലെ സാമൂഹ്യ പ്രവർത്തകരിൽ ആവേശമുണർത്തുകയും ബ്രിട്ടീഷ് മേധാവിത്വത്തിനെതിരെ സംഘടിക്കാൻ പ്രചോദനമേകുകയും ചെയ്തു. ഹിന്ദി പഠനം, വായന ശാലാ പ്രവർത്തനം, നിശാപാഠശാല ഇവയൊക്കെ ഇവരുടെ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാനും തില്ലങ്കേരിയിലെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കാനും സഹായിച്ച ഘടകങ്ങളാണ്.

കർഷക സംഘം നേതാക്കളായ സർവ്വശ്രീ സി.എച്ച്. കണാരൻ, കെ.എ.കേരളീയൻ, കുഞ്ഞാപ്പു മാസ്റ്റർ, നീലഞ്ചേരി നാരായണൻ നായർ കുണ്ടാഞ്ചേരി കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരുടെ പ്രവർത്തന മേഖല തില്ലങ്കേരിയിലേക്ക് കൂടി വിപുലീകരിക്കുകയും മച്ചൂർ മലയിൽ കർഷക സംഘത്തിന്റെ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. കോഴിക്കോട്ടു നടന്ന വളണ്ടിയർ പരിശീലന ക്യാമ്പിൽ തില്ലങ്കേരിയെ പ്രതിനിധീകരിച്ചു കൊണ്ട് കുഞ്ഞാപ്പു മാസ്റ്ററും എ.കെ.കുഞ്ഞിരാമക്കുറുപ്പും പങ്കെടുക്കുകയുണ്ടായി. ആയിടക്കാണ് 1940 സപ്തംബർ 15നു സാമ്രാജ്യത്വ വിരുദ്ധ ദിനമായി ആചരിക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആഹ്വാനം ചെയ്തത്. ഈ സമരത്തിന്റെ ഭാഗമായി മട്ടന്നൂരിൽ നടന്ന പ്രകടനത്തിൽ കുഞ്ഞാപ്പു മാസ്റ്റർ, എ.കെ.കുഞ്ഞിരാമക്കുറുപ്പ് എന്നിവരുടെ നേതൃത്വത്തിൽ തില്ലങ്കേരിയിൽ നിന്നും ധാരാളം പേർ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ശ്രീ.എ.കെ.കുഞ്ഞിരാമ കുറുപ്പിന് ജയിൽ വാസം അനുഭവിക്കേണ്ടി വന്നു. ഈ സംഭവത്തിന് ശേഷം ഒരു രാഷ്ട്രീയ ചേരി തിരിവിന് ഇടയാവുകയും കർഷക സംഘത്തിൽപ്പെട്ട മിക്ക കോൺഗ്രസുകാരും കോൺഗ്രസ് സോഷ്യലിസ്റ്റുകാരായി മാറുകയും ചെയ്തു. കർഷക സംഘത്തിന്റെ പ്രവർത്തനം സർവ്വശ്രീ വി. അനന്തനും കല്ലോറത്ത് മാധവനും ഏറ്റെടുത്ത് നടത്തി.

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം നാട്ടിലാകെ ഭക്ഷ്യക്ഷാമവും, പട്ടിണിയും പകർച്ച വ്യാധിയും പിടിപെട്ടു. ഭക്ഷ്യ യോഗ്യമല്ലാത്ത പച്ചരിയും ചോളവുമായിരുന്നു റേഷൻഷാപ്പുകളിൽ നിന്ന് ലഭിച്ചിരുന്നത്. ഇതിന്റെ ഫലമായി പഴയ മലബാർ പ്രദേശത്തെ ജനങ്ങൾ കരിഞ്ചന്തക്കും, പൂഴ്ത്തിവെപ്പിനുമെതിരെ പ്രത്യക്ഷസമരപരിപാടികൾ ആവിഷ്കരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തില്ലങ്കേരിയിലും നെല്ലെടുപ്പ് സമരം നടന്നു. വിഷുവിനോടനുബന്ധിച്ച് 1948 ഏപ്രിൽ 15ന് ശ്രീ.സി.അനന്തൻ മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന ആ സമരത്തിൽ ധാരാളം പേർ പങ്കെടുക്കുകയുണ്ടായി. അവർക്കു നേരെ ഇടീക്കുണ്ട് വയലിൽ വച്ചുണ്ടായ പോലിസ് വെടിവെപ്പിൽ സി.അനന്തൻ മാസ്റ്ററടക്കം ഏഴ് പേർ രക്തസാക്ഷികളായി. ധാരാളം ആളുകളെ കണ്ണൂർ–സേലം ജയിലുകളിൽ തടവിലിട്ടു. 1950 ഫെബ്രുവരി 11 ന് സേലം ജയിലിൽ വച്ചുണ്ടായ വെടിവെപ്പിൽ മരിച്ച 22 പേരിൽ 5 പേർ തില്ലങ്കേരിക്കാരായിരുന്നു. ജന്മിത്വത്തിനെതിരായ സമരത്തിൽ തില്ലങ്കേരിക്ക് നഷ്ടമായ അവിസ്മരണീയരാണ് സർവ്വശ്രീ.സി.അനന്തൻ, സി.ഗോപാലൻ, കുണ്ടാഞ്ചേരി ഗോവിന്ദൻ, പോരുകണ്ടി കൃഷ്ണൻ, വെള്ളുവക്കണ്ടി രാമൻ, നമ്പിടിക്കുന്നുമ്മൽ നാരായണൻ നമ്പ്യാർ, പുല്ലാത്തിയോടൻ കുഞ്ഞപ്പനമ്പ്യാർ, നക്കായി കണ്ണൻ, അമ്പാടി ആശാരി, പുല്ലാഞ്ഞിയോടൻ ഗോവിന്ദൻ നമ്പ്യാർ, കൊയിലോടൻ നാരായണൻ നമ്പ്യാർ കാറാട്ടു കുഞ്ഞമ്പു എന്നിവർ. ജയിൽ വാസം വരിച്ചവരിൽ ചിലർ ഇന്നും ഈ ഗ്രാമത്തിൽ ജീവിച്ചിരിക്കുന്നുണ്ട്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെച്ച ശ്രീ.പി.കെ.കുഞ്ഞപ്പ മാസ്റ്റർക്കും, എ.കെ.കുഞ്ഞിരാമക്കുറുപ്പിനും അതിന്റെ അംഗീകാരമെന്ന നിലയിൽ പിന്നീട് താമ്രപത്രം ലഭിക്കുകയുണ്ടായി.

1947ന് മുമ്പ് ദേശീയ പ്രസ്ഥാനത്തിന്റെ ചരിത്രം പോരാട്ടമായിരുന്നെങ്കിൽ, സ്വാതന്ത്ര്യാനന്തരം രാഷ്ട്ര പുനർ നിർമ്മാണത്തിന്റേതായിരുന്നു. ഈ ഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തെ വികസിപ്പിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ചവരായിരുന്നു ശ്രീ.എം.കെ.കുഞ്ഞിക്കണ്ണക്കുറുപ്പും,

ശ്രീ.പി.എം.കുഞ്ഞിരാമൻ നമ്പ്യാർ, ശ്രീ. ചെല്ലട്ടൻ കുഞ്ഞിരാമക്കുറുപ്പ്, ശ്രീ.കെ.പി.കുഞ്ഞികൃഷ്ണൻ നമ്പ്യാർ, ശ്രീ.സി.കെ.നാരായണൻ നമ്പ്യാർ ആദിയായവർ.

മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ ഭാഗമായി നടന്ന പ്രഥമ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. എ.കെ.കുഞ്ഞിരാമക്കുറുപ്പ് പ്രസിഡണ്ടും ശ്രീ.കെ.കണ്ണൻ വൈസ് പ്രസിഡണ്ടുമായി. പിന്നീട് 1963ൽ ശ്രീ.വി.പത്മനാഭനും 1969ൽ പഞ്ചായത്ത് വിഭജിച്ചതിന് ശേഷം 1978വരെ ശ്രീ.കെ.വി.ചാത്തു മാസ്റ്ററും 1979ൽ ശ്രീ.ടി.കൃഷ്ണനും 1988ൽ ശ്രീ.ടി.എം. രമേശനും പ്രസിഡണ്ടായി. 1995ൽ പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വന്നപ്പോൾ ഈ പഞ്ചായത്ത് സ്ത്രീ സംവരണ പഞ്ചായത്താവുകയും ശ്രീമതി. ഐ.ജാനകിയുടെ നേതൃത്വത്തിൽ ഇന്ന് നിലവിലുള്ള ഭരണ സമിതി അധികാരത്തിലെത്തുകയും ചെയ്തു.

# ഭൂപ്രകൃതിയും വിഭവങ്ങളും

**തില്ലങ്കേരി പഞ്ചായത്തിലെ ഭൂപ്രകൃതി താഴെ വിവരിക്കുന്നു.**

1. ഉയർന്ന മലമ്പ്രദേശം
2. കുത്തനെയുള്ള ചെരിവ്
3. ചെറു ചെരിവ്
4. നിരപ്പു പ്രദേശം
5. നീർമറി പ്രദേശം

കടൽ തീര പട്ടണമായ തലശ്ശേരിക്ക് വടക്ക് കിഴക്കായി 25.06 ച.കി.മീറ്റർ വിസ്തൃതിയിൽ കിടക്കുന്ന ഉൾനാടൻ ഗ്രാമമാണ് തില്ലങ്കേരി. ബ്രിട്ടീഷുകാരോടുള്ള പോരാട്ടത്തിൽ പഴശ്ശിരാജാവ് ഒളിത്താവളമായി നിലയുറപ്പിച്ച പുരളിമല തില്ലങ്കേരിയുടെ തെക്കെ അതിരായി ചരിത്രം അയവിറക്കിക്കൊണ്ട് നിലകൊള്ളുന്നു.

നിരപ്പായ മുകൾ ഭാഗവും കുത്തനെയുള്ള ചെരിവും അതിനു താഴെ ചെറു ചെരിവും അതിനു താഴെ നിരപ്പായ പ്രദേശവും ഉൾപ്പെടുന്നതാണ് പുരളിമല. മലയിടുക്കുകളിൽ ജനവാസമുണ്ട്. അവിടവിടെ നീരുറവകളുള്ള ഫല ഭൂയിഷ്ടമായ പ്രദേശമാണിത്. തില്ലങ്കേരിയുടെ അതിരുകൾ വടക്ക് കീഴൂർ -ചാവശ്ശേരി പഞ്ചായത്തും പടിഞ്ഞാറ് മട്ടന്നൂർ മുൻസിപ്പാലിറ്റിയും തെക്ക് മാലൂർ പഞ്ചായത്തും കിഴക്ക് മുഴക്കുന്ന് പഞ്ചായത്തുമാണ്. പുരളി മലയിൽ നിന്നുത്ഭവിക്കുന്ന തോടുകൾ തില്ലങ്കേരിയുടെ പാടശേഖരങ്ങളിലൂടെ വടക്കോട്ടൊഴുകി കീഴൂർ ചാവശ്ശേരി പഞ്ചായത്തിൽ ചേരുന്നു. മലമ്പ്രദേശങ്ങൾ കഴിഞ്ഞാൽ കുന്നുകളും അവക്കിടയിൽ ചെറുതും വലുതുമായ നെൽപ്പാടങ്ങളുമായി തില്ലങ്കേരി പഞ്ചായത്ത് വടക്കു ഭാഗത്തേക്ക് ചരിഞ്ഞു കിടക്കുന്നു. മലമുകളിൽ നിന്നും ചുറ്റുപാടുമുള്ള കാഴ്ച ഹരിതാഭവും മനോഹരവുമാണ്. Middle land എന്ന കാറ്റഗറിയിലാണ് ലാന്റ് റിസർച്ച് ഓഫ് കേരള സ്റ്റേറ്റ് എന്ന രേഖയിൽ തില്ലങ്കേരി ഉൾപ്പെട്ടിട്ടുള്ളത്. കടൽ വിതാനത്തിൽ നിന്ന് അധികം ഉയർന്നതോ താഴ്ന്നതോ അല്ലാത്ത ഈ പ്രദേശം സുമാർ 400-500 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

## *മൺതരം*

മണ്ണ് പരിശോധന നടന്നിട്ടില്ല. പുരളിമലയുടെ നിരപ്പുകളിലും ചെരിവുകളിലും കരിങ്കല്ല് സുലഭമാണ്. അവക്കിടയിൽ കറുത്ത മണ്ണുമാണുള്ളത്. ഇവിടങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്. മറ്റു പ്രദേശങ്ങളിൽ കളിമണ്ണ് കലർന്നതും പുറം പാളി 7c.m മുതൽ 100c.m വരെ കട്ടിയുള്ളതുമായ പദാർത്ഥങ്ങൾ കൊണ്ട് ഉറച്ചതുമായ മണ്ണ് കാണപ്പെടുന്നു. പൊതുവെ കളിമണ്ണ് കലർന്ന മണ്ണാണ് തില്ലങ്കേരി

പഞ്ചായത്തിൽ ഭൂരിഭാഗവും. (ലാന്റ് റിസോഴ്സ് ഓഫ് കേരള സ്റ്റേറ്റ് എന്ന രേഖ - 1981ലെ സർവെ) നിരപ്പായ പ്രദേശങ്ങളിലും നീർമറി പ്രദേശങ്ങളിലും ചരലും മണലും കലർന്ന മണ്ണ് കാണപ്പെടുന്നു. ഗാഡൻ ലാന്റ് എന്നാണ് ഫാം സർവെ പ്രകാരം ഇതിനെ വിശേഷിപ്പിക്കുന്നത്. വയലുകളിൽ കളി മണ്ണ് കലർന്ന മണ്ണാണുള്ളത്. ചെങ്കൽ പ്രദേശങ്ങൾ പലയിടങ്ങളിലുമുണ്ട്.

## *ജല പ്രകൃതി*

മലഞ്ചരിവുകളിൽ നിന്നും കുന്നുകളിൽ നിന്നും ഉത്ഭവിക്കുന്ന നീർച്ചാലുകൾ അവയൊഴുകുന്ന പ്രദേശങ്ങളെ നനയ്ക്കുന്നതോടൊപ്പം തോടുകളുമായി ചേർന്ന ജലവിതാനത്തെ ഒരു പരിധിയോളം സംരക്ഷിക്കുന്നു. തില്ലങ്കേരിയിൽ ജലസേചനം സാധ്യമാക്കുന്നത് തോടുകൾ തന്നെ. പണ്ട് ധാരാളം തലക്കുളങ്ങളുണ്ടായിരുന്നു. പലതും നികത്തപ്പെട്ടു. കുടിവെള്ളത്തിന് കിണറുകളിലെ വെള്ളം തന്നെ ആശ്രയം. ഒരിക്കലും വറ്റാത്ത നീരുറവകൾ, ചിലയിടങ്ങളിലെങ്കിലുമുണ്ട്. അത് വേനൽക്കാലത്ത് മനുഷ്യർക്കും കന്നുകാലികൾക്കും അനുഗ്രഹം തന്നെ. കാടുകൾ വെട്ടിത്തെളിയിക്കുന്നതുകൊണ്ട് ജല സ്രോതസ്സുകൾ ഇല്ലാതായിപ്പോകുന്നു. വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച വിവര പ്രകാരം 8 സ്വകാര്യ കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കണക്കിൽപെടാത്തവ വേറെയുമുണ്ട്. കിണറുകളുടെയും കുഴൽ കിണറുകളുടെയും സ്ഥിതിവിവരം 'പൊതുജനാരോഗ്യവും കുടിവെള്ളവും' എന്ന ഭാഗത്ത് കൊടുത്തിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും മഴതന്നെയാണ് പ്രധാന ആശ്രയം. ജൂൺ, ജൂലായ് മാസങ്ങളിൽ കൂടുതൽ മഴകിട്ടുന്നു. 1995 ജൂലായിൽ 1036.20 മില്ലീമീറ്ററും 96 ജൂലായിൽ 1136.40 മില്ലി ലിറ്ററും മഴ ലഭിച്ചു. തില്ലങ്കേരി പഞ്ചായത്തിലെ അന്തരീക്ഷോഷ്മാവ് ശരാശരി 36.25 ഡിഗ്രി സെൽഷ്യസാണ്. (അവലംബം സ്റ്റേറ്റ് ഫാം; ആറളം) കുറഞ്ഞാൽ 18ഡിഗ്രി സെൽഷ്യസ് വരെ പോകും.

## *ഭൂവിനിയോഗം*

ഈ പഞ്ചായത്തിൽ കൃഷിക്കുപയുക്തമായ തരിശു ഭൂമികളില്ല. അങ്ങനെയാണ് വില്ലേജ് ഓഫീസിൽ നിന്നും കിട്ടിയ കണക്ക്. ഭൂവിനിയോഗത്തെ കുറിച്ച് 'കൃഷിയും ജലസേചനവും' എന്ന ഭാഗത്ത് കൊടുത്തിട്ടുണ്ട്.

## *ജൈവസമ്പത്ത്*

പുരളി മലയിലേയും താണ പ്രദേശങ്ങളിലേയും, കാടുകളിൽ ഔഷധ സസ്യങ്ങൾ പലതും ഉണ്ട്. അവ കാടുവെട്ടിത്തെളിക്കുന്നതുകൊണ്ട് നശിച്ചുപോകുന്നു. അവ സംരക്ഷിക്കപ്പെടുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. തേക്ക്, ഈട്ടി, ഇരൂൾ, ആഞ്ഞിലി, മരുത് എന്നീ വിലപിടിപ്പുള്ള മരങ്ങൾ പണ്ട് ധാരാളമുണ്ടായിരുന്നു. ഭൂരിഭാഗവും വെട്ടിമാറ്റപ്പെട്ടു. കൃഷിഭവൻ പ്രോത്സാഹനം നൽകുന്നതിനാൽ പുതുതായി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുത് ആശ്വാസപ്രദമാണ്. ഒരു കാലത്ത് കാട്ടുമൃഗങ്ങളുടെ വിഹാര രംഗമായിരുന്നു തില്ലങ്കേരിയിലെ കാടുകൾ. കുരങ്ങ്, കരിങ്കുരങ്ങ്, മുയൽ, മാൻ, പന്നി, കടുവ, മുള്ളൻപന്നി, പുലി, ചെന്നായ, കുറുക്കൻ എല്ലാമുണ്ടായിരുന്നു. ഇവയിൽ ചിലതെല്ലാം കുറ്റിയറ്റുപോയി. പലതരം പക്ഷികളുണ്ടായിരുന്നതിൽ പലതിനെയും ഇപ്പോൾ കാണാനില്ല. പക്ഷിമൃഗാദികൾ വിരളമായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലേക്ക് നമ്മുടെ നാട് മാറിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ ഇനിയും വൈകിക്കൂടാ.

## *ജനപ്രകൃതി*

1991ലെ സെൻസസ് പ്രകാരം തില്ലങ്കേരി പഞ്ചായത്തിലെ ജനസംഖ്യ 12,347 ആയിരുന്നു. ഇതിൽ 6050പുരുഷൻമാരും 6297 സ്ത്രീകളുമാണ്. 1000 പുരുഷൻമാർക്ക് 1041 സ്ത്രീകൾ. ജനസാന്ദ്രത ചതുരശ്ര കി.മീറ്ററിന് 493. സാക്ഷരതാ നിരക്ക് 86.96 ആണ്. ഇത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ട അവസ്ഥയിലേക്കാണ് ഈ വസ്തുത

വിരൽ ചൂണ്ടുന്നത്. പട്ടികജാതി/പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ച വിവരങ്ങൾ, തൊഴിലാളികളെ കുറിച്ചുള്ള വിവരങ്ങൾ, വിവിധ പെൻഷൻ പറ്റുന്നവരുടെ വിവരങ്ങൾ എന്നിവ വികസന റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്. ഹിന്ദു, മുസ്ളീം, കൃസ്ത്യൻ എന്നീ മതങ്ങളിൽപെട്ടവരാണ് ജനങ്ങൾ. ഹിന്ദുക്കളാണ് ഭൂരിപക്ഷം. അതു കഴിഞ്ഞാൽ ഇസ്ലാം മതസ്ഥരും. ഏതാനും കൃസ്ത്യൻ കുടുംബങ്ങളുമുണ്ട്.

ഇവിടെ മതസൗഹാർദ്ദവും, ജാതി സൗഹാർദ്ദവും പുലരുന്നു. ഇന്നത്തെ തലമുറക്ക് തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും അറിയില്ല. വയസ്സായ ആളുകൾക്കുപോലും മാറ്റം വന്നിരിക്കുന്നു. ജാതി പറഞ്ഞ് പേര് വിളിക്കുന്ന ഏർപ്പാടേ ഇല്ല. കല്യാണം മരണാവസരങ്ങൾ മുതലായ സന്ദർഭങ്ങളിൽ എല്ലാവരും പങ്കെടുക്കുന്നു. ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നു. ഈ സന്ദർഭങ്ങളിൽ ജാതിയില്ല, മതമില്ല. എല്ലാവരും ഒരു പോലെ.

*"മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നു പോലെ"*

ആ ഒരു സ്ഥിതിയിലേക്ക് എല്ലാ രംഗങ്ങളിലും നമ്മുടെ നാടുണരട്ടെ.

# കൃഷിയും ജലസേചനവും

തില്ലങ്കേരി ഗ്രാമപഞ്ചായത്ത് തികച്ചും ഒരു കാർഷിക ഗ്രാമമാണ്. കൊടും വേനലിലും നീരുറവ വറ്റാത്ത, ചരിത്ര പ്രസിദ്ധമായ പുരളിമല തില്ലങ്കേരി, മുഴക്കുന്ന് പഞ്ചായത്തുകളുടെ തെക്കേഅതിരായി കിഴക്കുപടിഞ്ഞാറായി നീണ്ടുകിടക്കുന്നു. പഴയകാലത്ത് കൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകളുമായിരുന്നു മുഖ്യജീവിതോപാധികൾ.

മുഖ്യ കൃഷി നെല്ല്, തെങ്ങ്, കശുമാവ്, കവുങ്ങ്, റബ്ബർ. ഇടവിളയായി വാഴ, കപ്പ(മരച്ചീനി), പയറുവർഗ്ഗങ്ങൾ സുഗന്ധ വ്യഞ്ജനങ്ങളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയും വ്യാപകമായല്ലെങ്കിലും കൃഷിചെയ്തുവരുന്നു.

സമുദ്രതീരത്തുനിന്ന് 35 കി.മീറ്ററോളം വടക്ക്കിഴക്ക് മാറി സ്ഥിതിചെയ്യുന്ന ഈ ഗ്രാമം വിസ്തൃതമായ സമതലഭൂമിയല്ല. കുന്നുകളും, ചെരിവുകളും, വയലുകളും, സമതലങ്ങളും ഉൾപ്പെട്ടതാണ് ഈ ഗ്രാമ വിസ്തൃതി. പുരളിമലയിൽനിന്ന് ഉത്ഭവിച്ച് കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്ന വലിയ തോടും, ചെറുതോടുകളുമാണ് ഈ പഞ്ചായത്തിൻെറ പ്രധാന ജലസ്രോതസ്സുകൾ. ഇവ കീഴൂർ-ചാവശ്ശേരി പഞ്ചായത്തിലേക്ക് ഒഴുകുന്നു.

ഭൂരിഭാഗം ഭൂവുടമകളും ഒരുഹെക്ടറിൽ താഴെ മാത്രം ഭൂമിയുള്ളവരാണ്.

പട്ടിക 1

| ക്രമനമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1ഹെക്ടറിൽ താഴെ | 3171 |
| 2 | 1ഹെക്ടറിനും 2ഹെക്ടറിനുംഇടയിൽ | 933 |
| 3 | 2 ഹെക്ടറിന് മുകളിൽ | 443 |

അവലംബം - വില്ലേജ് ഓഫീസ് രജിസ്റ്റർ

പണ്ടുകാലത്ത് ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് അന്ന് കൃഷിചെയ്തിരുന്നത്. തോടുകളിൽ "ചേണു"കെട്ടി വെള്ളം തിരിച്ചുവിട്ടും

കൃഷിചെയ്തിരുന്നു. മുമ്പ് കൃഷിഭൂമിയുടെ ഉടമസ്ഥർ ജൻമിമാരായിരുന്നു. എന്നാൽ വൻകിട ഭൂവുടമകൾ ആയ ജൻമിമാർ ഈഗ്രാമത്തിലില്ലായിരുന്നു. പടിഞ്ഞാറ്റയില്ലം, ആലക്കാട്ട് ഇല്ലം, കുറുമ്പക്കലിടം, ചെമ്പുംകീഴിടം, മാവിലപുത്തൻവീട് തുടങ്ങിയ ഭൂവുടമകളെ കൂടാതെ കോട്ടയം രാജകുടുംബത്തിന്റെ ഭൂമിയും ഉണ്ടായിരുന്നു.

ആകെ ഭൂമിയുടെ 19% നെൽകൃഷിയായിരുന്നു. അന്ന് കയമ, കുറുംകയമ, കൊത്തമ്പാരിക്കയമ, പൊന്നാര്യൻ, തവളക്കണ്ണൻ, ചെന്നെല്ല്, ജീരകശാല, ഓക്കത്തൊണ്ണൂറാൻ, കുഞ്ഞിനെല്ല്, ജമാൽ, മുണ്ടോൻ തുടങ്ങിയ വിത്തുകൾ ഒന്നാം വിളക്കും ചിറ്റേനി, ചീര, വെള്ളരി, അരിക്കിലായി തുടങ്ങിയ വിത്തുകൾ രണ്ടാം വിളക്കും കൃഷി ചെയ്തിരുന്നു. ഇന്ന് സങ്കരയിനം വിത്തുകളാണ് വ്യാപകമായി കൃഷി ചെയ്യുന്നത്. (ജയ, ജ്യോതി, കാർത്തിക, ത്രിവേണി, എ.പി.I മസൂരി തുടങ്ങിയവ.) ജൈവ വളങ്ങൾ മാത്രം കൃഷിക്കുപയോഗിച്ചിരുന്ന സ്ഥാനത്ത് ഇന്ന് രാസവളങ്ങളും, കീടനാശിനികളും കൂടി ഉപയോഗിക്കുന്നു. കീടങ്ങളെ അകറ്റാൻ പല നാടൻ രീതികളും മുമ്പുണ്ടായിരുന്നു. ഇന്ന് ആ രീതി പലരും ഉപേക്ഷിച്ച് കാണുന്നു. മുൻകാലത്ത് പറമ്പുകളിലും, കാടുവെട്ടിത്തെളിയിച്ച് കരിച്ചെടുത്ത സ്ഥലത്തും പുനംകൃഷി ധാരാളമായി ഉണ്ടായിരുന്നു. ഇന്ന് അത് തീരെയില്ലാതായി. ആ സ്ഥലങ്ങളെല്ലാം ഇപ്പോൾ നാണ്യവിളത്തോട്ടങ്ങളാണ്. വയലുകളിൽ മൂപ്പൂനിലങ്ങൾ വരെ നികത്തി നാണ്യവിളകൃഷിക്കും, വീടുനിർമ്മാണത്തിനും വിനിയോഗിച്ച് തുടങ്ങിയതുകൊണ്ട് കൃഷിസ്ഥലം മുമ്പത്തേതിൽ നിന്ന് 6% മായി കുറഞ്ഞിരിക്കയാണ്. പാടങ്ങളിൽ ഇടവിളയായി കപ്പ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷിചെയ്യാറുണ്ടെങ്കിലും നെൽകൃഷി നിർത്തിവെച്ച് നേന്ത്രവാഴ കൃഷിയിലേക്ക് ശ്രദ്ധ തിരിച്ചുവിട്ട കൃഷിക്കാർ ധാരാളം ഉണ്ട്. തോടുകളിൽ മണ്ണൊലിപ്പ് തടയാനും വെള്ളപ്പൊക്കം നിയന്ത്രിക്കാനും വേണ്ടി മുമ്പ് കൈത നട്ടുപിടിപ്പിക്കാറുണ്ടായിരുന്നു. എന്നിരുന്നാലും കഠിനമഴയത്ത് പുരളിമലയിൽ നിന്നും കുത്തിയൊലിച്ചു വരുന്ന മലവെള്ളപ്പാച്ചിലിൽ തോടുകൾ കരകവിഞ്ഞൊഴുകി കൃഷി നശിച്ചുപോകുന്ന അവസ്ഥ ഇന്നും കർഷകർക്ക് ഒരു തീരാശാപമായി അവശേഷിക്കുന്നു. ആയതിന് പരിഹാരമെന്നോണം തോട് വീതികൂട്ടി ഇരുകരകളും കൽഭിത്തികെട്ടി, മണ്ണൊലിപ്പ് തടയാൻ തടയണകൾ നിർമ്മിക്കുകയും, ജലസേചനത്തിന് ക്രോസ് ബാറുകളും ഓവുചാലുകളും നിർമ്മിക്കുകയും ചെയ്യണം.

തെങ്ങ്, കവുങ്ങ്, കശുമാവ്, റബ്ബർ തുടങ്ങിയ കൃഷിയോട് മുൻകാലത്ത് കൃഷിക്കാർക്ക് ആഭിമുഖ്യം കുറവായിരുന്നു. ഭൂമിയിൽ സ്ഥിരാവകാശം ഇല്ലാത്തതിനാലായിരിക്കാം ഇത്തരം ദീർഘകാല വിളകളിൽ അന്ന് കർഷകർ ശ്രദ്ധ പതിപ്പിക്കാതിരുന്നത്. സ്ഥിരാവകാശം ഉറപ്പായതോടുകൂടി സ്ഥിതി മാറി എന്ന് പറയാം. നെൽകൃഷി ഉപേക്ഷിച്ചും ഇത്തരം കൃഷിയിലാണ് ഇന്ന് കർഷകർക്ക് ശ്രദ്ധ കൂടുതൽ. മാത്രവുമല്ല നെൽകൃഷിയെ അപേക്ഷിച്ച് ഈ ദീർഘകാലവിളകൾ കൂടുതൽ ആദായകരവുമാണ്. ഒരു കൊല്ലം പരിചരണം അൽപം കുറഞ്ഞുപോയാൽ വിളവ് അൽപം കുറഞ്ഞെന്ന് വരാമെങ്കിലും പ്രതീക്ഷയ്ക്ക് കാര്യമായ മങ്ങലേൽക്കുന്നില്ല. നെൽകൃഷിക്ക് ഭാരിച്ചചെലവും അതിനനുസരിച്ച ആദായക്കുറവുമാണ് ഇന്നുള്ളത്. ഇത് മാറ്റിയെടുക്കാൻ എന്ത് തീവ്രയജ്ഞ പരിപാടി നടത്തിയാലും അധികമാവുകയില്ല.

ഭക്ഷ്യോൽപാദന രംഗത്ത് കുറവ് വരാൻ പ്രധാന കാരണം നെൽകൃഷി ലാഭകരമല്ലാത്തത് തന്നെയാണ്. അതുകൊണ്ട് പാടങ്ങൾ നികത്തി വരുമാനം കൂടുതൽ ഉണ്ടാവുന്ന മറ്റു കൃഷിയിലേക്ക് തിരിയാൻ കർഷകൻ നിർബന്ധിതനാവുന്നു. വയൽ നികത്തി പാർപ്പിടം നിർമ്മിക്കുന്ന പ്രവണത അടുത്തകാലത്തായി കണ്ടുവരുന്നു. ഇതിനുള്ള പരിഹാരം ഉൾപ്രദേശങ്ങളിലേക്ക് ഗതാഗത യോഗ്യമായ

റോഡും വൈദ്യുതിയും മറ്റ് ജീവിത സൗകര്യങ്ങളും എത്തിക്കുകയാണ്. ഇതിന് ഗ്രാമ പഞ്ചായത്ത് പ്രാധാന്യം കൽപ്പിച്ച് നടപടി സ്വീകരിക്കണം.

വഞ്ഞേരി, കണ്ണിരിട്ടി, ആലയാട്, പൂന്തലോട്, ചാതോറ, പള്ള്യം, തെക്കൻപൊയിൽ ഭാഗങ്ങളിലെ ഒന്നാന്തരം മുപ്പൂനിലങ്ങൾകൂടി ഇന്ന് പറമ്പുകളായി മാറിക്കൊണ്ടിരിക്കയാണ്. തക്കസമയത്തെ ജലസേചനത്തിനുള്ള അസൗകര്യവും നെൽകൃഷിയെ തളർത്തുന്നുണ്ട്. നാട്ടിൽ പണിതിട്ടുള്ള ബണ്ടുകൾ തന്നെ അധികൃതരുടെ അശ്രദ്ധ കൊണ്ട് നശിച്ചുകൊണ്ടിരിക്കയാണ്. ഉദാ: ഇല്ലംതാഴെ ബണ്ട്, പൂതാറബണ്ട്, കമ്മുക്കതാഴെബണ്ട്. ഈ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള ബണ്ടിന് ഒന്നിനും ഓവുചാലുകൾ നിർമ്മിച്ചിട്ടേയില്ല. ഇത് പദ്ധതി നിർവ്വഹണത്തിലെ നോട്ടക്കുറവല്ലേ കാണിക്കുന്നത്?

പട്ടിക 2- ഭൂപ്രകൃതി

| നമ്പർ | ഭൂപ്രകൃതി | വിസ്തൃതി(ഏക്കറിൽ) | ശതമാനം |
|---|---|---|---|
| 1 | കുന്ന് | 1238 | 18 |
| 2 | താഴ്‌വര | 2748.73 | 45.3 |
| 3 | സമതലം | 327 | 6 |
| 4 | ചെരിവ് പ്രദേശം | 1866 | 30 |
| 5 | തോട് | 44 | 0.7 |

അവലംബം - വില്ലേജ് ഓഫീസ് രജിസ്റ്റർ

**ഭൂവിനിയോഗം :**

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 6193.77 ഏക്രയാണ്. ഇത് കുന്നിൻ പ്രദേശം, താഴ്‌വര, സമതലം, ചരിവ് പ്രദേശം, തോട്, എന്നിങ്ങനെ വേർതിരിക്കാം.

**പട്ടിക 3**

| ഭൂവിനിയോഗം | | | |
|---|---|---|---|
| ക്രമനമ്പർ | ഭൂവിനിയോഗം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
| 1 | മിശ്രവിളകൾ | 1448.09 | 59.63 |
| 2 | മിശ്രിതമരങ്ങൾ | 20 | .003 |
| 3 | റബ്ബർ | 189 | 7.6 |
| 4 | നെല്ല് | 130.8 | 6 |
| 5 | തരിശ് | 443 | 17 |
| 6 | തോട്, കുളം | 17.6 | .007 |
| 7 | കൃഷിക്കനുയോജ്യമായ ഭൂമി | 243 | 9.76 |

അവലംബം - വില്ലേജ് ഓഫീസ് രജിസ്റ്റർ

വർദ്ധിച്ചുവരുന്ന രാസവളപ്രയോഗംമൂലം മണ്ണിൻെറ ജൈവാംശം നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണെന്ന് കണക്കുകളിലും അനുഭവത്തിലും കാണുന്നു. രാസവളത്തിൻെറ അമിതമായ ഉപയോഗം കുറക്കുകയും ജൈവവളത്തിൻെറ പ്രയോഗം പ്രചരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ആയതിന് വേണ്ടത്ര പച്ചിലകൾ ലഭിക്കാത്തത് ഒരു കാരണമായി പറയാമെങ്കിലും കമ്പോസ്റ്റ് വളനിർമ്മാണം പ്രചരിപ്പിച്ചും പച്ചിലച്ചെടികൾ നട്ടുവളർത്തിയും ആയത് പരിഹരിക്കാൻ കഴിയും.

**നെൽകൃഷി :**

നെൽകൃഷിയുടെ ഉൽപാദനക്ഷമത നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1650 മുതൽ 2000കി.ഗ്രാം, സങ്കരയിനങ്ങൾക്ക് 2800 - 3000 കി.ഗ്രാമുമാണ്. കൃഷിഭവനിലൂടെ കഴിഞ്ഞവർഷം ജയ, ജ്യോതി, മസൂരി എന്നീ സങ്കരയിനം വിത്തുകൾ വിതരണം ചെയ്തിരുന്നു.

പട്ടിക- 4

| വിളവിസ്തീർണ്ണം | | |
|---|---|---|
| ക്രമനമ്പർ | വിള | വിസ്തീർണ്ണം(ഹെക്ടറിൽ) |
| 1 | നെല്ല് (ഒന്നാം വിള) | 98 |
| 2 | നെല്ല് (രണ്ടാം വിള) | 80 |
| 3 | നെല്ല് (മൂന്നാം വിള) | 20 |

അവലംബം - കൃഷിഭവൻ

പട്ടിക .5

| ഇടവിളകൾ | | |
|---|---|---|
| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
| 1 | പയർ | 31 |
| 2 | എള്ള് | 2.2 |
| 3 | പച്ചക്കറികൾ | 25 |
| 4 | വാഴ | 92 |
| 5 | മരച്ചീനി | 117 |
| 6 | കൈതച്ചക്ക | 50 |
| 7 | ജാതിക്ക | 0.5 |
| 8 | ഇഞ്ചി | 8 |
| 9 | മഞ്ഞൾ | 2 |

അവലംബം - കൃഷിഭവൻ

തെങ്ങുകൃഷിയും ഈ പഞ്ചായത്തിൽ പ്രധാനമാണ്. തെങ്ങിന് വാർഷികോൽപാദനക്ഷമത ശരാശരി 32 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും ജില്ലയുടെ ശരാശരി 40 ആണെന്ന് കാണുന്നു. വയലോരങ്ങളിലും പുരളിമലയുടെ ചില പ്രദേശങ്ങളിലുമുള്ള തെങ്ങുകളിൽ ശരാശരി ഉൽപാദനം വർദ്ധിച്ചതായും കാണുന്നു. വിത്ത് തിരഞ്ഞെടുക്കുന്നതിലുള്ള അവ്യക്തത, ജലദൗർലഭ്യം, വളപ്രയോഗത്തിലുള്ള അറിവില്ലായ്മ തുടങ്ങിയതൊക്കെ തെങ്ങുകൃഷിയുടെ പ്രശ്നങ്ങളിൽപ്പെടുന്നു. ഒരേക്കറിൽ 90 തെങ്ങുകളാണ് നിലവിലുള്ളത്. നെൽകൃഷിയേക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോട് കൂടിയാണ് തെങ്ങ് കൃഷിചെയ്യുന്നത്.

**വളത്തിൻെറ ഉപയോഗം :**

സഹകരണമേഖലയിലും, സ്വകാര്യമേഖലയിലുമുള്ള വളം ഡിപ്പോകളിൽ നിന്ന് കർഷകർക്ക് വളം ലഭിക്കുന്നു. കൃഷിക്ക് രാസവളങ്ങളാണ് കൂടുതലായി ഉപയോഗിക്കുന്നത്. ഇത്

ശാസ്ത്രീയമായ രീതിയിലല്ല ചെയ്യുന്നത്. കൃഷിച്ചെലവിൻെറ അനാവശ്യമായ വർദ്ധനയ്ക്ക് ഇത് കാരണമാവുന്നു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടില്ല. ജൈവവളങ്ങൾ വിരളമായേ ഉപയോഗിക്കുന്നുള്ളൂ. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതാണ് ഇതിന് മുഖ്യകാരണം. പഞ്ചായത്തിൻെറ സമഗ്ര മണ്ണ് പര്യവേഷണം (Detailed Soil Survey) നടത്തണം. കൂടാതെ നീർമറി പദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കണം. കൃഷിഭവൻെറ സഹായനിർദ്ദേശത്തോടേയും, അല്ലാതെയും പഞ്ചായത്തിലുപയോഗിച്ച വളത്തിൻെറ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക - 6

| രാസവളം കീടനാശിനി വിപണനം. | | | | | | | | |
|---|---|---|---|---|---|---|---|---|
| 93-94 | | | 94-95 | | | 95-96 | | |
| രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | ഖരം | ദ്രവം | | ഖരം | ദ്രവം | | ഖരം | ദ്രവം |
| 102.6 ടൺ | 46 kg | 55.9 ലി | 106.3 | 40.11kg | 154 ലി | 122.25 ടൺ | 65.95 kg | 72 ലി |

അവലംബം - കൃഷിഭവൻ

വാഴ, നെല്ല്, പച്ചക്കറികൾ എന്നീ വിളകൾക്കാണ് കീടനാശിനി പ്രധാനമായും ഉപയോഗിച്ചു വരുന്നത്. കീടനാശിനി ഉപയോഗിക്കേണ്ട രീതിയോ മുൻകരുതലുകളോ സ്വീകരിച്ചു കാണുന്നില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്. ഈ മേഖലയിൽ ജൈവ കീടനാശിനിക ളുടെ പ്രയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തണം.

**കാർഷികോപകരണങ്ങൾ :**

ഒരു ടില്ലർ, മൂന്ന് പവർ സ്പ്രേയർ ഒരു മെതിയന്ത്രം എന്നീ കാർഷികോപകരണങ്ങളും അഞ്ച് തെങ്ങുകയറ്റയന്ത്രങ്ങളും 37 റോക്കർ സ്പ്രേയറും ഈ പഞ്ചായത്തിൽ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 10 ജോഡി ഉഴവ് കാളകളും പഞ്ചായത്തിലുണ്ട്. ഇതിന് പുറമെ വ്യക്തികൾ സ്വന്തമായി വിലക്ക് വാങ്ങിയ 42 റോക്കർ സ്പ്രേയറും 72 കുറ്റിപമ്പും ഉപയോഗത്തിലുണ്ട്.

**പാടശേഖര സമിതി :**

കൃഷിഭവൻെറ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ച് സംഘടിപ്പിക്കപ്പെട്ട 9 പാടശേഖരസമിതികൾ നിലവിലുണ്ടെങ്കിലും ഒന്നിൻേറയും പ്രവർത്തനം കാര്യക്ഷമമല്ല.

**കൂലിനിരക്ക് :**

കാർഷിക കുടുംബങ്ങളിൽ നിന്ന് 1257 കർഷകത്തൊഴിലാളികൾ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഈ മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ വിരളമാണെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. കൃഷിയോടുള്ള ആഭിമുഖ്യക്കുറവും അഭ്യസ്തവിദ്യരുടെ വികലധാരണകളുമാണ് പ്രധാനകാരണം. കർഷകത്തൊഴിലാളികളുടെ ശരാശരികൂലി പുരുഷന് 80/-കയും സ്ത്രീക്ക് 50/-കയുമാണ് നടപ്പിലുള്ളത്. എന്നിരുന്നാലും പഞ്ചായത്തിൽ ഒരു ഏകീകൃതകൂലി ഇന്നില്ല.

**കാർഷിക വായ്പ :**

കാർഷികാവശ്യങ്ങൾക്കെടുക്കുന്ന വായ്പകളിൽ ഭൂരിഭാഗവും കാർഷികേതരാവശ്യങ്ങൾക്കാണ് ഉപയോഗിച്ചുകാണുന്നത്. തില്ലങ്കേരി സർവ്വീസ് സഹകരണബേങ്ക്, ഗ്രാമീൺ ബാങ്ക്, കാർഷികവികസന

പട്ടിക - 7

| പാടശേഖരസമിതിയും വിളക്രമങ്ങളും | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
| 1 | പള്ള്യം | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |
| 2 | കരഞ്ഞാൽ | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |
| 3 | മുണ്ടോത്തിൽ | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |
| 4 | പുഞ്ചവയൽ | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |
| 5 | കുണ്ടേരിഞ്ഞാൽ | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ |
| 6 | ആലയാട് | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |
| 7 | കണ്ണിരിട്ടി | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചകറി |
| 8 | വഞ്ഞേരി | നെല്ല്<br>വാഴ | നെല്ല്<br>വാഴ | വാഴ<br>പച്ചക്കറി |
| 9 | വേങ്ങരച്ചാൽ | നെല്ല്<br>വാഴ | നെല്ല്<br>വാഴ | നെല്ല്<br>വാഴ<br>പച്ചക്കറി |

**അവലംബം - കൃഷിഭവൻ**

ബേങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് നിലവിൽ കാർഷികവായ്പകൾ ലഭ്യമാകുന്നത്.

പട്ടിക - 8

| ബാങ്ക് വായ്പ സംബന്ധിച്ച വിവരങ്ങൾ (95 - 96) | | |
|---|---|---|
| ക്രമനമ്പർ | ബാങ്കിന്റെ പേര് | കാർഷിക വായ്പ |
| 1 | സർവ്വീസ് സഹകരണ ബേങ്ക് തില്ലങ്കേരി | 17,00,000 |
| 2 | തലശ്ശേരി കാർഷിക വികസനബേങ്ക്, ഇരിട്ടി | 12,24,000 |
| 3 | നോർത്ത് മലബാർ ഗ്രാമീണബേങ്ക്, തില്ലങ്കേരി | 43,91,000 |

പട്ടിക - 9

| RAIN FALL AND TEMPERATURE DATA | | | |
|---|---|---|---|
| Month<br>Year | Rainfall | Temperature (in $^oC$) | |
| | | Maximum | Minimum |
| January, 1995 | _ | 37.5 | 18.0 |
| February, 1995 | _ | 37.5 | 20.0 |
| March, 1995 | _ | 39.0 | 24.0 |
| April, 1995 | 152.50 | 39.5 | 20.5 |
| May, 1995 | 528.90 | 36.0 | 21.0 |
| June, 1995 | 505.30 | 34.0 | 24.0 |
| July, 1995 | 10,36.20 | 31.0 | 15.0 |
| August, 1995 | 9,89.90 | 30.5 | 14.5 |
| September, 1995 | 6,17.00 | 35.0 | 20.0 |
| October, 1995 | 3,25.60 | 35.0 | 23.0 |
| November, 1995 | 2,63.40 | 34.5 | 24.0 |
| December, 1995 | _ | 34.5 | 20.5 |
| January, 1996 | _ | 35.5 | 18.0 |
| February, 1996 | _ | 37.0 | 18.0 |
| March, 1996 | _ | 45.0 | 20.0 |
| April, 1996 | 2,08.10 | 36.0 | 24.0 |
| May, 1996 | 95.30 | 36.5 | 23.0 |
| June, 1996 | 9,50.30 | 37.5 | 22.5 |
| July, 1996 | 11,36.40 | 33.0 | 22.5 |
| August, 1996 | 8,70.90 | 32.0 | 22.0 |
| September, 1996 | 4, 39.50 | 35.0 | 23.0 |
| October, 1996 | 53,2.30 | 35.0 | 23.0 |

അവലംബം - സെൻട്രൽ സ്റ്റയിറ്റ് ഫാം. ആറളം

**ജലസേചനം:**

പ്രധാനമായും മഴയെ ആശ്രയിച്ചുമാത്രമാണ് കൃഷിചെയ്യുന്നത്. വടക്കുപടിഞ്ഞാറൻ കാലവർഷം ജൂൺ മുതൽ ആഗസ്ത് വരെയും തെക്ക് കിഴക്കൻ കാലവർഷം സപ്തംബർ, ഒക്ടോബർ മാസവും ലഭിക്കുന്നു.

**ജലവുമായി ബന്ധപ്പെട്ട ആസ്തികൾ :**

പഞ്ചായത്തിൽ ഏകദേശം 18 കി.മീറ്റർ നീളത്തിൽ തോടും സ്വകാര്യവ്യക്തികളുടേതായി 18 ഓളം കുളങ്ങളും ഉണ്ട്. കൂടാതെ 7 കുഴൽ കിണറുകളുമുണ്ട്. 5 ചെക്ക്ഡാമുകളുണ്ടെങ്കിലും മിക്കതും പ്രവർത്തനക്ഷമമല്ല.

**കൃഷിഭവൻ :**

1972 - മുതൽ 1980 വരെ പഴശ്ശി 'ഏലാ'യുടെയും 1980 മുതൽ 1987 വരെ മട്ടന്നൂർ കൃഷിവികസന യൂനിറ്റിൻെറയും ഭാഗമായിരുന്ന തില്ലങ്കേരി പഞ്ചായത്തിൽ കൃഷിഭവൻ രൂപീകൃതമായത് 1987

സപ്തംബർ ഒന്നിനാണ്. 1987 – ലെ കണക്കനുസരിച്ച് 800–1200 വരെ വീടുകൾക്ക് ഒരു അസിസ്റ്റൻഡ് എന്ന മാനദണ്ഡത്തിൽ രണ്ട് കൃഷി അസിസ്റ്റൻഡുമാരേയും ഒരു കൃഷി ഓഫീസറേയും നിയമിച്ചു. കർഷകകുടുംബങ്ങൾ വർദ്ധിക്കുകയും പല പദ്ധതികളും നടപ്പിലാക്കുകയും ചെയ്തുവെങ്കിലുംകൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. 36 ച. മീറ്റർ വിസ്തൃതിയുള്ള സ്വകാര്യവ്യക്തിയുടെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃഷിഭവനിൽ വിത്ത്, വളം, കീടനാശിനികൾ മുതലായവ സൂക്ഷിക്കാനുള്ള സ്ഥലം പരിമിതമാണ്. അതിനാൽ കൃഷിഭവന് സ്വന്തമായി കെട്ടിടം പണിയേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ :-**

ഉൽപാദനച്ചെലവിൽ വന്ന വർദ്ധനവ്, കർഷകത്തൊഴിലാളികളുടെ കുറവ്, ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കായ്ക, കാലവർഷവ്യതിയാനം, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ്, നെൽവയലുകൾ മറ്റ് നാണ്യവിളകൾ ചെയ്യാൻ ഉപയോഗിക്കൽ, ജലദൗർലഭ്യം, അശാസ്ത്രീയ കൃഷിരീതി എന്നിവ നെൽകൃഷിയുടെ വിസ്തൃതിയും ഉൽപാദനവും കുറയുന്നതിന് കാരണമായിട്ടുണ്ട്. മുഖ്യനാണ്യവിള കൃഷി കശുമാവാണ്.ശരിയായ പരിചരണമില്ലാത്തതിനാലും ഉൽപാദനക്ഷമത കുറഞ്ഞ പഴയ വൃക്ഷങ്ങളായതുകൊണ്ടും കീടരോഗ പ്രതിരോധ നടപടികൾ സ്വീകരിക്കാത്തതുകൊണ്ടും ഉൽപാദനം പരിമിതമാണ്. കശുമാവ് തോട്ടങ്ങൾ ഏകദേശം 25%ത്തോളം വെട്ടിമാറ്റി റബ്ബർ കൃഷി ചെയ്തിട്ടുണ്ട്.

ചില ഭാഗങ്ങളിൽ തെങ്ങിന് മെച്ചപ്പെട്ട കായ്ഫലം കിട്ടുന്നുണ്ട് എങ്കിലും ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല. ജലസേചനം നാമമാത്രമാണ്. വയൽ നികത്തിയ തെങ്ങിൻതോപ്പുകളിലെ നീർക്കെട്ട്, കാറ്റുവീഴ്ച, കൂമ്പുചീയൽ, നാളികേരത്തിൻെറ വിലക്കുറവ്, നല്ലയിനം തൈകൾ ലഭിക്കായ്ക മുതലായവ തേങ്ങ ഉൽപാദനത്തെ സാരമായി ബാധിച്ച ഘടകങ്ങളാണ്.

അശാസ്ത്രീയ വളപ്രയോഗം, ഉൽപാദനക്ഷമത കുറയാനുള്ള ഒരു കാരണമാണ്. യഥാസമയം കിളച്ച് വരമ്പുകളിടാത്തതും 16% ത്തോളം വരുന്ന തെങ്ങിൻ തോപ്പിൻെറ കിടപ്പും മണ്ണൊലിപ്പിന് കാരണമാവുന്നു. കൃഷിക്കനുയോജ്യമായ തരിശുഭൂമികളുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. മുൻകാലങ്ങളിൽ ധാരാളമായി കൃഷിചെയ്തുവന്നിരുന്ന വേനൽകാല പച്ചക്കറികൾ ഇപ്പോൾ നാമമാത്രമായേ കൃഷിചെയ്യുന്നുള്ളൂ. ജൈവവളങ്ങൾ, നല്ലയിനം വിത്തുകൾ എന്നിവയുടെ ദൗർലഭ്യവും ഉൽപന്നങ്ങളുടെ വിലക്കുറവുമാണ് ഇതിന് പ്രധാനകാരണം. നെൽപാടങ്ങളിൽ ഇടവിളയായി കൃഷിചെയ്തു വരുന്ന നേന്ത്രവാഴയ്ക്ക് വ്യാപകമായ രോഗങ്ങളും, കീടങ്ങളും, പ്രകൃതിക്ഷോഭങ്ങളും കനത്ത നഷ്ടം വരുത്തുന്നു.

പ്രധാനമായും നെൽകൃഷിക്ക് മുഞ്ഞ, ഇലപ്പുള്ളി, വെള്ളിക്കുല, ഇലചുരുട്ടി എന്നിവയും തെങ്ങിന് കൂമ്പുചീയൽ, കാറ്റുവീഴ്ച, ഇലപ്പുള്ളി എന്നീ രോഗങ്ങളും കണ്ടുവരുന്നു. കുരുമുളകിന് ദ്രുതവാട്ടം, കവുങ്ങിന് മഞ്ഞപ്പട്ട, മഹാളി, കശുമാവിന് തടിതുരപ്പൻപുഴു, തേയിലക്കൊതുക് മുതലായവയാണ് കണ്ടുവരുന്ന രോഗങ്ങളും കീടങ്ങളും.

സംഘകൃഷി കുറ്റമറ്റതാക്കിയാൽ ആധുനിക കൃഷിഉപകരണങ്ങളുടെ ഉപയോഗം സാധ്യമാക്കുവാൻ കഴിയും. കൃഷിഭവൻെറ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലും എത്താത്തത് ഒരു പോരായ്മയായി നിലനിൽക്കുന്നു. ആവശ്യമനുസരിച്ചുള്ള സങ്കരയിനം വിത്തുകളുടെ ലഭ്യതക്കുറവ്, വിദഗ്ദോപദേശം, ഗവൺമെൻറ് ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത മുതലായവ കൃഷിയുടെ പുരോഗതി തടസ്സപ്പെടുത്തുന്നു.

**നിർദ്ദേശങ്ങൾ :-**

ഇപ്പോൾ ഒന്നും രണ്ടും വിളവെടുക്കുന്ന നെൽപ്പാടങ്ങളിൽ മൂന്നാംവിള കൂടി കൃഷിചെയ്യുന്നതിന് വെള്ളം ലഭ്യമാക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ്ബാറും ഓവുചാലും നിർമ്മിക്കേണ്ടതാണ്.

1. മുക്കുണ്ട് ബണ്ടിൻെറ പുനർനിർമ്മാണം.
2. ഇല്ലം താഴെ അണക്കെട്ട് പുതുക്കി പണിയൽ.
3. ഉരുപ്പ്കാട് ബണ്ടിൻെറ പണിപൂർത്തിയാക്കൽ.
4. വാഴക്കാലിൽ ഒരു പാത്തിപ്പാലം (handed cross bar)നിർമ്മിക്കൽ.
5. കുഞ്ഞും വീട്ടിൽ താഴെ ബണ്ട് നിർമ്മാണം.
6. പൂതാറ ബണ്ട് പുനർനിർമ്മാണം
7. വഞ്ഞേരി തോട്, ചേമ്പിലക്കണ്ടം, മണലാടി താഴെ, കാഞ്ഞിരാട്, ഉഴക്കത്താർകരി എന്നി വിടങ്ങളിൽ തോടിന് ബണ്ട് നിർമ്മിക്കുക.
8. പോതിക്കുണ്ട് ബണ്ട് പുതുക്കിപണിയുക.
9. മുണ്ടോൻവയൽ, ചന്ത്രോത്ത് വയൽ എന്നീ തോടുകൾക്ക് ബണ്ട് നിർമ്മിക്കുക.

മഴക്കാലത്ത് അധികമായി ഒഴുകുന്ന വെള്ളംമൂലമുണ്ടാകുന്ന കൃഷിനാശവും മണ്ണൊലിപ്പും തടയുന്നതിന് താഴെ പറയുന്ന പ്രവൃത്തികൾ ചെയ്യേണ്ടതാണ്. വേങ്ങരച്ചാൽ ബണ്ട് മുതൽ രണ്ട്തോട് മുക്ക് വരെയും, പൂതാറ ബണ്ട് മുതൽ വേങ്ങരച്ചാൽ ബണ്ട് വരെയും മാമ്പറം ആണിത്തോടിൻെറയും കുണ്ടേരിഞാൽ തൊട്ട് ആനക്കുഴിപ്പാലം വരെയും, തെക്കംപൊയിൽ തോടിൻെറയും മുണ്ടോംവയൽ മുതൽ കുണ്ടേരിഞാൽ വരെയുള്ള തോടിൻെറയും ചാതോറ അണക്കെട്ട് മുതൽ ഒഴകത്താർ വരെയും ഇരുവശവും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക. ജലസംഭരണത്തിന് തടയണയും നിർമ്മിക്കണം.

താഴെപറയുന്ന സ്ഥലങ്ങളിൽ കുളം, ഓവ്ചാൽ (കൈത്തോട്) എന്നിവ നിർമ്മിച്ച് പമ്പ്സെറ്റ് ഉപയോഗിച്ച് ജലസേചനസൗകര്യമുണ്ടാക്കേണ്ടതാണ്.

കോട്ടക്കുളം, കൊല്ലറ്ക്കുണ്ട്, ആറണ്ടോത്ത്, വണ്ണാൻപറമ്പ് കുളം, കാർക്കോട്കുളം, മീത്തലെ കരിക്കുളം എന്നിവ പുനർനിർമ്മാണം നടത്തുക. കൂടാതെ മുണ്ടോംവയൽ, വെമ്പിലാട്, പെരിങ്ങാനം, കുണ്ടേരിഞാൽ, കാഞ്ഞിരാട്, കുണ്ടാക്കിൽ, തലച്ചങ്ങാട്, വഞ്ഞേരി എന്നീ സ്ഥലങ്ങളിൽ പുതിയ കുളം നിർമ്മിക്കുകയും ചെയ്യുക. ആവശ്യമെന്ന് തോന്നുന്ന സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷനും ഗ്രൂപ്പ് ഇറിഗേഷനും നടപ്പിലാക്കേണ്ടതാണ്.

മുഖ്യവിളയായ നെല്ലിനും, തെങ്ങിനും, കുരുമുളകിനും നിലവിലുള്ള സമിതികളെ പുനരുദ്ധരിപ്പിച്ച് പ്രവർത്തനക്ഷമമാക്കണം. പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിലോ, പഞ്ചായത്തിൻെറ മേൽനോട്ടത്തിലോ തരിശ്ശായി കിടക്കുന്ന നെൽവയലുകൾ ഏറ്റെടുത്ത് പച്ചക്കറി കൃഷി വ്യാപകമാക്കേണ്ടതാണ്. ഇങ്ങനെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സഹകരണാടിസ്ഥാനത്തിൽ ഗ്രാമചന്തകൾ സ്ഥാപിച്ച് വിറ്റഴിക്കാവുന്നതാണ്.

ഉൽപാദനശേഷിയുള്ള വിത്തിനങ്ങൾ, നെല്ല് - പച്ചക്കറി കർഷകർക്കും, യഥാസമയം ലഭ്യമാക്കുന്നതിന് വേണ്ടി പ്രാദേശികമായി വിത്ത് ഉൽപാദിപ്പിക്കുവാൻ പാടശേഖര സമിതികളെ പ്രോൽസാഹിപ്പിക്കേണ്ടതാണ്. മറ്റ് നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് മിനി നഴ്സറികൾ (ആറണ്ടോത്ത് കുളം പരിസരം ) ഉണ്ടാക്കാവുന്നതാണ്. ഇതിനാവശ്യമായ വിത്തുകൾക്ക് കൃഷി വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിൽ കണ്ടുവരുന്ന ഔഷധസസ്യങ്ങൾ

സംരക്ഷിക്കുകയും, വ്യാപിപ്പിക്കുകയും ചെയ്യേണ്ടതാണ്. നിലവിലുള്ള സ്കൂൾ പച്ചക്കറി കൃഷി പദ്ധതി വികസിപ്പിക്കയും കൃഷിവിദ്യാഭ്യാസം സ്ക്കൂളുകളിൽ പാഠ്യവിഷയമാക്കുകയും ചെയ്യുക. കീടനാശിനി ഉപയോഗത്തെക്കുറിച്ച് കർഷകന് ബോധവൽക്കരണം നടത്തുകയും ജൈവകീടനിയന്ത്രണത്തെക്കുറിച്ച് പഠിപ്പിക്കുകയും ചെയ്താൽ പരിസര മലിനീകരണം ഒരു പരിധി വരെ ഒഴിവാക്കാം. ജൈവവളത്തിന്റെ കുറവ് നികത്താൻ ശീമക്കൊന്ന, ചണമ്പ്, കൊഴിഞ്ഞി, ഡെയ്ഞ്ച എന്നിവയുടെ കൃഷി വ്യാപിപ്പിക്കേണ്ടതാണ്. ഡെയ്ഞ്ച ഒരു നല്ല കാലിതീറ്റയുമാണ്. തീറ്റപ്പുൽകൃഷി വ്യാപകമാക്കി കാലിവളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

കൃഷിയെ സംരക്ഷിക്കുന്നതിന് വിളകൾക്ക് ഗ്രൂപ്പ് ഇൻഷൂറൻസും, വിള ഇൻഷൂറൻസും ഏർപ്പെടുത്താവുന്നതാണ്. കാർഷികവിളകൾക്കാവശ്യമുള്ള വൈദ്യുതി സൗജന്യമായി നൽകാനുള്ള പദ്ധതികളും ഉണ്ടാക്കണം. ജലസേചനത്തിനാവശ്യമായ മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും വേണം.

നെല്ല്, തേങ്ങ, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപണനകേന്ദ്രങ്ങൾ ഉണ്ടാക്കണം. ഇങ്ങനെ ചെയ്താൽ ഇടത്തട്ട്കാരുടെ ഇടപ്പെടൽ ഒഴിവാക്കാവുന്നതാണ്.

ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ലോറി കൾച്ചർ – ആന്തൂറിയം, ഓർക്കിഡ് എന്നിവ നഴ്സറി സമ്പ്രദായത്തിൽ കൃഷിചെയ്യുന്നത് പ്രോൽസാഹിപ്പിക്കാവുന്നതാണ്. ചിലവ് കുറഞ്ഞതും ലാഭകരവുമായ കൂൺകൃഷി വെറ്റില കൃഷി എന്നിവയും പ്രോൽസാഹിപ്പിക്കാവുന്നതാണ്.

ഏകീകൃതകൂലി സമ്പ്രദായം ഏർപ്പെടുത്തുകയും രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകത്തൊഴിലാളികൾ വർഷത്തിൽ 180 പ്രവൃത്തിദിവസമെങ്കിലും കാർഷികവൃത്തി ചെയ്യുന്നുണ്ടെന്ന് ഉറപ്പം വരുത്താൻ ഒരു മോണിറ്ററി സമിതി ഉണ്ടാക്കുകയും വേണം. ഇതിനെല്ലാംപുറമെ കൃഷിഭവന്റെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുകയും, അഗ്രോ ക്ലിനിക്കുകൾ പുനഃസ്ഥാപിക്കുകയും കാർഷികപരിശീലനകേന്ദ്രങ്ങൾ ഉണ്ടാക്കുകയും വേണം.

പുത്തൻ വികസന സംസ്ക്കാരം ഉൾക്കൊള്ളാൻ തില്ലങ്കേരി പഞ്ചായത്തിലെ കർഷകരായ നാം തയ്യാറാകേണ്ടതുണ്ട്.

———X———

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

**കാർ**ഷിക വൃത്തി ഉപജീവനത്തിന് മുഖ്യമാർഗ്ഗമായി സ്വീകരിച്ച ഭൂരിഭാഗം ജനത അധിവസിക്കുന്ന ഒരു പഞ്ചായത്താണ് തില്ലങ്കേരി. കൃഷിക്കാരും അല്ലാത്തവരും സ്വീകരിക്കുന്ന ഒരു ഉപതൊഴിലാണ് മൃഗപരിപാലനം. പശു, ആട്, കോഴി എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ. ഈ പഞ്ചായത്തിൽ കന്നുകാലി വളർത്തലിന് ഏറെ സാധ്യതകളുണ്ട്. തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്കും വീട്ടമ്മമാർക്കും കന്നുകാലിവളർത്തലും കോഴിവളർത്തലും ഒരു വരുമാന മാർഗ്ഗമായി സ്വീകരിക്കാൻ കഴിയും.

1987 ലെ കന്നുകാലി സെൻസസ് പ്രകാരം പഞ്ചായത്തിൽ ഉണ്ടായിരുന്ന കന്നുകാലികളുടെയും വളർത്തുമൃഗങ്ങളുടെയും കണക്ക് പട്ടികയിലൂടെ പരിചയപ്പെടാം.

**പട്ടിക 1**

**വളർത്തുമൃഗങ്ങളും പക്ഷികളും**

| ഇനം | ആൺ | പെൺ | ആകെ |
|---|---|---|---|
| പശു (സങ്കരയിനം) | 77 | 472 | 549 |
| പശു (നാടൻ) | 194 | 2214 | 2408 |
| ആട് | 149 | 710 | 859 |
| പന്നി | 1 | – | 1 |
| പട്ടി | 130 | 158 | 288 |
| കോഴി | 2000 | 4000 | 6000 |

അലലംബം മൃഗാസ്പത്രി

തില്ലങ്കേരി പഞ്ചായത്തിൽ ഒരു പാൽ സംഭരണ വിതരണ കേന്ദ്രം ഇല്ലാത്തതിനാൽ ഉല്പാദിപ്പിക്കപ്പെടുന്ന പാൽ വിപണനം ചെയ്യുന്നതിന് സാധിക്കുന്നില്ല. മറ്റൊരു പ്രശ്നം കാലിത്തീറ്റയുടെ വില വർദ്ധനയും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവുമാണ്.

ഈ പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രി, മുഴുവൻ കർഷകർക്കും സേവനം ലഭ്യമാകുന്ന തരത്തിൽ സൗകര്യപ്രദമായ സ്ഥലത്തല്ല. കൂടാതെ മൃഗഡോക്ടറുടെ സേവനം മുഴുവൻ ദിവസവും

ലഭ്യമാകുന്നുമില്ല. അതുകൊണ്ടുതന്നെ അടിയന്തിര ചികിത്സക്ക് അകലെയുള്ള ഡോക്ടർമാരെ സമീപിക്കേണ്ടി വരുന്നു.

പശുക്കളിൽ ഭൂരിഭാഗവും നാടൻ ഇനമായതിനാൽ പാലുല്പാദനം കുറവാണ്. കന്നുകാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ ദഹന സംബന്ധമായ, ത്വക്‌രോഗങ്ങൾ, ധാതുലവണങ്ങളുടെ അഭാവം, പരാദ രോഗങ്ങൾ വന്ധ്യത എന്നിവയാണ്.

ഗോബർ ഗ്യാസ് പ്ലാന്റിന് സാധ്യതയുണ്ടെങ്കിലും അങ്ങനെയുള്ള സംരംഭങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. അതിന്റെ ഗുണത്തെ കുറിച്ചും സാദ്ധ്യതയെക്കുറിച്ചും കർഷകർ ബോധവാന്മാരല്ല.

മിക്ക വീടുകളിലും പേരിന് കോഴി വളർത്തൽ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിലുള്ള കോഴി വളർത്തലില്ല. മുട്ടക്കും, ഇറച്ചിക്കും മറ്റു പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. അതുകൊണ്ട് മുട്ട ഉല്പാദനം ഇറച്ചിക്കോഴിവളർത്തൽ എന്നിവ ഒരു വരുമാനമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ ഉള്ള തോടുകളും കുളങ്ങളും ഉപയോഗിച്ച് ചെറിയ തോതിൽ താറാവ് വളർത്തലിനും സാധ്യതയുണ്ട്.

വിനോദമായി ചിലർ മുയൽ വളർത്തുന്നുണ്ട്. അല്ലാതെ ഇറച്ചി ആവശ്യത്തിനായി ഇവിടെ മുയൽ വളർത്തൽ ഇല്ല. തൊഴിൽരഹിതരായ യുവതീയുവാക്കൾക്കും വീട്ടമ്മമാർക്കും തൊഴിൽ കണ്ടെത്താൻ മുയൽ വളർത്തൽ ഉപകരിക്കും. ഇതിനെകുറിച്ച് ബോധവൽക്കരണം ആവശ്യമാണ്.

ഈ പഞ്ചായത്തിൽ പന്നിവളർത്തൽ ഇല്ല. പ്രോത്സാഹിപ്പിച്ചാൽ പന്നി വളർത്തലും സാധ്യതയുള്ള ഒരു തൊഴിൽ മേഖലയാണ്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിനോ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നല്കുന്നതിനോ വേണ്ട നടപടികൾ ഇല്ലാത്തതിനാൽ പേപ്പട്ടി ശല്യം വർദ്ധിച്ചു വരികയും വളർത്തു മൃഗങ്ങൾക്ക് ഭീഷണിയാവുകയും ചെയ്യുന്നുണ്ട്.

## *പ്രധാന പ്രശ്നങ്ങൾ*

1. മൃഗാശുപത്രിയുടെ സേവനം പൂർണ്ണമായും ലഭിക്കുന്നില്ല.

2. പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ ഇല്ല.

3. ഗുണമേന്മയുള്ള കാലിത്തീറ്റയുടേയും തീറ്റപ്പുല്ലിന്റേയും ദൗർലഭ്യം.

4. തെരുവു നായ്ക്കളുടെ ശല്യം.

5. പാലിന്റെ വിലക്കുറവ്.

6. ധനസഹായത്തിന്റെ പരിമിതി.

7. പ്രതിരോധ കുത്തിവയ്പുകളുടെ അജ്ഞത.

8. ഗുണമേന്മയുള്ള വളർത്തു മൃഗങ്ങളുടെ ലഭ്യതക്കുറവ്.

9. ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായത്തിന്റെ അഭാവം.

## *സാധ്യതകൾ*

**ഉല്പാദന മേഖല**

a. വർഗ്ഗ ശുദ്ധിയുള്ള കന്നുകാലികളെ കണ്ടെത്തി ( 7 ലിറ്ററിനു മുകളിൽ കറവുള്ളവ) പാൽ സൊസൈററി വഴി സബ്സിഡി നിരക്കിൽ തീറ്റ നല്കുക. സങ്കരയിനം പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും ധന സഹായം നൽകുക.

b. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുക.

c. പ്ലാവ്, സൂബാബ് ഇവ നട്ടുവളർത്താൻ പ്രോത്സാഹനം നല്കുക.

d. തീറ്റപ്പുൽ കൃഷിക്കാവശ്യമായ വിത്തും വളവും സൗജന്യമായി നല്കുക.

e. കംബോസ്റ്റ് വളനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

f. കന്നുകാലി പരിപാലന പദ്ധതി നടപ്പാക്കുക.

g. പഞ്ചായത്തിൽ കാലിത്തീറ്റ ഉല്പാദന കേന്ദ്രം സ്ഥാപിക്കുക.

h. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുക.

i. മോഡൽ ഡയറിഫാമുകൾക്ക് സബ്സിഡി നല്കുക.

2. വാണിജ്യാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴിവളർത്തൽ പദ്ധതികൾക്ക് ധനസഹായം നല്കുക.

3. വാണിജ്യാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ പദ്ധതികൾക്ക് ധനസഹായം നല്കുക.

4. വിദ്യാർത്ഥികൾക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ നല്കി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

5. ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക. ഈ പദ്ധതിയിൽ വിദ്യാർത്ഥികളെക്കൂടി പങ്കാളികളാക്കുക.

6. പന്നി വളർത്തൽ മുയൽ വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.

**സേവന മേഖല**

1. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ മൃഗാശുപത്രി സ്ഥാപിക്കുക.

2. സഞ്ചരിക്കുന്ന മൃഗാശുപത്രി ആരംഭിക്കുക.

3. രണ്ടു ബീജധാന കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കുക. പള്ള്യം, ചാളപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങൾ പരിഗണിക്കാം.

4. സൗജന്യ ഇൻഷൂറൻസ് പദ്ധതി ഏർപ്പെടുത്തുക.

5. ആധുനിക രീതിയിലുള്ള കശാപ്പുശാല സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക. അറവുശാലകളിൽ നിന്നുള്ള എല്ല്, രക്തം, തുകൽ എന്നിവയുടെ സംസ്ക്കരണവും മാർക്കറ്റിംഗും സാധ്യമാക്കുക.

6. കന്നുകാലികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ ഊർജ്ജിതപ്പെടുത്തുക.

7. പേവിഷ നിയന്ത്രണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക.

8. ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കാൻ പ്രോത്സാഹനവും സഹായവും ലഭ്യമാക്കുക.

9. മൃഗാശുപത്രിയിലുള്ള ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറടക്കമുള്ള എല്ലാ ഒഴിവുകളും നികത്തുക

**ആസൂത്രണ മേഖല**

1. പഞ്ചായത്തിൽ വാർഡുകൾ തോറും മൃഗപരിപാലന ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

2. പഞ്ചായത്ത് ആസ്ഥാനത്ത് കച്ചേരി ആല സ്ഥാപിക്കുക.

## *മത്സ്യബന്ധനം*

വാണിജ്യാടിസ്ഥാനത്തിൽ മത്സ്യം വളർത്തലിന് അനുയോജ്യമായ ജലാശയങ്ങൾ തില്ലങ്കേരി പഞ്ചായത്തിൽ ഇല്ല. അതുകൊണ്ട് മത്സ്യബന്ധനം ഈ ഗ്രാമവാസികളുടെ ഒരു ഉപജീവനമാർഗ്ഗമല്ല.

തില്ലങ്കേരി പഞ്ചായത്തിൽ 16 ചെറിയ കുളങ്ങളുണ്ട്. ചെറിയ തോതിൽ മത്സ്യം വളർത്താൻ ഇവ പ്രയോജനപ്പെടുത്താവുന്നതാണ്.

# വ്യവസായം

വ്യവസായ രംഗത്ത് തില്ലങ്കേരി പഞ്ചായത്തിന്റെ നിലവിലുള്ള അവസ്ഥ അത്യന്തം ശോചനീയമാണ്. വൻകിട വ്യവസായ സംരംഭങ്ങളൊന്നും തന്നെ നമ്മുടെ ഗ്രാമത്തിൽ ഇല്ല. പരമ്പരാഗത മേഖലയിൽപ്പെട്ട ചില സംരഭങ്ങൾ പേരിനെങ്കിലും ഉണ്ടായിരുന്നത് കുറ്റിയറ്റുപോയിരിക്കുന്നു. കുട്ടിമാവ് തെരുവിൽ ഉണ്ടായിരുന്ന നെയ്ത്തും അനുബന്ധതൊഴിലുകളും വഞ്ഞേരി, പടിക്കച്ചാൽ, പള്ള്യം എന്നിവിടങ്ങളിലുണ്ടായിരുന്ന എണ്ണയാട്ടും ഉദാഹരണങ്ങൾ. മുമ്പ് ചില വീടുകളിൽ പായ നെയ്ത്ത്, അവിലിടി എന്നിവ നാമമാത്രമായി ഉണ്ടായിരുന്നെങ്കിലും ഇന്ന് അവയും നാശോന്മുഖമായി. ഉല്പന്നങ്ങളുടെ വിലക്കുറവും വിപണി പിടിച്ചെടുക്കുന്നതിനുള്ള കഴിവില്ലായ്മയും കൂട്ടായ്മയടേയും സംഘടിത പ്രവർത്തനത്തിന്റേയും അഭാവവും ഉല്പാദനോപാധികളുടെ നവീകരണം ഇല്ലായ്മയും പശ്ചാത്തല സൗകര്യമില്ലാത്തതും നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത വ്യവസായ മേഖലയുടെ തകർച്ചക്ക് കാരണമായി. അതോടൊപ്പം മികച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെയും പരിശീലനത്തിന്റെയും അഭാവത്താൽ നവ സംരംഭകർ വ്യവസായ രംഗത്തേക്ക് കടന്നു വരാത്തത് മാന്ദ്യത്തിന് ആക്കം കൂട്ടി.

ഈ അടുത്ത കാലത്തായി ചെങ്കൽ കരിങ്കൽ വ്യവസായ മേഖലയിൽ ധാരാളം ആളുകൾ തൊഴിൽ കണ്ടെത്തിയിരിക്കുന്നു. പരമ്പരാഗത കൈത്തൊഴിലുകളായ സ്വർണ്ണപ്പണി, കൊല്ലപ്പണി, ആശാരിപ്പണി, ബാർബർ ജോലി, കള്ളുചെത്ത് എന്നീ മേഖലകളിൽ കുറെയധികം ആളുകൾ ജോലി ചെയ്യുന്നു. ബീഡി തെറുപ്പ്, ബേക്കറി, തേനീച്ച വളർത്തൽ, ഫർണീച്ചർ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നീ ചെറുകിട വ്യവസായങ്ങളും നിലവിലുണ്ട്. ഇതിനു പുറമെ ഒരു സോമില്ലും റൈസ് ആന്റ് ഫ്ളോർമില്ലും, ഓയിൽ മില്ലും, മെഴുകുതിരി നിർമ്മാണ യൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. മോട്ടോർ തൊഴിലാളികളായി ഒട്ടേറെ പേർ പഞ്ചായത്തിലുണ്ട്. പട്ടിക ഒന്ന് ശ്രദ്ധിക്കുക.

**വിവിധ മേഖലകളിൽ പണിയെടുക്കുന്നവരും കൂലിനിരക്കും**

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | കൂലിനിരക്ക് | |
|---|---|---|---|---|---|---|
| | | സ്ത്രീ | പുരുഷൻ | ആകെ | സ്ത്രീ | പുരുഷൻ |
| 1 | മെഴുകുതിരി നിർമ്മാണം | – | 1 | 1 | – | 30 |
| 2. | പ്രിന്റിംഗ് പ്രസ്സ് | – | 1 | 1 | – | 50 |
| 3. | ഫ്ളവർ മിൽ | – | 1 | 1 | – | 75 |
| 4. | മരമിൽ | – | 5 | 5 | – | 75 |
| 5. | ഓയിൽ മിൽ | – | 2 | 2 | – | 70 |
| 6. | റെഡിമെയ്ഡ്ഗാർമെന്റ്സ് | 3 | – | 3 | – | – |
| 7. | ബേക്കറി | – | 6 | 6 | – | – |
| 8. | കള്ള്ചെത്ത് | – | 8 | 8 | – | – |

അവലംബം:-ദ്വിതീയ വിവരശേഖരണം, ഗ്രാമസഭാറിപ്പോർട്ട്.

## *പ്രശ്നങ്ങൾ*

1. കാർഷിക മേഖലക്കാണ് കൂടുതൽ പ്രാധാന്യം.

2. പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം.

3. വ്യവസായ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.

4. സ്ഥിതി വിവരകണക്കുകളുടേയും പരിശീലനത്തിന്റേയും അഭാവം.

5. മൂലധന നിക്ഷേപത്തിന്റെ സ്രോതസ്സുകളെ കുറിച്ചുള്ള അജ്ഞത.

6. ലഭ്യമായ അസംസ്കൃത വസ്തുക്കൾ ശേഖരിച്ച് കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള സംഘടിത ഇടപെടലിന്റെ അഭാവം.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കാത്തതിനാൽ, വ്യവസായ രംഗങ്ങളിൽ ഇടപെടാനുള്ള ആർജ്ജവം യുവാക്കൾ പ്രകടിപ്പിക്കാത്തതും മറ്റു സാമൂഹ്യ പ്രശ്നങ്ങളും.

## *സാധ്യതകൾ*

മികച്ച മാർഗ്ഗ നിർദ്ദേശങ്ങളുടേയും വിദഗ്ദ പരിശീലനത്തിന്റേയും സഹായത്താൽ പഞ്ചായത്തിൽ തന്നെയുള്ള അസംസ്കൃത വസ്തുക്കളെ ശാസ്ത്രീയമായി സംഘാടനം ചെയ്താൽ ഈ വിപര്യയത്തെ മറികടക്കാനാവും. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്ന കശുവണ്ടി, കശുമാങ്ങ, ചക്ക, മാങ്ങ, തേങ്ങ എന്നിവ ഇവിടെ തന്നെ സംസ്ക്കരിച്ചാൽ നിരവധി വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിയും. പട്ടിക രണ്ട് ശ്രദ്ധിക്കുക.

**പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന അസംസ്കൃതവസ്തുക്കൾ**

| ക്രമന: | അസംസകൃത വസ്തു | വിസ്തൃതി (ഹെക്ടർ) | ഉല്പാദനം |
|---|---|---|---|
| 1 | കശുവണ്ടി. | 972.00 | 699800.കി. ഗ്രാം(699.80 ടൺ) |
| 2 | കശുമാങ്ങ | " " | 700000 കി. ഗ്രാം(700. ടൺ ) |
| 3 | തേങ്ങ | 672.00 | 4300800 എണ്ണം |
| 4. | ചകിരി | – | 30 ലക്ഷം കി. ഗ്രാം(3000 ടൺ) |
| 5. | തേങ്ങവെള്ളം | – | 8 ലക്ഷം ലിറ്റർ |
| 6. | വാഴക്കുല | 100.00 | 15 ലക്ഷം കി. ഗ്രാം |
| 7. | മാങ്ങ | 30.00 | 3.50000 കി ഗ്രാം (350 ടൺ) |
| 8. | കൈതച്ചക്ക | 50.00 | 600000 കി. ഗ്രാം |
| 9. | ചക്ക | 10.00 | 1,20,000 എണ്ണം |

അവലംബം:–കൃഷിഭവൻ രേഖകൾ 2) ഗ്രാമസഭാ റിപ്പോർട്ട് 3) ദ്വിതീയ വിവരണ ശേഖരണം.

പാഴായി പോകുന്ന കശുമാങ്ങ സംസ്ക്കരിച്ച് ഔഷധങ്ങൾ ശീതള പാനീയങ്ങൾ എന്നിവ നിർമ്മിക്കാം. കൊപ്ര സംസ്ക്കരണത്തോടൊപ്പം തേങ്ങാവെള്ളത്തിൽ നിന്ന് പാനീയവും വിനാഗിരിയും ഉൽപ്പാദിപ്പിക്കാം. അനുബന്ധമായി ചകിരി സംസ്ക്കരണവും നടത്താവുന്നതാണ്. നേന്ത്രക്കായയും ചക്കയും കൊണ്ട് ഉപ്പേരിയും കൈതച്ചക്കയും മാങ്ങയും ഉപയോഗിച്ച് അച്ചാർ, ജാം എന്നിവയും നിർമ്മിക്കാം.

കൂടാതെ വിപണന സാദ്ധ്യതയുള്ള നിരവധി ഉല്പന്നങ്ങൾ നിർമ്മിക്കാൻ ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ സാധിക്കും. അവയെ പട്ടിക മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക 3**

**പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾക്കുള്ള സാധ്യതകൾ**

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ | 1 | കൊപ്ര സംസ്ക്കരണം. |
| ജനറൽ | 2 | കൈതച്ചക്ക ഉപയോഗിച്ചുകൊണ്ടുള്ള അച്ചാർ ജാം എന്നിവ നിർമ്മിക്കൽ |
| ജനറൽ | 3. | മരം ഉപയോഗിച്ചുള്ള വീട്ടുപകരണങ്ങളുടെ നിർമ്മാണം. |
| ജനറൽ | 4. | കശുമാങ്ങ സംസ്ക്കരണം. |
| ജനറൽ | 5. | നേന്ത്രക്കായ, ചക്ക എന്നിവ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മാണം. |
| ജനറൽ | 6. | മുള, കൈതോല, വാഴനാര്, എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം. |
| ജനറൽ | 7. | ജില്ലി യൂണിറ്റ് |
| ജനറൽ | 8. | ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം. |
| ജനറൽ | 9. | ഹോളോ ബ്രിക്സ് നിർമ്മാണം. |
| ജനറൽ | 10. | പാലുല്പന്നങ്ങളുടെ നിർമ്മാണം. |
| ജനറൽ | 11. | തേനീച്ച വ്യവസായം |

***നിർദ്ദേശങ്ങൾ***

1. പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ വികസന സമിതി രൂപീകരിക്കുക.

2. ഈ സമിതിയുടെ നേതൃത്വത്തിൽ താൽപര്യമുള്ള സംരംഭകരെ കണ്ടെത്താൻ സർവ്വെ.

3. സംരംഭകരുടെ അഭിരുചിയും സന്നദ്ധതയും വളർത്താൻ വ്യവസായ കേന്ദ്രവുമായി ബന്ധപ്പെട്ട് പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുക.

4. വ്യവസായ സംരംഭകരുടെ ആശങ്കയകറ്റാനും സാങ്കേതിക ആശയവിനിമയം സാദ്ധ്യമാക്കുന്നതിനും പര്യാപ്തമായരീതിയിൽ വ്യവസായ സ്ഥാപനങ്ങളിലേക്ക് പഠന യാത്ര സംഘടിപ്പിക്കുക.

5. പഞ്ചായത്ത് തലസ്ഥാനമായ കുട്ടിമാവ് കേന്ദ്രീകരിച്ച് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം പഞ്ചായത്ത് വിലക്കെടുത്ത് വ്യവസായ സംരംഭകർക്ക് വാടകക്ക് നൽകുക.

6. മൾബറി കൃഷിയും, കൊക്കൂൺ സംഭരണ കേന്ദ്രവും പട്ടുനൂൽ റീലിംഗ് സെന്ററുകളും സ്ഥാപിക്കുക.

7. ഓട്ടോമൊബൈൽ വർക്ക്ഷാപ്പ്, സ്പെയർ പാർട്ട് വിപണന കേന്ദ്രം ഇവ സ്ഥാപിക്കുക.

**ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭ്യമാകാൻ സാധ്യതയുള്ള വ്യവസായങ്ങൾ**

1. സോപ്പ് നിർമ്മാണം

2.ആയുർവേദിക്ക് മെഡിസിൻ പ്ലാന്റ്

3.പുൽത്തൈല, രാമച്ചതൈല നിർമ്മാണം

4.ചകിരി സംസ്ക്കരണം

5.റബ്ബർ ബാൻഡ്, റബ്ബർ കൈയ്യുറകൾ എന്നിവയുടെ നിർമ്മാണം.

6.ഖാദി നൂൽ നൂൽപ്പ് കേന്ദ്രം

7.അടക്ക സംസ്ക്കരണം.

8.ഈർച്ചപ്പൊടി സംസ്ക്കരിച്ച് പലകകളാക്കുക.

9.വിളക്കുകാൽ നിർമ്മാണം.

10.പ്ലാസ്റ്റിക്ക് ഉല്പന്നങ്ങളുടെ നിർമ്മാണം.

11. പപ്പട നിർമ്മാണം.

12.നോട്ട് ബുക്ക് നിർമ്മാണം.

13.ഇളനീർ ജലം സംസ്ക്കരിച്ച് ശീതള പാനീയങ്ങൾ.

14. കേരോല്പന്നങ്ങൾ ഉപയോഗിച്ച് മിഠായി ഉണ്ടാക്കൽ.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും.

ശുഭം

# വിദ്യാഭ്യാസം

**ക**ണ്ണൂർ ജില്ലയിൽ തലശ്ശേരി താലൂക്ക് ആസ്ഥാനത്ത് നിന്ന് 35 കിലോമീറ്റർ കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ഒരു പഞ്ചായത്താണ് തില്ലങ്കേരി. പഴശ്ശി രാജാവിന്റെ അധീനതയിലായിരുന്ന ഒരു പ്രദേശം എന്ന നിലക്ക് അദ്ദേഹത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ പ്രഭാവം ഈ പ്രദേശത്തെ സാധാരണക്കാരുടെ വിദ്യാഭ്യാസത്തെയും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളേയും സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ രാജ്യ സ്നേഹത്തിലും ബ്രിട്ടീഷുകാർക്ക് എതിരെ നടത്തിയ അനിസ്യൂതമായ യുദ്ധങ്ങളിലും ആകൃഷ്ടരായ ഗ്രാമീണരുടെ പിൻബലമുള്ളതുകൊണ്ടാണ് തില്ലങ്കേരിയുടെ തെക്കേ അതൃത്തിയായ 'പുരളിമല' യെ തന്റെ ഒളിസങ്കേത കേന്ദ്രങ്ങലൊന്നായി അദ്ദേഹം സ്വീകരിച്ചത്.

രാജ്യ സ്നേഹത്തിലും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിലും ഈ ഗ്രാമവാസികൾക്കുള്ള താല്പര്യം വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ദർശിക്കാം. ഗ്രാമത്തിലെ 'കുടിപ്പള്ളിക്കൂ ട' ളിൽ നിന്ന് അക്ഷരാഭ്യാസവും പുറത്ത് പോയി തുടർവിദ്യാഭ്യാസ്വും നേടിയ ഉൽപതിഷ്ണുക്കളായ കുറച്ച് ചെറുപ്പക്കാർ ശ്രീ. എ. കെ ഗോവിന്ദക്കുറുപ്പിന്റെ നേതൃത്വത്തിൽ തില്ലങ്കേരിയിൽ ഒരു ഔപചാരിക വിദ്യാഭ്യാസ സ്ഥാപനത്തിന്ന് തുടക്കം കുറിച്ചു. അങ്ങനെ 'തില്ലങ്കേരി സ്ക്കൂൾ' എന്ന നാമധേയത്തിൽ 1913 ൽ ഒഴക്കത്താർകരി എന്ന സ്ഥലത്ത് സ്ഥാപിതമായ വിദ്യാലയമാണ് എട്ട് ദശകത്തിലധികം പഴക്കമുള്ള തില്ലങ്കേരിയുടെ വിദ്യാഭ്യാസ ചരിത്രത്തിലെ പ്രഥമ വിദ്യാലയം. അതാണ് ഇന്നത്തെ തില്ലങ്കേരി യു. പി സ്ക്കൂൾ. പ്രാരംഭകാല അദ്ധ്യാപകരായി സേവനം നടത്തിയ സർവ്വശ്രീ കുഞ്ഞപ്പനമ്പ്യാർ, ഗോവിന്ദൻ ഗുരുക്കൾ കൃഷ്ണൻ ഗുരുക്കൾ, കെ.കെ.നാരായണൻ നമ്പ്യാർ, പി.എം.രയരപ്പൻ നമ്പ്യാർ, കരിപ്പായി ചാത്തു ഗുരിക്കൾ എന്നിവരെ മുതിർന്ന തലമുറ ഇന്നും ആദരവോടെ സ്മരിക്കുന്നു.

ഇത്തരത്തിൽ ഒരു ഔപചാരിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിലായി സർവ്വശ്രീ. അപ്പപ്പെരുവണ്ണാൻ, രാമൻ ഗുരുക്കൾ, കണ്ണൻ ഗുരുക്കൾ, ചാത്തുക്കുട്ടി ഗുരുക്കൾ തുടങ്ങിയ സമാദരണീയരായ വ്യക്തികൾ നടത്തിയ 'കുടിപ്പള്ളിക്കൂട' ങ്ങളെയാണ് ഗ്രാമീണർ ജ്ഞാനസമ്പാദനത്തിന് ആശ്രയിച്ചിരുന്നത്. അയിത്തവും മറ്റ് അനാചാരങ്ങളും നടമാടിയിരുന്ന ആ കാലഘട്ടത്തിൽ പോലും ജ്ഞാന സമ്പാദന സംരംഭത്തിൽ സവർണ്ണരെപ്പോലെ അവർണ്ണരേയും സ്ത്രീ പുരുഷഭേദമന്യേ പങ്കാളികളാക്കുന്നതിൽ ഈ ഗുരുക്കൻമാർ വഹിച്ച പങ്ക് സ്തുത്യർഹമാണ്. അതുകൊണ്ട് തന്നെ ഈ ഗ്രാമത്തിലെ ബഹുഭൂരിപക്ഷവും സാക്ഷരരായിരുന്നു എന്നത് ശ്രദ്ധേയമാണ്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനം ശക്തിയാർജ്ജിച്ചു വന്ന കാലഘട്ടത്തിൽ വിദ്യാഭ്യാസ തല്പരരായ ചെറുപ്പക്കാർ തനതായ വിദ്യാഭ്യാസ സംരംഭങ്ങളുമായി മുന്നോട്ടു വന്നു. അതിന്റെ ഫലമായി

1920 ൽ പല്യത്തും 1925 ൽ മണലാടിയിലും (ഇപ്പോഴത്തെ ഗവ: യു.പി സ്ക്കൂൾ) 1937 ൽ ഉളിയിലും (ഇന്നത്തെ വാണീ വിലാസം എൽ. പി സ്ക്കൂൾ) 1941 ൽ മച്ചൂർ മലയിലും (ഇന്നത്തെ മനോഹര വിലാസം എൽ. പി സ്ക്കൂൾ) വിദ്യാലയങ്ങൾ സ്ഥാപിതമായി. ഇതോടു കൂടി പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സാഹചര്യം സംജാതമായെങ്കിലും ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ അപൂർവ്വമായിരുന്നു. എന്നിരുന്നാലും സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിലും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങളിലും വ്യക്തി മുദ്ര പതിപ്പിച്ച ചില വ്യക്തികളെ പ്രദാനം ചെയ്യാൻ ഈ ഗ്രാമത്തിന് സാധിച്ചിരുന്നു എന്നത് അഭിമാനാർഹമാണ്. ത്യാഗ സമ്പൂർണ്ണമായ അത്തരം പ്രവർത്തനങ്ങൾ കാഴ്ചവെച്ച് തില്ലങ്കേരിയുടെ ചരിത്രത്തിന്റെ ഭാഗമായിത്തീർന്നവരാണ്. സർവ്വശ്രീ. എ. കെ കുഞ്ഞിരാമക്കുറുപ്പ്, സി. അനന്തൻ, സി. ഗോപാലൻ തുടങ്ങിയവർ. സ്വാതന്ത്ര്യസമരത്തിന്റെ ആവേശം ജനങ്ങളിൽ എത്തിക്കാൻ വയോജന വിദ്യാഭ്യാസവും ഹിന്ദിക്ലാസ്സുകളും സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ നിലവിൽ വന്ന വിദ്യാലയങ്ങളാണ് കാവുമ്പടി, പെരിങ്ങാനം, പടിക്കച്ചാൽ എന്നിവിടങ്ങളിലെ ഗവ:എൽ. പി സ്ക്കൂളുകൾ. ഒരു ഹൈസ്ക്കൂൾ എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടത് 1995 ൽ മാത്രമാണ്. അതുവരെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു പോലും പത്തും ഇരുപതും കി. മി ദൂരെയുള്ള കൂത്തുപറമ്പ്, മട്ടന്നൂർ, ശിവപുരം, പാല, ഇരിട്ടി, പേരാവൂർ തുടങ്ങിയ പ്രദേശങ്ങളെയാണ് ആശ്രയിക്കേണ്ടി വന്നത്. അതുകൊണ്ടുതന്നെ ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ വിരളമായിരുന്നു. ഈ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് അഭിമാനാർഹമായ നേട്ടങ്ങൾ കരഗതമാക്കിയ നമ്മുടെ ഗ്രാമത്തിലെ ഗവേഷണ ബിരുദധാരികളും MBBS ബിരുദധാരികളും തില്ലങ്കേരിയുടെ പുതിയ തലമുറക്ക് പ്രചോദനമേകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

12347 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ ഉൾപ്പെടെ 9 വിദ്യാലയങ്ങളാണ് നിലവിലുള്ളത്. ഇതിന് പുറമെ ഒരു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ടും, വിദ്യാഭ്യാസ തൽപരരായ യുവാക്കളുടെ ശ്രമഫലമായി ഒരു പാരലൽ കോളേജും പ്രവർത്തിച്ചുവരുന്നുണ്ട്. 9 വിദ്യാലയങ്ങളിലായി 1986 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 78 ആണ് (പട്ടിക 1).

### പട്ടിക 1 A

### വിദ്യാർത്ഥികൾ അദ്ധ്യാപകർ

| ക്രമനമ്പർ | സ്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സി. എച്ച്. എം. എച്ച്. എസ് | എയിഡഡ് | 148 | 201 | 349 | 8 | 5 | 13 |
| 2. | തില്ലങ്കേരി യു. പി | എയിഡഡ് | 267 | 296 | 563 | 9 | 12 | 21 |
| 3. | പള്ള്യം എൽ. പി | " " " | 68 | 73 | 161 | 4 | 3 | 7 |
| 4. | മനോഹരവിലാസം എൽ. പി | " " " | 68 | 47 | 115 | 2 | 2 | 4 |
| 5. | വാണീവിലാസം എൽ. പി | " " " | 138 | 147 | 285 | 6 | 5 | 11 |
| 6. | ഗവ:യു. പി തില്ലങ്കേരി | ഗവ: | 101 | 85 | 186 | 4 | 5 | 9 |
| 7. | ഗവ: എൽ. പി കാവുമ്പടി | " " " | 72 | 63 | 135 | 3 | 2 | 5 |
| 8. | ഗവ: എൽ. പി പെരിങ്ങാനം | " " " | 34 | 25 | 59 | 2 | 1 | 3 |
| 9. | ഗവ: എൽ. പി പടിക്കച്ചാൽ | " " " | 62 | 71 | 133 | 3 | 2 | 5 |
| | ആകെ | | 978. | 1008 | 1986 | 41 | 37 | 78 |

പട്ടിക 1 B

**L.P, U.P, H.S വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം**

| | LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥി കൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 1986 | 587 | 543 | 48 | 243 | 264 | 52 | 148 | 201 | 57.6 |
| ആകെ | | | | | | | | | 50.75 |

പട്ടിക 1 C

**പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1130 | 43 | 3.8 | 507 | 22 | 4.38 | 349 | 17 | 4.87 |
| | | | | | | | ആകെ | 4.13 |

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയൊരു ശതമാനം പഠനം ഇടക്ക് വെച്ച് നിർത്തുന്നുണ്ട്. അവരിൽ ഭൂരിഭാഗവും പട്ടികവർഗ്ഗത്തിൽ പെടുന്നവരാണ്.

പട്ടിക 1 D

**പഠനം നിർത്തിയവരുടെ കണക്ക്**

| SC/ST | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 7 | 3 | 10 | 9 | 4 | 13 |
| | | | | ആകെ | 23 |

മൊത്തം വിദ്യാലയങ്ങളിൽ നാലെണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. മൊത്തം അദ്ധ്യാപക രിൽ 29.49 ശതമാനവും വിദ്യാർത്ഥികളിൽ 25.83 %വും ഈ വിദ്യാലയങ്ങളിലാണ്.

പട്ടിക II

**ഗവ:സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെ അദ്ധ്യാപകർ | ഗവ:വിദ്യാലയങ്ങളിലെ അദ്ധ്യാപകർ | ഗവ:അദ്ധ്യാപകർ ശതമാനം | വിദ്യർത്ഥികളുടെ എണ്ണം | ഗവ:വിദ്യാർത്ഥികളടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 78 | 23 | 29.49 | 1986 | 513 | 25.83 |

പഞ്ചായത്തിന് പുറത്തുപോയി അധ്യയനം നടത്തുന്നവരും കുറവല്ല

| തരം (Std) | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 18 | 16 | 13 | 12 | 18 | 27 | 24 | 47 | 64 | 107 |

1996 മാർച്ചിൽ 146 പേർ SSLC പരീക്ഷ എഴുതിയതിൽ 68 പേർ പാസ്സായി. അവരിൽ 2 പേർ ഡിസ്റ്റിങ്ങ്ഷനോടുകൂടി പാസ്സായത് അഭിനന്ദനാർഹമാണ്. വിജയശതമാനം 46.57 ആണ്.

ഈ പഞ്ചായത്തിൽ നിന്നും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്നവരുടെ എണ്ണം 50 ഓളം വരും. ഇതിന് കാരണം വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളും വിദ്യാലയങ്ങളുടെ പൊതുവായ നിലവാരത്തകർച്ചയുമാണ്.

നാമമാത്രമായ നിലയിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളാണ് പ്രീ പ്രൈമറി വിദ്യാഭ്യാസ രംഗത്തുള്ളത്. 1000 പേർക്ക് ഒന്ന് എന്ന തത്വം പാലിക്കപ്പെടണമെങ്കിൽ 13 അംഗൻ വാടികളെങ്കിലും കൂടുതൽ അനുവദിക്കേണ്ടതുണ്ട്. നഴ്സറി സ്ക്കുളുകളാണെങ്കിൽ ഒന്നു മാത്രമേയുള്ളൂ. ഇംഗ്ലീഷ് മീഡിയം നഴ്സറി സ്ക്കൂളുകളിലേക്ക് കുട്ടികളെ അയക്കുന്നതിന് ഇതും ഒരു കാരണമാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. ഇതിനായി ഇരിട്ടി, കൂത്തുപറമ്പ്, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിലുള്ള സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്.

**ഉന്നത വിദ്യാഭ്യാസത്തിന് മറ്റ് സ്ഥലങ്ങളിലേക്ക് പോകുന്നവർ**

| | | | |
|---|---|---|---|
| പ്രി ഡിഗ്രി +2 | 68 | ഐ.ടി.ഐ | 12 |
| ഡിഗ്രി | 47 | എൻജിനിയറിങ്ങ്(ഡിഗ്രി) | 3 |
| പി. ജി | 6 | കമ്പ്യൂട്ടർ | 16 |
| പോളിടെക്നിക്ക് | 4 | മറ്റുള്ളവ | 25 |

പഞ്ചായത്തിൽ 6 മദ്രസ്സകളുണ്ട്. ഇവയുടെ പ്രവർത്തനം സ്ക്കൂൾ സമയത്തിന് മുമ്പും പിമ്പുമാണെങ്കിലും ഇത് ആ വിഭാഗം വിദ്യാർത്ഥികളുടെ സ്ക്കൂൾ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു എന്ന ഒരഭിപ്രായമുണ്ട്.

പഞ്ചായത്തിൽ ജോലി ചെയ്യുന്ന 78 അദ്ധ്യാപകരിൽ 29% തദ്ദേശിയരും ശേഷിച്ചവർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവരുമാണ്. പഞ്ചായത്തിന് വെളിയിൽ അദ്ധ്യാപകരായി 14 പേർ ജോലി ചെയ്യുന്നു. ഇവരിൽ ഒരാൾ കോളേജ് അദ്ധ്യാപകനാണ്.

1992 ൽ ആരംഭിച്ച ശിവപുരം സ്ക്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനങ്ങളിൽ ഈ പഞ്ചായത്തിലെ ഭൂരിഭാഗം സ്ക്കൂളുകളും ഭാഗഭാക്കായിരുന്നു. ഇപ്പോൾ ജില്ലാ പഞ്ചായത്ത് ആവിഷ്ക്കരിച്ച സമഗ്ര വിദ്യാഭ്യാസ വികസന പരിപാടിയുടെ ഭാഗമായിട്ടുള്ള 'ഗുരുകുലം' വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിന് പല വിദ്യാലയങ്ങൾക്കും സാധിച്ചിട്ടില്ലെങ്കിലും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത് ഒരു പരിധിവരെ സഹായകമാണ്. ഈ പദ്ധതി പൂർണ്ണമായും, കൃത്യനിഷ്ഠയോടെയും നടപ്പിലാക്കുകയാണെങ്കിൽ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ പുരോഗതി പ്രതീക്ഷിക്കാവുന്നതാണ്.

എസ്. എസ്. എൽ. സി പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിക്കുന്ന വിദ്യാർത്ഥി

കൾക്ക് ഗ്രാമപഞ്ചായത്തും രചന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്, മർച്ചന്റ്സ് അസോസിയേഷൻ എന്നീ സംഘടനകളും പ്രോത്സാഹന സമ്മാനങ്ങൾ നല്കിവരുന്നുണ്ട്. തില്ലങ്കേരി യു. പി. സ്കൂളിലെ ഏഴാം തരത്തിൽ ഏറ്റവും കൂടുതൽ മാർക്ക് നേടി വിജയിക്കുന്നവർക്ക് പി.ടി.എ നല്കുന്ന കാഷ് അവാർഡും, ഹരീന്ദ്രൻ മാസ്റ്റർ എൻഡോവ്മെന്റും അനുകരണീയമായ പ്രവർത്തനങ്ങളാണ്.

പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്. എട്ടു ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവമായി ചർച്ച ചെയ്യപ്പെട്ടു. പൊതുവായി അക്കാദമിക് നിലവാരം, വിദ്യാലയങ്ങളിലെ ഭൗതീക സാഹചര്യങ്ങൾ എന്നിവ വിലയിരുത്തപ്പെട്ടു.

പഠന നിലവാരത്തകർച്ച അദ്ധ്യയന നഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാവുന്ന കാലതാമസം. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതിക സാഹചര്യങ്ങൾ, പി. ടി. എ, ഉച്ചക്കഞ്ഞി, പുതിയ സ്ക്കൂളുകൾ, നിലവിലുള്ള ചിലവയുടെ upgradation, അദ്ധ്യാപകരുടെ പുനഃപരിശീലനം, കൂട്ട ക്ലാസ് കയറ്റം, മാസാന്തപരീക്ഷകൾ, പാഠ്യേതര പ്രവർത്തനങ്ങൾ, ഗുരുകുലം എന്നിവ ഓരോ ഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെട്ടു. ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് പ്രാഥമിക-ദ്വിതീയ വിവരങ്ങൾ സഹായകമായി.

അക്കാദമിക് സൗകര്യങ്ങളാണല്ലോ ഇത്തരം ഒരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്നത്. പഠനം ആഹ്ലാദകരമായ ഒരുനുഭവമാക്കി മാറ്റാനുള്ള ഭൗതിക സാഹചര്യങ്ങൾ എല്ലാ വിദ്യാലയങ്ങളിലും ഉണ്ടായിരിക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, വൃത്തിയും വലിപ്പവുമുള്ള ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ ഏതൊരു വിദ്യാലയത്തിനും അത്യന്താപേക്ഷിതമാണെല്ലോ- ഈ ഗ്രാമത്തിലെ വിദ്യാലയങ്ങളിലെ സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ പട്ടിക IV ൽ കൊടുത്തിരിക്കുന്നു.

പട്ടിക IV

**അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 9 | 6 |
| ലാബ് | 3 | 6 |
| പഠനോപകരണങ്ങൾ | 5 | 4 |
| റേഡിയോ | 5 | 4 |
| ടേപ്പറിക്കാർഡർ | 1 | 8 |
| ടെലിവിഷൻ | 0 | 9 |
| സിനിമാ പ്രൊജക്ടർ | 0 | 9 |
| സ്ലൈഡ് പ്രൊജക്ടർ | 0 | 9 |
| ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | 9 | 0 |
| മാതൃസംഘം സജീവം | 9 | 0 |
| ക്ലാസ്സ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ | 9 | 0 |

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ മേഖലയുടെ പോരായ്മയാണ്. തില്ലങ്കേരി ഗവ: യു. പി. യും, കാവുമ്പടി ഗവ: എൽ. പി യും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അതിൽ കാവുമ്പടി ജി. എൽ. പി യിലെ ചില ക്ലാസുകൾ ഓല മേഞ്ഞ കെട്ടിടത്തി

ലാണ് പ്രവർത്തിക്കുന്നത്. ചിലയിടങ്ങളിൽ പ്രീ. കെ. ഇ. ആർ കെട്ടിടങ്ങളും നിലവിലുണ്ട്. ഭൗതിക സാഹചര്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക V ചേർത്തിരിക്കുന്നു.

### പട്ടിക V

### ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. പള്ള്യം എൽ. പി | 158 | 7 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 2. ഗവ:യു. പി തില്ലങ്കേരി | 186 | 9 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 3. തില്ലങ്കേരി യു. പി | 563 | 21 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 4. ഗവ:എൽ. പി കാവുമ്പടി | 135 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5. ഗവ: എൽ. പി. പടിക്കച്ചാൽ | 132 | 6 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 6. മനോഹരവിലാസം എൽ. പി | 115 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 7. വാണിവിലാസം എൽ. പി | 285 | 10 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 8. ഗവ: എൽ. പി പെരിങ്ങാനം | 59 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 9. സി. എച്ച്. എം ഹൈസ്ക്കൂൾ | 349 | 13 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല. |

വിദ്യാർത്ഥികളുടെ പഠനനിലവാരം തൃപ്തികരമല്ല. 1996-97 ലെ പാദവാർഷിക പരീക്ഷക്ക് 3 മുതൽ 9 വരെ ക്ലാസ്സുകളിലുള്ള വിദ്യാർത്ഥികളുടെ മാർക്ക് പട്ടികയായി ചേർത്തിരിക്കുന്നു.

### പട്ടിക V

### 1996-1997 പാദവാർഷിക പരീക്ഷ

| ക്ലാസുകൾ | 30%നുതാഴെ മാർക്കു ലഭിച്ചവർ | 30%-40% | 40%-50% | 50%-60% | 60% ന് മുകളിൽ |
|---|---|---|---|---|---|
| III | 46 | 83 | 62 | 51 | 30 |
| IV | 45 | 57 | 79 | 59 | 36 |
| V | 50 | 61 | 45 | 58 | 26 |
| VI | 38 | 39 | 35 | 21 | 12 |
| VII | 47 | 34 | 31 | 15 | 8 |
| VIII | 48 | 36 | 96 | 48 | 11 |
| IX | 15 | 26 | 42 | 11 | 10 |

ദൃശ്യ മാദ്ധ്യമങ്ങളുടെ അതിപ്രസരം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരങ്ങളുടെ പ്രചാരണം എന്നിവ അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നുണ്ട്. നല്ലൊരു ശതമാനം കുട്ടികൾ ഗൈഡുകളേയും ട്യൂഷൻ ക്ലാസ്സുകളേയും ആശ്രയിക്കുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷ

ത്തിന്റെ ശാസ്ത്ര മാസികകളായ യുറീക്കയും ശാസ്ത്ര കേരളവും ചെറിയ തോതിൽ പഞ്ചായത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. പള്ള്യം എൽ. പി പടിക്കച്ചാൽ, ഗവ: എൽ. പി, മനോഹരവിലാസം എൽ. പി, തില്ലങ്കേരി ഗവ:യു. പി എന്നിവ upgrade ചെയ്യുക.

2. 2ാം വാർഡിൽ പാറേങ്ങോട്, 4 ാം വാർഡിൽ മാമ്പറം എന്നിവിടങ്ങളിൽ എൽ. പി സ്ക്കൂളുകൾ സ്ഥാപിക്കുക.

3. നിലവിലുള്ള അംഗനവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ എണ്ണം താഴെ പറയുന്ന പ്രദേശങ്ങളിൽ അനുവദിക്കേണ്ടതുണ്ട്.

വാർഡ് I കാർക്കോട്, വട്ടപ്പറമ്പ്.

II തെക്കൻപൊയിൽ, നെല്യാട്ടേരി, ഈയമ്പോട്, പാറേങ്ങോട്

III ചാളപ്പറമ്പ്, വേങ്ങരച്ചാൽ, ഇല്ലംകോളനി

IV മാമ്പറം, കണ്ണിരിട്ടി

V വഞ്ഞേരി,കാവുമ്പടി

VI കരുവള്ളി, പെരിങ്ങാനം

VII പുള്ളിപ്പൊയിൽ, ശങ്കരൻകണ്ടി കോളനി, ആലയാട് യു. പി സ്ക്കൂളിന് സമീപം

VIII തലച്ചങ്ങാട്, മച്ചൂർമല, ആലക്കൽഞാൽ

4. നഴ്സറി സ്കൂൾ

വാർഡ് IV കുട്ടിമാവ്, കാവുമ്പടി

VII ഞാലിൽ താഴെ

5.പട്ടിക വർഗ്ഗത്തിന് ഒരു റസിഡൻഷ്യൽ സ്ക്കൂൾ

6. അന്ധ, ബധിര, മൂക വിദ്യാലയം

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രം.

8. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

a) പടിക്കച്ചാൽ എൽ. പി. സ്ക്കൂളിന് ചുറ്റുമതിൽ

b) തില്ലങ്കേരി ഗവ: യു. പി, കാവുമ്പടി ഗവ: എൽ. പി. ഇവക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും.

c) പെരിങ്ങാനം ഗവ: എൽ. പി യുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുക.

d) സ്വകാര്യ വിദ്യാലങ്ങളുൾപ്പെടെ എല്ലാ വിദ്യാലയങ്ങളുടേയും കെട്ടിടങ്ങളുടേയും ശോച്യാവസ്ഥ പരിഹരിക്കുക.

e) പടിക്കച്ചാൽ ഗവ: എൽ. പിക്ക് ഉച്ചഭക്ഷണശാല നിർമ്മിക്കുക.

f) ഓരോ വിദ്യാലയത്തിലും കുടിവെള്ളം, വൈദ്യുതി, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ് ഇവ ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

g) എല്ലാ വിദ്യാലയങ്ങളിലും പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ, ഫർണീ

ച്ചർ, ലൈബ്രറി, ലാബ് എന്നിവ വേണം.

h) വിദ്യാലയങ്ങളിലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കണം.

9. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

a) 'ഗുരുകുലം' പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തുക.

b) പാഠ പുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

c) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കൂട്ടുക.

d) ദരിദ്ര വിദ്യാർത്ഥികൾക്ക് പുസ്തകം, യൂണിഫോം ഇവ സൗജന്യമായി വിതരണം ചെയ്യുക.

c) സാക്ഷരതാ പ്രവർത്തനം തുടരുക.

d) ഉച്ചക്കഞ്ഞി മുടങ്ങാതെ വിതരണം ചെയ്യുക.

e) ഉച്ചക്കഞ്ഞിക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഏറ്റവും സമീപത്തുള്ള റേഷൻ കട വഴി വിതരണം ചെയ്യുക.

f) സാമ്പത്തിക പരാധീനത കൊണ്ട് ഉപരിപഠനം തുടരാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ധനസഹായം നല്കുക.

g) എല്ലാ വിദ്യാലയങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ പഞ്ചായത്ത് ആസ്ഥാനത്ത് സംഘടിപ്പിക്കാവുന്ന കാര്യങ്ങൾ സജ്ജമാക്കുക.

ഉദാ: ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ, ഓവർ ഹെഡ് പ്രോജക്ടർ, സ്ലൈഡ് പ്രൊജക്ടർ, തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കായിക പരിശീലനം തുടങ്ങിയവ

ഇവിടെ പ്രതിപാദിച്ച രീതിയിൽ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കുകയും വിദ്യാഭ്യാസ പ്രവർത്തകരുടെ കൂട്ടായ്മയോടെ അവ നടപ്പിൽ വരുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. അതിനുള്ള മാർഗരേഖയായി, ജില്ലാപഞ്ചായത്ത് ആസൂത്രണം ചെയ്ത് ഗ്രാമ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന 'ഗുരുകുലം' സമഗ്ര വിദ്യാഭ്യാസ പദ്ധതി സ്വീകരിക്കാവുന്നതാണ്. ഇതുവഴി വിദ്യാർത്ഥികളുടെ പഠന പാഠ്യേതര പ്രവർത്തനങ്ങളുടെ നിലവാരം വരുന്ന 5 വർഷം കൊണ്ട് മെച്ചപ്പെടുത്താൻ സഹായകമാവുമെന്നു നമുക്ക് പ്രത്യാശിക്കാം.

ശുഭം

# കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യകരമായ ജനജീവിതത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണ് ശുദ്ധജലവും, ശുദ്ധവായുവും, ശുചിയായ ഗൃഹാന്തരീക്ഷവും. കുന്നുകളും താഴ്‌വാരങ്ങളും സമതലങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിൽ പ്രകൃതിദത്തമായിത്തന്നെയുള്ള ജലസ്രോതസ്സുകൾ വേണ്ടവിധം വിനിയോഗിക്കാൻ കഴിയാത്തതിൻെറ ഫലമായി ഏതാനും പ്രദേശങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം നേരിടാറുണ്ട്. (26% വീടുകളിൽ) പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ്. അതേസമയം പുരളിമലയിലേയും താഴ്‌വാരങ്ങളിലേയും വീട്ടുകാർ കൂടുതലും പ്രകൃതിദത്ത ഉറവജലത്തെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ 21 പൊതുകിണറുകളും 8 കുഴൽകിണറുകളും നിലവിലുണ്ട്. കൂടാതെ 7ാം വാർഡിലെ ശങ്കരങ്കണ്ടി ഗിരിവർഗ്ഗ കോളനിയുടെ സമീപത്തായി കേരളവാട്ടർ അതോറിട്ടി ഒരു ശുദ്ധജലവിതരണ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. പൊതുകിണറുകളും കുഴൽകിണറുകളും ഇന്ന് വേണ്ടവിധം പ്രയോജനപ്പെടുന്നില്ല.

പട്ടിക -1

| കിണറുകൾ | | | | കുഴൽ കിണറുകൾ | | നീരുറവകൾ | | ആകെ |
|---|---|---|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | പ്രവർത്തി ക്കുന്നവ | പ്രവർത്തി ക്കാത്തവ | വെള്ളം വറ്റാത്തവ | വറ്റുന്നവ | |
| വെള്ളം ഉള്ളവ | വെള്ളം ഇല്ലാത്തവ | വെള്ളം ഉള്ളവ | വെള്ളം ഇല്ലാത്തവ | | | | | |
| 17 | 4 | 1730 | 178 | 5 | 3 | 26 | 9 | 1972 |

1995-96 വർഷത്തിൽ പഞ്ചായത്തിലെ 1173 ആളുകൾക്ക് ജലജന്യരോഗങ്ങൾ പിടിപെട്ടിട്ടുണ്ട്. ഇതിൽ ഏറിയ പങ്കും കിണറിൻെറ ശുചിത്വക്കുറവുകൊണ്ടും, കുടിവെള്ള സ്രോതസ്സുകൾ

മലിനമാക്കപ്പെടുന്നത്കൊണ്ടുമാണ്. വിശേഷാൽ ഗ്രാമസഭയിൽനിന്നുയർന്നുവന്ന പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും സൂക്ഷ്മ വിശകലനത്തിനായി പട്ടിക -2 ൽ ചേർക്കുന്നു.

**പട്ടിക 2- കുടിവെള്ളം പ്രശ്നപ്രദേശങ്ങളും പരിഹാരനിർദ്ദേശങ്ങളും :-**

| വാർഡ് | പ്രശ്നമേഖല | പ്രശ്ന പരിഹാരമാർഗ്ഗങ്ങൾ |
|---|---|---|
| 1 | വട്ടപ്പറമ്പ്,പുറകിലോട് പടിക്കച്ചാൽ,പടിക്കച്ചാൽ സ്ക്കൂൾ | പുറകിലോടും പടിക്കച്ചാലും പൊതുകിണർ വട്ടപ്പറമ്പിൽ പൊതുകിണറും ടാങ്കും പടിക്കച്ചാൽ സ്ക്കൂൾ കിണറിന് പമ്പുഹൗസും ടാങ്കും |
| 2 | പൂമരം, നെല്ല്യാട്ടേരി, പാറേങ്ങാട് മുണ്ടോത്തിൽ | പൂമരം, നെല്യാട്ടേരി, പൊതുകിണറുകൾ. പാറേങ്ങാട്ട് ഡി.ആർ.എസ് കിണറിനു പമ്പുസെറ്റും ടാങ്കും. മുണ്ടോത്തിൽ കിണറും പമ്പുസെറ്റും ടാങ്കും. |
| 3 | അരീച്ചാൽ; കുറ്റ്യാടിച്ചാൽ- കോളനി, ഇല്ലം കോളനി എളോക്കച്ചാൽ, അനന്തോത്ത് പരിസരം, ചാളപ്പറമ്പ്. | ഇടീക്കുണ്ട് താഴെ വയലിൽ കിണറും പമ്പുസെറ്റും ടാങ്കും. ഇല്ലം കോളനിയിൽ പമ്പുസെറ്റും ടാങ്കും.ചാളപ്പറമ്പിൽ കിണർ കുഴിച്ച് തിയ്യറോട്ടുകുന്നിൽ ടാങ്കു നിർമ്മിച്ച് പമ്പുസെറ്റ് വഴി ജലവിതരണം. എളോക്കച്ചാൽ പൊതുകിണർ. |
| 4 | കാവും പടി ലക്ഷം വീട് കോളനി | നിലവിലുള്ള കിണർ ആഴം വർദ്ധിപ്പിച്ച് പമ്പുസെറ്റും ടാങ്കും. ആറണ്ടോത്ത് കുളത്തിനു നടുവിൽ കിണർ. |
| 5 | മാനിക്കുന്ന്, മാമ്പറം, പൂതാറ പ്രദേശങ്ങൾ | പൊതുകിണറുകൾ |
| 6 | വഞ്ഞേരി, കരുവള്ളി, പെരിങ്ങാനം, തളപ്പാട് | വഞ്ഞേരി, കരുവള്ളി പൊതുകിണറുകൾ പെരിങ്ങാനം സ്ക്കൂളിൽ കിണറിന് പമ്പുസെറ്റും ടാങ്കും, മഞ്ഞക്കല്ലിൽ നീരുസംഭരിക്കാൻ ടാങ്ക് |
| 7 | ആലയാട് യു.പി.സ്ക്കൂൾ പരിസരം, വെങ്ങലാട്ട്, ശങ്കരങ്കണ്ടി പട്ടികവർഗ്ഗ കോളനി | യു.പി.സ്ക്കൂൾ പരിസരത്ത് പൊതുകിണറും ടാങ്കും. ശങ്കരങ്കണ്ടി കോളനിപരിസരത്തെ നിർദ്ദിഷ്ട കെ.ഡബ്ല്യു.എ. പരിപാടി വിപുലീകരണം. വെങ്ങലാട്ട് പൊതുകിണർ. |
| 8 | മച്ചൂർമല, ആലാച്ചി, തലച്ചങ്ങാട്. | തലച്ചങ്ങാട് പൊതുകിണർ. മച്ചൂർ മലയിൽ കോട്ടക്കുളത്തിനുസമീപം ശുദ്ധജലസംഭരണിയും പൈപ്പുലൈനും. |

**കുടിവെള്ളക്ഷാമ ബാധിതപ്രദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും**

1-ാംവാർഡ്:-വട്ടപ്പറമ്പിൽ പൊതു കിണറും ടാങ്കും സ്ഥാപിച്ച് പൈപ്പ്ലൈൻ വഴി ജലവിതരണം. പടിക്കച്ചാൽ സ്ക്കൂൾ പരിസരത്ത് നിലവിലുള്ള കിണറിന് ടാങ്കും പമ്പുസെറ്റും സ്ഥാപിച്ച് പൈപ്പ് ലൈൻ ഏർപ്പെടുത്തുക. പുറകിലോട് പ്രദേശത്തും മതിലുവളപ്പ് ക്ഷേത്ര പരിസരത്തും പൊതുകിണറുകൾ.

2-ാം വാർഡ്:- പൂമരം: നെല്ല്യാട്ടേരി പ്രദേശങ്ങളിൽ ഓരോ പൊതുകിണർ. തെക്കൻപൊയിൽ തോടിനുസമീപം ഒരു കിണറും പമ്പുസെറ്റും.

3-ാം വാർഡ്:- ഇടീക്കുണ്ട് താഴെ വയലിൽ കിണറും പമ്പുസെറ്റും സ്ഥാപിച്ച് അരീച്ചാൽ കുന്നിൽ ടാങ്ക് കെട്ടുക. ഇല്ലം കോളനിയിൽ നിലവിലുള്ള കിണർ ആഴംകൂട്ടുക. എളോക്കച്ചാലിലും അനന്തോത്ത് പരിസരത്തും ഓരോ പൊതുകിണർ നിർമ്മിക്കുക. ചാളപ്പറമ്പിൽ തോടിനു സമീപം ഒരു കിണറും പമ്പുസെറ്റും സ്ഥാപിക്കുക.

4-ാം വാർഡ്:- കാവുംപടി ലക്ഷം വീട് കോളനിയിൽ നിലവിലുള്ള കിണറിൻെറ ആഴം വർദ്ധിപ്പിച്ച് പമ്പുസെറ്റും ടാങ്കും സ്ഥാപിക്കുക. ആറണ്ടോത്ത് കരിയിൽ കിണർ കുഴിക്കുക. നിർദിഷ്ട ശങ്കരങ്കണ്ടി കോളനി കെ.ഡബ്ളിയു.എ പദ്ധതി വിപുലീകരിക്കുക.

5-ാം വാർഡ്:- മാനിക്കുന്ന്, മാമ്പറം,പൂതാറപ്രദേശങ്ങളിൽ ഓരോ പൊതു കിണർ സ്ഥാപിക്കുക.

6ാം വാർഡ്:-വഞ്ഞേരിയിലും കരുവള്ളിയിലും ഓരോ പൊതുകിണർ നിർമ്മിക്കുക. പെരിങ്ങാനം എൽ.പി. സ്ക്കൂളിൽ നിലവിലുള്ള കിണറിനു സമീപം ടാങ്ക് കെട്ടുക. മഞ്ഞക്കല്ലിലെ പ്രകൃതിദത്ത നീരുറവയിലെ ജലം ടാങ്കുകെട്ടി സംഭരിക്കുക.

7-ാം വാർഡ്:-ആലയാട് യു.പി.സ്ക്കൂൾ പരിസരത്ത് ഒരു പൊതു കിണർ നിർമ്മിക്കുക.

8-ാം വാർഡ്:- തലച്ചങ്ങാട് ഒരു പൊതു കിണർ നിർമ്മിക്കുക. മച്ചൂർ മലയിലെ കോട്ടക്കുളത്തെ പ്രകൃതിദത്ത ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക.

**ചെറുകിട ശുദ്ധജലപദ്ധതികൾ**

ചെറുകിട ശുദ്ധജല പദ്ധതികളെക്കുറിച്ച് 1,2,3,4,6 വാർഡുകളിൽ നിന്നും നിർദേശങ്ങളുണ്ട്.

1-ാം വാർഡിൽ വട്ടപ്പറമ്പിൽ പൊതു കിണറും ശുദ്ധജലവിതരണപദ്ധതിയും, പടിക്കച്ചാൽ സ്ക്കൂൾ പദ്ധതിയും,

2-ാം വാർഡിൽ മുണ്ടോത്തിൽ കുന്ന് ശുദ്ധജലവിതരണപദ്ധതിയും,

3-ാം വാർഡിൽ ഇല്ലം കോളനി ജലവിതരണപദ്ധതിയും

4-ാം വാർഡിൽ കെ.ഡബ്ളിയൂ.എ പദ്ധതിയുടെ വിപുലീകരണവും

6-ാം വാർഡിൽ പെരിങ്ങാനം സ്ക്കൂൾ ജലവിതരണപദ്ധതിയും നടപ്പിലാക്കിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.

### ഇടത്തരം പദ്ധതികൾ

3-ാം വാർഡിൽ അരീച്ചാൽ പദ്ധതി, തീയ്യറോട്ടു കുന്ന് പദ്ധതി എന്നിവയും

6-ാം വാർഡിൽ മഞ്ഞക്കല്ലിൽ ശുദ്ധജലവിതരണ പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. മഞ്ഞക്കല്ല് പ്രദേശം നീരുറവകൾ കൊണ്ട് സമൃദ്ധമായ ജലലഭ്യതയുള്ള്ള ഉയർന്ന പ്രദേശമായതിനാൽ ഈ പദ്ധതിക്ക് വൈദ്യുതി ഉപയോഗിക്കേണ്ടിവരില്ല. ഇവിടെ കിണറുകൾ കുഴിക്കാൻ കഴിയാത്ത പ്രദേശമാണ് ഭൂരിഭാഗവും.

### പഞ്ചായത്തുതല പദ്ധതികൾ

1. ശങ്കരങ്കണ്ടി കോളനിയിലെ നിർദ്ദിഷ്ട കെ.ഡബ്ളിയു.എ പദ്ധതി വിപുലീകരിക്കുക.
2. മച്ചൂർ മലയിലെ കോട്ടക്കുളം ജലവിതരണപദ്ധതി.

### പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളായ പുരളിമലയിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകൾ (കയ്യാലകൾ) നിർമ്മിച്ചും മഴവെള്ളം സംഭരിക്കാനും തടഞ്ഞുനിർത്താനും വേണ്ട ബോധവൽക്കരണവും ധനസഹായവും നൽകുക.

നിലവിലുള്ള അരുവികളിലും തോടുകളിലും അവിടവിടെ തടയണകൾ നിർമ്മിച്ച് മണ്ണിൻെറ ജലസംഭരണശേഷി പരമാവധി വർദ്ധിപ്പിക്കുക.

പഞ്ചായത്തിലെ എല്ലാ പുരയിടങ്ങളിലും പറമ്പുകളിലും മഴവെള്ളം തടഞ്ഞുനിർത്താനുള്ള വരമ്പുകളും കുഴികളും നിർമ്മിക്കാൻ പ്രോത്സാഹിപ്പിക്കുക.

# ആരോഗ്യം

നമ്മുടെ ഗ്രാമത്തിൽ ഇരുപതാം നൂറ്റാണ്ടിൻെറ ആരംഭകാലം വരെ അപൂർവ്വം ചില പാരമ്പര്യ വൈദ്യചികിത്സകർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ കാലത്ത് മലമ്പനി, വസൂരി തുടങ്ങിയ മാരകരോഗങ്ങളിൽ നിന്ന് മുക്തി നേടാനായി മന്ത്രവാദം, എഴുത്തുനീർകുടിക്കൽ, വഴിപാടുനേർച്ചകൾ, ഉറുക്ക്, രക്ഷ എന്നിവ എഴുതിക്കെട്ടൽ മുതലായ പ്രാകൃതചികിത്സാസമ്പ്രദായങ്ങളും നിലവിലിരുന്നു. ഈ ചുറ്റുപാടിൽ തില്ലങ്കേരി ദേശവാസികൾ കോഴിക്കോട്ടു നിന്നും ഒരു ആയുർവേദ വൈദ്യനെ വിളിച്ചുവരുത്തി പാർപ്പിച്ചതായി പറയപ്പെടുന്നു. ഇതിനു ശേഷം ഏതാനും നാട്ടു വൈദ്യൻമാർ ഇവിടെത്തന്നെ വളർന്നുവരികയും ചെയ്തു. പ്രശസ്തരായ ഇവരുടെ പൻഗാമികളായി ആയുർവേദ ചികിത്സ, വിഷചികിത്സ എന്നീ തുറകളിൽ പ്രവർത്തിക്കുന്നവരുടെ മെച്ചപ്പെട്ട സേവനം ഇന്നും ലഭ്യമാണ്.(അവലംബം: നാട്ടറിവ്)

1968-ൽ സ്ഥാപിതമായ മാത്രശിശുസംരക്ഷണകേന്ദ്രവും

1973-ൽ സ്ഥാപിക്കപ്പെട്ട ഗവ: ആയുർവേദ ഡിസ്പെൻസറിയുമാണ് ആധുനിക ചികിത്സക്ക് ആരംഭം കുറിച്ച സ്ഥാപനങ്ങൾ. ഇതിനു ശേഷം 1990-ൽപഞ്ചായത്തിലെ രണ്ടാമത്തെ കുടുംബക്ഷേമ ഉപകേന്ദ്രവും(പള്ള്യം) 1992-ൽ ട്രൈബൽ സബ് പ്ളാൻ(റ്റി.എസ്.പി) അനുസരിച്ച് പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രവും അനുവദിക്കപ്പെട്ടു.

ഇന്ന് പൊതുജനാരോഗ്യരംഗത്ത് സർക്കാർ ഉടമസ്ഥതയിൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രം, രണ്ട് ഉപകേന്ദ്രങ്ങൾ,ഒരു ഗവ: ആയുർവേദ ഡിസ്പെൻസറി എന്നിവയും സ്വകാര്യമേഖലയിൽ രണ്ടു ആയുർവേദ ചികിത്സാസ്ഥാപനങ്ങളും രണ്ട് ഹോമിയോ ചികിത്സാസ്ഥാപനങ്ങളും കൂടാതെ പ്രഗത്ഭരായ പാരമ്പര്യ-വിഷ-വൈദ്യൻമാരുടെ സേവനവും എടുത്തുപറയത്തക്കതാണ്. ഇത്രയൊക്കെയാണെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ ഗുണപരമായ മാറ്റങ്ങൾ കാണുന്നില്ല എന്നതാണ് ഇവിടത്തെ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നത്. 1995-96 വർഷത്തിൽ 1173 ജലജന്യരോഗങ്ങളും 1849 വായുജന്യരോഗങ്ങളും 40 പ്രാണിജന്യരോഗങ്ങളും 7038 മറ്റുരോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്(അവലംബം: പി.ച്ച്.സി. വാർഷിക റിപ്പോർട്ട്) ആയുർവേദരംഗത്ത് 16840 ത്വക്രോഗങ്ങളും 3693 വാതരോഗങ്ങളും 1218 മറ്റുരോഗങ്ങളും ചികിത്സിക്കപ്പെട്ടിട്ടുണ്ട്.(വാർഷിക റിപ്പോർട്ട് ജി.എ.ഡി). പഞ്ചായത്തുപ്രദേശത്ത് താൽക്കാലിക ചികിത്സ ആവശ്യമായ 16 പേരും തുടർചികിത്സ ആവശ്യമായ 9 പേരും ഉൾപ്പെടെ ആകെ 25 കുഷ്ഠരോഗികളെ കണ്ടെത്തിയിട്ടുണ്ട്. 1995-96 വർഷത്തിൽ മലമ്പനി രോഗം ബാധിച്ച 7 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് രോഗം ബാധിച്ചത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമാണ്.

ഇന്നുള്ള സാഹചര്യത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമല്ല.ഇവിടെയും പഞ്ചായത്തിലെ മറ്റു ചികിത്സാകേന്ദ്രങ്ങളിലും കിടത്തി ചികിത്സാസൗകര്യമില്ലാത്തതിനാൽ രോഗികൾക്ക് 12 മുതൽ 17 വരെകിലോമീറ്റർ യാത്രചെയ്തു വേണം ആശുപത്രിയിലെത്താൻ. വിദഗ്ധചികിത്സ ലഭിക്കണമെങ്കിൽ 45 കിലോമീറ്റർ യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. പൊതുജനാരോഗ്യസേവനം എല്ലാവർക്കും ലഭ്യമാക്കി ഗ്രാമീണജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുകയാവണം നമ്മുടെ ലക്ഷ്യം. ഇതിന് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യപരിപാടി തന്നെ നടപ്പിലാക്കേണ്ടതുണ്ട്.

പട്ടിക - 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ചവർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം തില്ലങ്കേരി | III | 1992 | 10 |
| 2 | ഗവ:ആയുർവേദ ഡിസ്പെൻസറി | III | 1973 | 4 |
| 3 | മാതൃശിശുസംരക്ഷണകേന്ദ്രം തില്ലങ്കേരി | III | 1968 | 1 |
| 4 | കുടുംബക്ഷേമ ഉപകേന്ദ്രം, | I | 1990 | 1 |

പ്രാഥമികാരോഗ്യകേന്ദ്രത്തിലും ആയുർവേദഡിസ്പെൻസറിയിലും ഒരുമുഴുവൻ സമയ

ഡോക്ടരുടെയും നഴ്സിൻെറയും സേവനം ലഭ്യമാവുന്നില്ല. കൂടാതെ കുടുംബക്ഷേമപ്രവർത്തനരംഗത്തും പ്രഥമശുശ്രൂഷാരംഗത്തും പര്യാപ്തമായ സേവനം

| | തടസ്സകാരണം | പരിഹാര നിർദ്ദേശങ്ങൾ |
|---|---|---|
| 1 | സാമ്പത്തിക പരാധീനത | സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലൂടെ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. ഇതിനായി സബ്സിഡികൾക്കു പുറമെ പലിശയില്ലാ വായ്പ്പകൾ അനുവദിക്കപ്പെടേണ്ടതാണ് |
| 2. | സ്ഥല പരിമിതി | കോളനികളിലും മറ്റും പൊതുവായി സെപ്റ്റിക് ടാങ്കുകൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കാവുന്നതാണ് |
| 3 | ആവശ്യകതയെ കുറിച്ചുള്ള അജ്ഞത | ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപകമാക്കുക. ഇതിനായി ആരോഗ്യപ്രവർത്തകരുടെയും സന്നദ്ധസംഘടനകളുടെയും സേവനം ഉറപ്പുവരുത്തുക. |

ലഭിക്കത്തക്കനിലയിൽ ആവശ്യമായ ഉപകേന്ദ്രങ്ങളും ജീവനക്കാരും ഇവിടെ നിലവിലില്ലെന്നുള്ളത് പോരായ്മയായി എടുത്തുപറയേണ്ടതാണ്. ഈ പഞ്ചായത്തുപ്രദേശത്തോ, സമീപത്തോ ലബോറട്ടറി സൗകര്യങ്ങളും ഇല്ല.

**കക്കൂസ്**

നമ്മുടെ പഞ്ചായത്തിൽ വീട്ടിന് ഒന്ന് എന്ന തോതിൽ കക്കൂസില്ല. വെളിമ്പ്രദേശത്ത് മലവിസർജ്ജനം ചെയ്യുക വഴി നീരുറവകൾ മലിനീകരിക്കപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലവിലുണ്ട്. പഞ്ചായത്തിലെ 20 ശതമാനം വീടുകളിൽ മാത്രമേ ഇന്ന് സാനിട്ടറികക്കൂസുകൾ നിലവിലുള്ളൂ. 40 ശതമാനം വീടുകളിൽ കുഴിക്കക്കൂസുകളാണുള്ളത്. ബാക്കിവരുന്ന 40 ശതമാനം വീടുകളിലും കക്കൂസുകളില്ലെന്നുള്ളത് പൊതുജനാരോഗ്യരംഗത്തെ ഏറ്റവും വലിയ ഭീഷണിയാണ്. പഞ്ചായത്തിൽ ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസു വഴി 1995-96 ൽ സി.ആർ.എസ്.പി സ്കീമിൽ 27 കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിന് അനുഭവപ്പെടുന്ന പ്രയാസങ്ങളും പരിഹാരങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം.

**പരിസരശുചിത്വം**

ജനസാന്ദ്രത കുറഞ്ഞപ്രദേശങ്ങളായതിനാലും വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ലാത്തതിനാലും പരിസരമലിനീകരണ പ്രശ്നം ഇവിടെ രൂക്ഷമല്ല. അതേസമയം ഓരോ കുടുംബത്തിനും ഗൃഹപരിസരശുചിത്വത്തെ കുറിച്ച് ബോധവൽക്കരണം അത്യാവശ്യമാണ്. പഞ്ചായത്തിൽ പൊതുമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനും നശിപ്പിക്കുന്നതിനുമായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്.

ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ

1. ആരോഗ്യവിദ്യാഭ്യാസ പരിപാടി ആരോഗ്യപ്രവർത്തകരെ ഉപയോഗിച്ച് പൊതുജന പങ്കാളിത്തത്തോടെ ഊർജ്ജിതപ്പെടുത്തുക. ഇതിനായി സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.
2. പ്രകൃതിദത്ത ഉറവജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നത് ( കീടനാശിനി പ്രയോഗം, മലവിസർജ്ജനം, തുടങ്ങിയവ വഴി ) നിയമം മൂലം തടയുക.
3. പൊതുകിണറുകളും ടാങ്കുകളും യഥാകാലങ്ങളിൽ ക്ലോറിനേഷൻ നടത്തുക.
4. പ്രധാന കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടി സ്ഥാപിക്കുക.
5. പഞ്ചായത്തിൽ സ്ഥിരമായി റോഡ് സ്വീപ്പർമാരെ നിയമിക്കുക.
6. അംഗീകൃത മൽസ്യമാർക്കറ്റ് നിർമ്മിച്ച് ഗുണനിലവാരമുള്ള മൽസ്യങ്ങൾ മാത്രമേ വിൽപ്പന നടത്തുന്നുള്ളൂ എന്നുറപ്പു വരുത്തുക.
7. അനധികൃതമായി അറവുശാല നടത്തുന്നതു തടയുകയും നിയമാനുസൃതമായ ഒരറവുശാല സ്ഥാപിക്കുകയും വേണം.
8. ഭക്ഷണശാലകൾ, പാനീയവിൽപ്പനകേന്ദ്രങ്ങൾ മറ്റു ഭക്ഷണപദാർത്ഥ വിൽപ്പന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അനധികൃതവും അനാരോഗ്യകരവുമായ വിൽപ്പനരീതികൾ തടയുക. ഈ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് സമ്പ്രദായം നിർബ്ബന്ധമാക്കുക.
9. മാർക്കറ്റ്, കച്ചവടകേന്ദ്രങ്ങൾ, അങ്ങാടികൾ എന്നിവയുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി ഈ തുറകളിലുള്ളവരെ ബോധവൽക്കരിച്ച് അനുസരിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യണം.
10. പകർച്ചവ്യാധികൾ തടയുന്നതിൻെറ ഭാഗമായി കൊതുകുനിവാരണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.അതിനായി കുപ്പകൾ കൂടിക്കിടക്കുന്നതും മലിനജലം കെട്ടിക്കിടക്കുന്നതും ഒഴിവാക്കുകയും കമ്പോസ്റ്റ് നിർമ്മാണരീതി പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. ഈ പ്രവൃത്തിയിൽ ആരോഗ്യവകുപ്പു ജീവനക്കാരോടൊപ്പം സന്നദ്ധസേവകരെയും ഉപയോഗപ്പെടുത്തുക.
11. പുകയില്ലാത്ത അടുപ്പുകൾ, സൗരോർജ്ജഅടുപ്പുകൾ എന്നിവ പ്രോൽസാഹിപ്പിച്ച് അന്തരീക്ഷമലിനീകരണം കുറയ്ക്കുക.

**പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ :-**

1. ഹോമിയോ ഡിസ്പെൻസറി:- പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളിൽപ്പെട്ട 555 പേരുള്ള ഈ പഞ്ചായത്തിൽ ഒരു സർക്കാർ ഹോമിയോ ചികിൽസാ കേന്ദ്രം ആരംഭിക്കുക.
2. പാരമ്പര്യവൈദ്യമേഖല :- പാരമ്പര്യ ആയുർവ്വേദചികിൽസാരീതികൾ പ്രോൽസാഹിപ്പിച്ച് ഈ രംഗത്ത് ഇന്ന് സേവനമനുഷ്ഠിക്കുന്ന ആളുകൾക്ക് ആവശ്യമായ സഹായ

സഹകരണങ്ങൾ നൽകിയും, അവരെ ഏകോപിപ്പിച്ചും അവരുടെ സേവനം കൂടുതൽ ശാസ്ത്രീയമായ രീതിയിൽ ലഭ്യമാക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.

3. ഔഷധസസ്യതോട്ടം:-പഞ്ചായത്തുതലത്തിൽ ഒരു സഹകരണ ഔഷധസസ്യസൊസൈറ്റി രൂപീകരിച്ച് താൽപര്യമുള്ള ആളുകൾക്ക് ഔഷധസസ്യ കൃഷിചെയ്യുന്നതിന് ധനസഹായം നൽകുക.
4. കായികപരിശീലനകേന്ദ്രം :- കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഒരു കായിക പരിശീലനകേന്ദ്രവും നീന്തൽ കുളവും സ്ഥാപിക്കുക.
5. വയോജന ആരോഗ്യകേന്ദ്രം :- ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിച്ച് വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ മാനസികവും ശാരീരികവുമായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.
6. ഹെൽത്ത് കാർഡ് സംവിധാനം :- ചികിൽസക്കായെത്തുന്ന ഓരോ വ്യക്തിക്കും ഹെൽത്ത് കാർഡുകൾ നൽകുക.ആരോഗ്യപ്രവർത്തകരെയും സന്നദ്ധപ്രവർത്തകരേയും ഒരുമിപ്പിച്ച് ഈ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
7. പബ്ലിക്ക് ഹെൽത്ത് ആക്ട് :- നിലവിലുള്ള പബ്ലിക്ക് ഹെൽത്ത് ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഉറപ്പാക്കുന്ന നിയമനിർമ്മാണം നടത്തേണ്ടതാണ്.
8. ലഹരിപദാർത്ഥങ്ങളുടെ നിയന്ത്രണം :- ലഹരിപദാർത്ഥങ്ങളുടെ വിൽപ്പനയും ഉപയോഗവും പൂർണ്ണമായി തടയുക.
9. ആംബുലൻസ് :- പഞ്ചായത്തിൽ ഒരു ആംബുലൻസ് ലഭ്യമാക്കുക.
10. രോഗനിർണ്ണയക്യാമ്പുകൾ :- ക്യാൻസർ, ഹൃദ്രോഗം, നേത്രരോഗങ്ങൾ, പ്രമേഹം, എയ്ഡ്സ് മുതലായവ എത്രയും നേരത്തെ കണ്ടുപിടിക്കപ്പെടുന്നതിനു സൗജന്യ പരിശോധനാക്യാമ്പുകൾ സംഘടിപ്പിക്കുക. ഇതിന് സന്നദ്ധസംഘടനകളുടെ സഹകരണം തേടാവുന്നതാണ്.
11. ജീവകാരുണ്യപ്രവർത്തനങ്ങൾ :- നേത്രദാനം, രക്തദാനം, തുടങ്ങിയ കാരുണ്യപ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും അവയെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുക.
12. ആശുപത്രിക്ക് ടെലഫോണും വാഹനവും ലഭ്യമാക്കുക.

**പഞ്ചായത്തിലെ ആരോഗ്യരംഗത്തെ സ്ഥിതിവിശേഷവും മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും :-**

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗ്രാമസഭയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറയും പ്രവർത്തനങ്ങൾ കൂട്ടിയിണക്കിയും മെച്ചപ്പെടുത്തിയും ഈ ഗ്രാമത്തിന് ആരോഗ്യരംഗത്ത് അതുല്യമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും.

| വാർഡ് | ആരോഗ്യ സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ചുള്ളവിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1. | F.W.C പള്ള്യം | ഇല്ല | വയറിളക്കം, പനി ചെങ്കണ്ണ്,ദന്തരോഗം ചൊറി | തൃപ്തികരമല്ല.പ്രതിരോധ ചികിൽസാക്യാമ്പുകൾ നടക്കാറില്ല.ഡോക്ടർ സന്ദർശിക്കാറില്ല. | പ്രഥമശുശ്രൂഷക്കാവശ്യമായമരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുക ഡോക്ടരുടെ സന്ദർശനം ഉറപ്പുവരുത്തുക. |
| 2. | ഒന്നുംതന്നെ ഇല്ല | ഇല്ല | വയറിളക്കം, പനി ചെങ്കണ്ണ്,മലമ്പനി, ചൊറി | തൃപ്തികരമല്ല. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം മാത്രംലഭ്യമാണ്. | തെക്കൻപൊയിലിൽ ഒരു സബ്സെൻറർ സ്ഥാപിക്കുക. ഡോക്ടരുടെ സന്ദർശനം ഉറപ്പുവരുത്തുക. |
| 3. | പ്രാഥമികആരോഗ്യകേന്ദ്രം ഗവ.ആയുർവേദഡിസ്പെൻസറി മാതൃശിശു സംരക്ഷണ കേന്ദ്രം | ഇല്ല | വയറിളക്കം,പനി,ചൊറി ചെങ്കണ്ണ്,ദന്തരോഗങ്ങൾ ക്ഷയം. | തീരെപ്രവർത്തനസൗകര്യമില്ലാത്ത വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ പി.എച്ച്.സിയുടെ പ്രവർത്തനംതൃപ്തികരമല്ല. മുഴുവൻ സമയസേവനംലഭ്യമാവുന്നില്ല. ജി.എ.ഡി യിൽ ഒരു സ്ഥിരം ഡോക്ടരുടെ സേവനം ലഭ്യമല്ല. എഫ്.ഡബ്ല്യൂ.സി കെട്ടിടം ഉപയോഗശൂന്യമായതിനാൽ സേവനം പരിമിതമാണ്. | പി.എച്ച്.സിയെ 30 ബെഡ്ഡുകളുള്ളതും ലാബറട്ടറിസൗകര്യമുള്ളതുമായ ഒരു സ്ഥാപനമായി ഉയർത്തുക. ലേഡിഡോക്ടരുടെയും ശിശുവിഭാഗം ഡോക്ടരുടെയുംസേവനംലഭ്യമാക്കുക. ആശുപത്രിക്ക് കെട്ടിടവുംസ്റ്റാഫ് ക്വാർട്ടേർസും നൽകുക. ജി.എ.ഡിയെകിടത്തിചികിൽസാസൗകര്യമുള്ള ആശുപത്രിയായി ഉയർത്തുക സ്ഥിരമായി മുഴുവൻസമയം ഡോക്ടരുടെ സേവനം ലഭ്യമാക്കുക. എഫ്.ഡബ്ല്യൂ.സി. കെട്ടിടം പുതുക്കിപ്പണിയുകയും ആരോഗ്യപ്രവർത്തകരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക. |
| 4. | ഇല്ല. | ആയുർവേദം-1 ഹോമിയോ-1 | വയറിളക്കം,പനി,ചൊറി ചെങ്കണ്ണ്,ദന്തരോഗങ്ങൾ | ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം മാത്രംലഭിച്ചുവരുന്നു. | കണ്ണിരിട്ടിയിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിക്കുക. |
| 5. | ഇല്ല. | ഇല്ല. | വയറിളക്കം,പനി, ചൊറി, ചെങ്കണ്ണ് | ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശനം മാത്രം ലഭ്യമാണ്. | കാവുംപടിയിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിക്കുക. ആരോഗ്യവിദ്യാഭ്യാസപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. |
| 6. | ഇല്ല | ഇല്ല. | വയറിളക്കം,പനി, ചെങ്കണ്ണ്,ദന്തരോഗങ്ങൾ | ആരോഗ്യപ്രവർത്തകരുടെ പതിവു സന്ദർശനം മാത്രം ലഭ്യമാണ്. ആരോഗ്യക്ലാസ്സുകൾ നടത്താറുണ്ട്. | കരുവള്ളിയിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. മലയോര മേഖലയ്ക്ക് സേവനംഉറപ്പുവരുത്തുക. |
| 7. | ഇല്ല | ആയുർവേദം-1 | കുഷ്ഠം, ചൊറി, പനി ത്വക്ക്രോഗങ്ങൾ, ദന്തരോഗം, ചെങ്കണ്ണ്, വയറിളക്കം | തൃപ്തികരമല്ല. ആരോഗ്യ പ്രവർത്തകരുടെ പതിവു സന്ദർശനം ലഭ്യമാണ്. | ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക. ആരോഗ്യവിദ്യാഭ്യാസം കൂടുതൽ മെച്ചപ്പെടുത്തുക. ഒരു ഗവ: ഹോമിയോഡിസ്പെൻസറിസ്ഥാപിക്കുക. |
| 8. | ഇല്ല. | ഹോമിയോ-1 | വയറിളക്കം,ദന്തരോഗം ചൊറി,കുഷ്ഠം,പനി | തൃപ്തികരമല്ല. ആരോഗ്യ പ്രവർത്തകരുടെ ഗൃഹസന്ദർശനം ലഭ്യമാണ്.ആരോഗ്യ ക്ലാസ്സുകൾ നടത്താറുണ്ട്. | മച്ചൂർമലയിൽ ഒരു കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക.മലയോര മേഖലക്ക് ആരോഗ്യസേവനം ഉറപ്പുവരുത്തുക. |

# ഗതാഗതം, ഊർജ്ജം

## ഗതാഗതം

ഒരു പ്രദേശത്തിന്റെ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളിലൊന്നാണല്ലോ റോഡുകൾ. ഈ രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ അവസ്ഥ ഏറെക്കുറെ മെച്ചപ്പെട്ടതാണ് . ഈ നേട്ടം റോഡിന്റെ ദൈർഘ്യത്തിൽ മാത്രമാണ്. സുഗമമായ ഗതാഗതത്തിന് യോജിച്ച റോഡുകൾ തുലോം പരിമിതമാണ്. ഇതിന്റെ പ്രധാന കാരണങ്ങളിലൊന്ന് പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്.

കോട്ടയം രാജാക്കൻമാർക്ക് മൃദംഗശൈലേശ്വരി ക്ഷേത്ര ദർശനത്തിനു വേണ്ടി തില്ലങ്കേരി വഴി നിർമിച്ച റോഡാണ് നമ്മുടെ പഞ്ചായത്തിലെ പ്രഥമ റോഡെന്ന് പറയപ്പെടുന്നു. കോട്ടയം രാജാവിനെതിരെ പടനയിക്കുന്നതിനുവേണ്ടി ഹൈദരാലി 18 ാം നൂറ്റാണ്ടിൽ നിർമ്മിച്ചതായി പറയപ്പെടുന്ന കാവുംപടി - ചുങ്കസ്ഥാനം (ഇന്നത്തെ നല്ലൂർ) പഴയ റോഡുകളിൽ ഉൾപ്പെടുന്നു.

പഞ്ചായത്തിലെ ജനങ്ങൾക്ക് പുറം ലോകവുമായി ബന്ധപ്പെടുന്നതിന് പ്രയോജനപ്പെടുന്ന പ്രധാന റോഡ് പഞ്ചായത്തിലെ ഏക പി ഡബ്ല്യൂ ഡി റോഡുകൂടിയായ ഉരുവച്ചാൽ - തില്ലങ്കേരി - കാക്കയങ്ങാട് റോഡാണ്. റോഡുകൾ ധാരാളമുണ്ടെങ്കിലും ബസ് ഗതാഗതം മൂന്നു റോഡുകളിൽ ഒതുങ്ങുന്നു. ഇതിൽ തന്നെ രണ്ടെണ്ണത്തിൽ ബസ് ഗതാഗതം പേരിനു മാത്രമാണ് . ഉരുവച്ചാൽ - തില്ലങ്കേരി - കാക്കയങ്ങാട് റോഡിൽ മാത്രമാണ് ഏറെക്കുറെ സൗകര്യപ്രദമായ ബസ് സർവ്വീസുകൾ ഉള്ളത്. അതുകൊണ്ടു തന്നെ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രധാന ആശ്രയം ടാക്സി ജീപ്പുകളാണ്. 20 ഓളം ജീപ്പുകൾ സർവ്വീസ് നടത്തുന്നു . ഇതിൽ 15 ഓളം ജീപ്പുകൾ തില്ലങ്കേരിയുടെ ഹൃദയമായ കുട്ടിമാവിൽ തന്നെയാണ് പാർക്കുചെയ്യുന്നത്. ഇവയ്ക്കാവശ്യമായ പാർക്കിംഗ് സൗകര്യവുമില്ല. ഇപ്പോൾ ജീപ്പുകൾ പാർക്കു ചെയ്യുന്നത് റോഡരുകിലാണ്. പഞ്ചായത്തിലെ റോഡുകളുടെ വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 1

| | പേര് | നീളം (കി.മി) | വീതി | ഉടമസ്ഥത | സ്വഭാവം |
|---|---|---|---|---|---|
| 1 | ഉരുവച്ചാൽ— കാക്കയങ്ങാട് | 4 | 6 mtr | P.W.D | താർ |
| 2 | ഉളിയിൽ — കുട്ടിമാവ് | 4.750 | 6 mtr | P.W.D (അംഗീകാരത്തിന് സമർപ്പിച്ചത്) | താർ |
| 3 | കുട്ടിമാവ് —പെരിഞ്ഞാനം— മാലൂർ | 3.350 | 8 mtr | P.W.D | താർ |
| 4 | തില്ലങ്കേരി യു. പി സ്കൂൾ — പഞ്ചായത്ത് ഓഫീസ് | 0.300 | 8 | പഞ്ചായത്ത് | താർ |
| 5 | ആലേശി — പുരളിമല | 1 | 8 | പഞ്ചായത്ത് | 525 മീറ്റർ താർ |
| 6 | ഉളിയിൽ — പടിക്കച്ചാൽ കാർക്കോട് | 3 | 8 | പഞ്ചായത്ത് | താർ |
| 7 | വാഴക്കൽ — പുന്നാട് | 1.550 | 8 | പഞ്ചായത്ത് | 0.300 മീറ്റർ താർ |

| | പേര് | നീളം | വീതി | ഉടമസ്ഥത | സ്വഭാവം |
|---|---|---|---|---|---|
| 8 | തെക്കൻ പൊയിൽ — പുള്ളിപൊയിൽ | 3.200 | 8 | പഞ്ചായത്ത് | ചെമ്മൺ |
| 9 | പള്ള്യം—തില്ലങ്കേരി | 0.800 | 8 | ,, | ,, |
| 10 | തെരു — കുണ്ടേരിഞാൽ | 0.800 | 6 | ,, | ,, |
| 11 | കാവുംപടി —വടഞ്ഞേരി | 0.900 | 8 | ,, | ,, |
| 12 | കുട്ടിമാവ് — വേങ്ങരച്ചാൽ | 1 | 8 | ,, | |
| 13 | പള്ള്യം — പടിക്കച്ചാൽ | 0.900 | 8 | ,, | ,, |
| 14 | കാവുംപടി — മുടക്കോഴി | 2.200 | | ,, | ,, |
| 15 | തെക്കൻ പോയിൽ — പാറങ്ങോട് | 1.635 | 8 | ,, | ,, |
| 16 | കാർക്കോട് — പുള്ളിപ്പൊയിൽ | 1.640 | 8 | ,, | ,, |
| 17 | പള്ള്യം — കാർക്കോട് | 0.950 | 8 | ,, | ,, |
| 18 | കുണ്ട്തോട് — തലച്ചങ്ങാട് | 1.500 | 7 | ,, | ,, |
| 19 | ആലയാട് — കുറ്റ്യാടിച്ചാൽ | 0.300 | 8 | ,, | ,, |
| 20 | ആനക്കുഴി — പൂന്തലോട്മഠപ്പുര | 0.745 | 4 | ,, | ,, |
| 21 | കാവുംപടി — മുണ്ടോൻവയൽ | 0.700 | 3 | ,, | ,, |
| 22 | വാഴക്കാൽ— ഉന്നമുള്ളചാൽ | 0.800 | $3^1/_2$ | ,, | ,, |
| 23 | ആലാശി — മച്ചൂർമല | 0.400 | 5 | ,, | ,, |
| 24 | വേങ്ങരച്ചാൽ — ഉന്നമുള്ളചാൽ | 1.010 | 4 | ,, | ,, |
| 25 | വഞ്ഞേരി— മാമ്പ്രം | 1.625 | 5 | ,, | ,, |
| 26 | കരുവള്ളി—മുടക്കോഴി | 0.670 | 5 | ,, | ,, |
| 27 | കുട്ടിമാവ് — കണ്ണിരിട്ടി — മാമ്പ്രം | 1.975 | 8 | ,, | ,, |
| 28 | കാവുംപടി — മാമ്പ്രം | 2.000 | 4 | ,, | ,, |
| 29 | ആലയാട് — കുണ്ടേരിഞ്ഞാൽ— ശങ്കരൻകണ്ടി കോളനി | 1.750 | $4^1/_2$ | ,, | ,, |
| 30 | കുണ്ടേരിഞ്ഞാൽ — കരുവള്ളി | 1.000 | 4 | ,, | ,, |
| 31 | പുള്ളിപ്പൊയിൽ — ചെറുവയൽ | 1.300 | 3 | ,, | ,, |
| 32 | അരീച്ചാൽ — വട്ടപ്പറമ്പ് | 0.700 | 6 | ,, | ,, |

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 25. 06 ച. കി. മീ ആണെങ്കിലും പഞ്ചായത്തിലെ ആകെ റോഡ് ദൈർഘ്യം 52.13 കി.മീ. ആണ് . ഇവയിൽ ടാർ ചെയ്ത റോഡിൻെറ ദൈർഘ്യം 12.350 കി. മീ ആണെന്നുള്ളത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. ഈ പോരായ്മ പരിഹരിക്കുന്നതിന് നാം അടിയന്തി ര ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ റോഡുകളിൽ മിക്കതും പൊതുജനങ്ങൾ സന്നദ്ധ പ്രവർത്തനത്തിലൂടെ തീർത്ത് പഞ്ചായത്തിന് കൈമാറിയതാണ്.

ഇത് നാടിൻെറ വികസനത്തിൽ പൊതുജനപങ്കാളിത്തം എടുത്തുകാണിക്കുന്നു. ഈ പ്രവണത ഇന്നും തുടരുകയും ചെയ്യുന്നു. ഇങ്ങനെ നിർമ്മിക്കപ്പെട്ടതും പഞ്ചായത്ത് ഏറ്റെടുക്കേണ്ടതുമായറോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക — 2**

| ക്രമനമ്പർ | പേര് | നീളം .കി.മീ |
|---|---|---|
| 1 | പൂമരം — പുന്നാട് റോഡ് | 0.300 |
| 2 | പൂമരം — അമ്പലം റോഡ് | 0.300 |
| 3 | പാറേങ്ങാട്— പുന്നാട് | 0.200 |
| 4 | കാരക്കുന്ന് — പുന്നാട് | 0. 200 |
| 5 | പടിക്കച്ചാൽ — നെല്ല്യാട്ടേരി | 0. 700 |
| 6 | പടിക്കച്ചാൽ —കരിമ്പിയിൽതാഴെ | 0. 300 |
| 7 | മതിലുവളപ്പ് — മീത്തലെ കരി | 0. 300 |
| 8 | ഈയ്യമ്പോട് — മുത്തപ്പൻക്ഷേത്രം | 0. 400 |
| 9 | ഈയ്യമ്പോട് — കാളാംതോട് | 0. 300 |
| 10 | പെരിങ്ങാനം — ചെറുവയൽ | 1.000 |
| 11 | പെരിങ്ങാനം — തെക്കെമെറി | 3.00 |
| | ആകെ | 7.km |

ഗ്രാമ സഭകളിലുയർന്നു വന്ന ചർച്ചകളിൽ പ്രധാന റോഡുകളുടെ ശോച്യാവസ്ഥയെ കുറിച്ചായിരുന്നു. നിലവിലുള്ളറോഡുകളുടെ മോശമായ സ്ഥിതി മെച്ചപ്പെടുത്തിയാൽ മാത്രമേ ഗതാഗത യോഗ്യമാവുകയുള്ളൂ. അതുകൊണ്ട് മെച്ചപ്പെടുത്തേണ്ട റോഡുകളെ കുറിച്ചുള്ളനിരവധി നിർദ്ദേശങ്ങൾ ഉയർന്നു വന്നു. അവ പട്ടികയിൽ പ്പെടുത്തുന്നു.

| | പേര് | ഇന്നത്തെ അവസ്ഥ | | | മെച്ചപ്പെടുത്തനുള്ള |
|---|---|---|---|---|---|
| | | വീതി | നീളം കി. മീ | സ്വഭാവം | നിർദ്ദേശങ്ങൾ |
| 1 | തെക്കൻ പൊയിൽ — പുള്ളിപ്പൊയിൽ | 8 mtr | 3.200 | ചെമ്മൺ | തെക്കൻ പൊയിൽ തോടിൻെറ പാലവും റോഡ് ടാറിംഗും. |
| 2 | കുട്ടിമാവ് — പെരിങ്ങാനം — മാലൂർ | 8 | | ,, | PWD വിനെകൊണ്ട് ഏറ്റെടുപ്പിച്ച് ടാറിംഗ് അടക്കം നടത്തുക |
| 3 | കുട്ടിമാവ് — മമ്പറം | 8 | 1.975 | ,, | ശാസ്ത്രീയമായി മെച്ചപ്പെടുത്തി ടാർ ചെയ്യുക. |
| 4 | വാഴക്കാൽ — ഉന്നമുള്ള ചാൽ— വേങ്ങാരച്ചാൽ | $4^1/_2$ | 1.810 | ,, | വീതികൂട്ടി ടാറിംഗ് |
| 5 | വേങ്ങരച്ചാൽ—കുട്ടിമാവ് | 8 | 1.000 | ,, | ടാറിംഗ് |
| 6 | പനക്കാട് — വള്ള്യം | 8 | | ,, | ശാസ്ത്രീയമായി മെച്ചപ്പെടുത്തി ടാറിംഗ് |
| 7 | വള്ള്യം — കാർക്കോട് | 8 | 0.950 | ,, | ടാറിംഗ് |
| 8 | കാവും പടി — മുണ്ടോൻ വയൽ — കരുവള്ളി റോഡ് | 3 | 0.700 | ,, | വീതികൂട്ടി ടാറിംഗ് |
| 9 | കാവുംപടി — മമ്പറം | 4 | 2.000 | ,, | വീതികൂട്ടി ടാറിംഗ് പൂതാറകടവിന് റഗുലേറ്റർ കം ബ്രിഡ്ജ് |
| 10 | മാനിക്കുന്ന് — മുടക്കോഴി | 8 | 2.200 | ,, | ടാറിംഗ് |
| 11 | തെക്കൻ പൊയിൽ — പൂമരം— പാറങ്ങോട് | 8 | 1.635 | ,, | ടാറിംഗ് നടത്തുക |
| 12 | കരുവള്ളി —കുണ്ടേരിഞ്ഞാൽ— കുട്ടിമാവ് | 4 | | ,, | വീതികൂട്ടി ടാറിംഗ് |
| 13 | ആനക്കുഴി—പൂന്തലോട് മറപ്പുര | 4 | 0.745 | ,, | ശാസ്ത്രീയമായിമെച്ചപ്പെടുത്തി ടാറിംഗ് |
| 14 | തലച്ചങ്ങാട് —കുണ്ടുതോട് | 7 | 1.500 | ,, | ,, |
| 15 | വള്ള്യം — വട്ടപ്പറമ്പ് | 3 | 0.705 | ,, | വീതികൂട്ടി മെച്ചപ്പെടുത്തുക |
| 16 | കാർക്കോട് പുള്ളിപൊയിൽ (പന്നിയോടൻമുക്ക്) | 8 | 1.600 | ,, | ശാസ്ത്രീയമായി മെച്ചപ്പെടുത്തിയ ടാറിംഗ് |
| 17 | വള്ള്യം —പടിക്കച്ചാൽ | 8 | 0.900 | ,, | ടാറിംഗ് |
| 18 | തില്ലങ്കേരി യു. പി — ശങ്കരൻകണ്ടി കോളനി | $4^1/_2$ | 1.750 | ,, | വീതികൂട്ടി ടാറിംഗ് |
| 19 | പുള്ളിപൊയിൽ — ചെറുവയൽ | 3 | 1.300 | ,, | വീതി കൂട്ടി ടാറിംഗ് |

| പേര് | ഇന്നത്തെ അവസ്ഥ | | | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|
| | വീതി | നീളം കി. മി | സ്വഭാവം | |
| 20 വാഴക്കാൽ — പുന്നാട് | 6 | 1.550 | 300മീറ്റർ ടാറിംഗ്. | ശേഷിക്കുന്ന ഭാഗം മെച്ചപ്പെടുത്തി ടാറിംഗ് |
| 21 ആലേശി — പുരളിമല | 8 | 1.000 | 525 മീറ്റർ ടാർ | ശേഷിക്കുന്നഭാഗം ടാറിംഗ് |
| 22 ഉളിയിൽ—കുട്ടിമാവ് | | 4.750 | ടാർ | ഗ്രാമദീപം വായനശാല പെട്ടിവീടിന് സമീപംകാംവർട്ടുകൾ. വശങ്ങളിലുള്ള ഓവുചാലുകൾ വൃത്തിയാക്കുക |
| 23 കാളന്തോട്—കാർക്കോട് | 8 | 300 | ടാർ | ടാറിംഗ്നടത്തുക |

## ഗ്രാമസഭ നിർദ്ദേശങ്ങൾ

### പുതിയ റോഡുകൾ

പട്ടിക—4

| | | | |
|---|---|---|---|
| 1 | മതിലുവളപ്പ് ക്ഷേത്രം | — മീത്തലെകരി | — പടിക്കച്ചാൽ സ്ക്കൂൾ |
| 2 | വാഴക്കാൽ | — വിലങ്ങരവഴി പള്ളി | |
| 3 | പാറങ്ങോട് | — പുള്ളമാൻ ചാൽ | |
| 4 | തെക്കൻ പൊയിൽ | — വടക്കയിൽ ഇടവഴി | — കാരക്കുന്ന് |
| 5 | ചാളപ്പറമ്പ് | — അംബായംകുന്ന് | — കിഴക്കോട് ലക്ഷം വീട് — പുള്ളിമാൻചാൽ |
| 6 | പനക്കാട് തെരു | — മിനിസ്റ്റേഡിയം | |
| 7 | ഉന്നമുള്ള ചാൽ | — പുന്നാട് റോഡ് | |
| 8 | പൂന്തലോട് മാപ്പുര | — കരുവള്ളി പെരിങ്ങാനം | |
| 9 | പുല്ലാട്ട്ഞ്ഞാൽ | — മംഗലത്തുംചാൽ | — അരിചാൽ |
| 10 | പെരിങ്ങാനം | — മുടക്കോഴി സ്ക്കൂൾ | |
| 11 | ഈയംമ്പോഡ് | — തലച്ചങ്ങാട് | |
| 12 | എച്ചിക്കുന്ന് ചാൽ | — ഉരുപ്പ്കാട് | — തില്ലങ്കേരി ഗവ. യു. പി. — വാഴക്കാൽ |
| 13 | മച്ചൂർമല സെൻട്രൽ | — മാലൂർ | |

14 പള്ള്യം സ്ക്കൂറം — കോയ്യോട് — ഈയംബോഡ്

15 പള്ള്യം കാർക്കോട് റോഡ് — കുണ്ടത്താൻ കണ്ടി — പള്ള്യം

16 ഉളിയിൽ — നെല്ല്യാട്ടേരി

17 വാണിവിലാസം — തുരുത്തിഞ്ഞാൽ — കാരക്കുന്ന്

18 ഉന്നമുള്ള ചാൽ ലക്ഷം വീട് — കരിങ്കൽ പാത്തി

19 കാവും പടി ലക്ഷം വീട് — ഹൈസ്ക്കൂറം

20 ചാളപറമ്പ് — എലിക്കുന്ന്

21 കാവും പടി — മുടക്കോഴി

22 കാവുംപടി പൂതറ — മാമ്പറം റോഡ്

23 വട്ടപ്പറമ്പ് — പുത്തൻവീട് — അനന്തോത്ത്

## നടപ്പാത — നടപ്പാലം

1 കണ്ണോത്ത് വീട്ടിൽ താഴെ തോടിന് നടപ്പാലവും അനുബന്ധ നടപ്പാതയും
2 ശങ്കരൻകണ്ടി കോളനി മുതൽ വയൽ വഴി കാഞ്ഞിരാട് വരെ നടപ്പാത
3 വാഴക്കാൽ — ഉന്നമുള്ളചാൽ കോളനി റോഡും താഴെ വീട്ടിൽ താഴെ നടപ്പാലവും ബന്ധിപ്പിക്കുന്ന നടപ്പാത
4 കാവും പടി — മുണ്ടോൻ വയൽ റോഡിൽ ഒരു ഓവുചാൽ പാലം
5 ഒഴക്കത്താർകരി ക്ഷേത്രത്തിനു സമീപം നടപ്പാലവും അനുബന്ധനടപ്പാതയും
6 കാഞ്ഞിരാട് — ആലയാട് — കുണ്ടേരിഞ്ഞാൽ നടപ്പാത
7 വഞ്ഞേരി, കണ്ണിരിട്ടി, മുണ്ടോൻ വയൽ എന്നിവിടങ്ങളിൽ നടപ്പാലങ്ങറം.
8 തെക്കൻ പൊയിൽ വാണിവിലാസം എൽ. പി. സ്കൂളിനടുത്തുള്ള ഇടവഴി വീതികൂട്ടി സൗകര്യമുണ്ടാക്കുക.
9 തെക്കൻ പൊയിൽ ഗ്രാമദീപം വായനശാലക്കും സമീപം മുണ്ടോത്തിൽ ഭാഗത്തേക്ക് നടപ്പാലം
10 ചാളപറമ്പിൽ പുഞ്ചയിൽ ഭാഗത്തേക്ക് നടപ്പാലവും നടപ്പാതയും.
11 പടിക്കച്ചാൽ മുക്കുണ്ട് തോടിന് നടപ്പാലവും നടപ്പാതയും.

റോഡുകളുടെ ഇന്നത്തെ മോശമായ അവസ്ഥയ്ക്ക് കാരണം അശാസ്ത്രീയമായ നിർമ്മാണവും യഥാസമയത്ത് അറ്റകുറ്റപ്പണി നടത്തുന്നതിലുള്ള അലംഭാവവും ആണ്. ഇതിനൊരു പരിഹാര മായി ധാരാളം നിർദ്ദേശങ്ങറം ഗ്രാമസഭകളിൽ ഉയർന്നു വന്നു. അവ താഴെ കൊടുക്കുന്നു.

## നിർദ്ദേശങ്ങൾ

1 റോഡുകളുടെ സംരക്ഷണ പ്രവൃത്തികറം യഥാസമയം നടത്തുക
2 തെക്കൻ പൊയിൽ — പുള്ളിപ്പൊയിൽ റോഡിൽ തെക്കൻ പൊയിൽ റോഡിന് പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.
3 ഓരോ വാർഡിലെയും റോഡുകറം ഏറ്റെടുത്ത് ടാറിംഗ് അടക്കമുള്ള മുഴുവൻ പ്രവൃത്തികളും ചെയ്യുക.
4 അയൽ പഞ്ചായത്തുകളുമായി ബന്ധമുള്ള റോഡുകളുടെ മുഴുവൻ ജോലികളും മുൻഗണന നൽകിതീർക്കുക.

5 കുട്ടിമാവിൻ കീഴിൽ ഒരു ടാക്സി സ്റ്റാൻറും ബസ് വെയിറ്റിംഗ് ഷെൽട്ടറും അടിയന്തിരമായി നിർമ്മിക്കുക.

6 പുതുതായി നിർമ്മിക്കുന്ന റോഡുകൾ ശാസ്ത്രീയമായി തന്നെ നിർമ്മിക്കുക.

7 ഉരുവച്ചാൽ കാക്കയങ്ങാട് റോഡിൽ കുട്ടിമാവിലും കാവും പടിയിലും ഓവുചാൽ നിർമ്മിച്ച് സ്ലാബിടുക.

8 റോഡ് നിർമാണവും സംരക്ഷണവും ജനകീയ സമിതിയെ ഏല്പിക്കുക.

9 ടെലിഫോൺ ആവശ്യാർത്ഥം തീർക്കുന്ന കിടങ്ങുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുക

10 കാല വർഷത്തിനു മുമ്പ് മുഴുവൻ റോഡുകളുടെയും ഓവു ചാലുകൾ വൃത്തിയാക്കി വെള്ളം വാർന്നുപോകുന്നതിന് സജ്ജമാക്കുക

11 കാവും പടിമുക്ക്, ചാളപറമ്പ്, മാമ്പറം, തെക്കൻ പൊയിൽ, വാണീവിലാസം, പുള്ളിപ്പൊയിൽ, എന്നിവടങ്ങളിൽ ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ നിർമ്മിക്കുക.

## മറ്റു നിർദ്ദേശങ്ങൾ

പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങളും, വീതികുറഞ്ഞവ കൂട്ടുന്നതിനുള്ള നിർദ്ദേശങ്ങളും, ഉണ്ടെങ്കിലും ഇവയൊക്കെ ഔചിത്യ പൂർവ്വം പരിഗണിക്കണം. 8 മീറ്റർ വീതിയിൽ രണ്ടു റോഡുകൾ നിർമ്മിക്കണം എന്നുള്ള നിർബന്ധം മാറേണ്ടതാണ്. അതിനാൽ ഈ വിഷയത്തിൽ ഗവൺമെൻറ് ഫണ്ടനുവദിക്കുമ്പോൾ നിഷ്ക്കർഷിക്കാറുള്ള നിബന്ധനകൾ ഗ്രാമീണ പഞ്ചായത്തകൾക്കനുയോജ്യമായി മാറേണ്ടതാണ്. ശാസ്ത്രീയമായി വീതികൂട്ടി ടാർചെയ്യുക. കരുവള്ളി മുടക്കോഴി റോഡ് വീതികൂട്ടി ടാർ ചെയ്യുക

1 കാവും പടി , ആറണ്ടോത്ത്, കണ്ണിരിട്ടി റോഡ്

2 പൂന്തലോട് കൊളത്താച്ചാൽ റോഡ്

3 തലച്ചങ്ങാട് ഹരിജൻ കോളനി റോഡ് വീതികൂട്ടി കുറുകെ പാലം പണിയുക

4 വഞ്ചേരി മേലെ തോടിന് നടപ്പാലം

5 കരുവള്ളി തോടിന് നടപ്പാലം

6 കടുക്കായി അമ്പലത്തിന് സമീപം ബസ് വെയിറ്റിംഗ് ഷെൽട്ടർ നിർമ്മിക്കുക.

7 ആയുർ വേദാശുപത്രിക്കു സമീപം ബസ് വെയിറ്റിംഗ് ഷെൽട്ടർ നിർമ്മിക്കുക.

8 ആലയാട് സ്കൂൾ വെണലാട് കുന്ന്

9 കാഞ്ഞിട് പൂന്തലോട്

10 ആനക്കുഴി കോളനി ഒഴക്കത്തോർക്കരി പൊറലോട്.

11 ചാതോറ ചെമ്മുക്കാവ്

12 തില്ലങ്കേരി ശിവ ക്ഷേത്രത്തുനിന്ന് മഞ്ചേരിക്കണ്ടി വഴി റോഡ് നിർമ്മിക്കുക.

13 പടിക്കച്ചാൽ സ്ക്കൂളിന്നു മുന്നിലും കാർക്കോട് ഹെൽത്ത് സെൻററിന് സമീപത്തും ഓവു പാലം നിർമ്മിക്കുക. പുനത്തിൽ വീട് സമീപത്ത് നിന്ന് പള്ള്യം കാർക്കോട് റോഡുമായി ബന്ധിക്കുന്ന റോഡ് നിർമ്മിക്കുക.

14 പുറയിലോട് വലിയ പറമ്പു വഴി മേപ്പാട്ട് ഇടവഴി പള്ള്യം റോഡുമായി ബന്ധിക്കുക.

15 തില്ലങ്കേരി_കീഴൂർ ചാവശ്ശേരി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പത്തായക്കോറ _ അത്തി കോളനി _ മീത്തലെ പുന്നാട് _ വാഴക്കാൽ റോഡ് വികസിപ്പിച്ച് ഗതാഗത യോഗ്യമാക്കുക

## ഊർജ്ജം

മാനവപുരോഗതിയുടെ അവിഭാജ്യഘടകങ്ങളിലൊന്നാണല്ലോ ഊർജ്ജം. ദൈനംദിന ജീവിതത്തിൽ വിവിധ രൂപങ്ങളിൽ നാം ഇത് കൈകാര്യം ചെയ്യുന്നു. അവയിൽ വൈദ്യുതി ആധുനിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതായി മാറിയിരിക്കുന്നു. ദൗർഭാഗ്യകരം എന്നു പറയട്ടെ നമ്മുടെ പഞ്ചായത്തിൽ ഇതിന്റെ ലഭ്യത നാമമമാത്രമാണ്. വർദ്ധിച്ചു വരുന്ന ആവശ്യങ്ങളുടെ ചെറിയൊരു ഭാഗം പോലും ഈ രംഗത്ത് നമുക്ക് നേടാനായിട്ടില്ല. 1976ൽ മാത്രമാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. നിരവധി വർഷങ്ങളിലെ നിരന്തര പരിശ്രമത്തിന്റെ ഫലമായാണ് ഭാഗീകമായെങ്കിലും ചില പ്രദേശങ്ങളിൽ വൈദ്യുതി എത്തിയത്.

വിറക്, മണ്ണെണ്ണ, വൈദ്യുതി, ഗ്യാസ് എന്നിവയാണ് ദൈനം ദിനാവശ്യങ്ങൾക്കായി നാം മുഖ്യമായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ. വെളിച്ചത്തിനായി മണ്ണെണ്ണയും, പാചകത്തിന് വിറകുമാണ് നാം കൂടുതൽ ഉപയോഗിക്കുന്നത്. സമീപകാലത്തായി വിരലിലെണ്ണാവുന്നവർ പാചകത്തിനായി മണ്ണെണ്ണയും പെട്രോളിയം ഗ്യാസും ഉപയോഗിച്ചിരുന്നു.

**പട്ടിക 1**

**ദൈനം ദിന ഊർജ്ജ ഉപഭോഗം**

| ഇന്ധനം | വെളിച്ചം% | പാചകം% | മറ്റ് ആവശ്യങ്ങൾ |
|---|---|---|---|
| വിറക് | – | 90 | 10 |
| മണ്ണെണ്ണ | 90 | 10 | – |
| വൈദ്യുതി | 85 | – | 15 |
| ഗ്യാസ് | 25 | 75 | – |

ഇന്ധനക്ഷമത കുറഞ്ഞ അടുപ്പുകളാണ് 98%വീടുകളിലും ഉപയോഗിക്കുന്നത്. ഇത് കാരണം ഉപയോഗിക്കുന്ന വിറകും അതിൽ നിന്ന് ലഭ്യമാകുന്ന സഫല ഊർജ്ജത്തിന്റെ അളവും തമ്മിൽ വളരെ വലിയ അന്തരം നിലനിൽക്കുന്നു. ചുറ്റുപാടുകളിൽ നിന്ന് സ്വന്തമായി വിറക് ശേഖരിക്കുന്നതിനാൽ അതിന്റെ മൂല്യം ശരിയായി നാം മനസ്സിലാക്കിയിട്ടില്ല. ഇതിനൊരു പരിഹാരം ഇന്ധനക്ഷമത കൂടിയ അടുപ്പുകൾ മുഴുവൻ വീടുകളിലും പ്രചരിപ്പിക്കുക എന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ട് 20 വർഷം തികഞ്ഞിട്ടും ഒരു വാർഡുപോലും പൂർണ്ണതോതിൽ വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ വൈദ്യുതി വിതരണം പ്രധാനമായും തൊണ്ടിയിൽ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലാണ്. കമ്മീഷൻ ചെയ്യാനിരിക്കുന്ന മുഴുവൻ ഗ്യാരന്റി പദ്ധതിപ്രകാരമുള്ള വഞ്ഞേരി–മാമ്പറം–ലൈനും, പള്ള്യം–തില്ലങ്കേരി ലൈനും മട്ടന്നൂർ സെക്ഷനിൽ ഉൾപ്പെടുന്നു. കൂടാതെ കാർക്കോട്, തെക്കൻപൊയിൽ, പെരിങ്ങാനം എന്നീ ലൈനുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ രണ്ട് ട്രാൻസ്ഫോർമറുകൾ മാത്രമാണുള്ളത്. മേൽ സൂചിപ്പിച്ച മിനിമം ഗ്യാരന്റി പ്രകാരമുള്ള ലൈനിൽ രണ്ട് ട്രാൻസ്ഫോർമറുകൾ കൂടി സജ്ജമാക്കിയിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിലേക്ക് കൂടി വൈദ്യുതി എത്തിക്കുന്നതിന് ഒരു തീവ്ര യത്ന പരിപാടി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. പുതിയ ലൈനുകൾ വലിക്കുന്നതിനായി തയ്യാറാക്കിയ ഒരു പട്ടിക താഴെ ചേർക്കുന്നു.

**പട്ടിക 2**

| പുതിയ ലൈൻ | ദൂരം | ലൈനിന്റെ സ്വഭാവം | ട്രാൻസ് ഫോർമർ | പ്രതീക്ഷിക്കുന്ന ചെലവ് | മനുഷ്യപ്രയത്നം | വിഹിതം രൂപ |
|---|---|---|---|---|---|---|
| 1 അരീച്ചാൽ ഇടീക്കുണ്ട് | 1. K.M | 1 Phase | | 20,000 | 50 | 5,000 |
| 2. മാനിക്കുന്ന് | 2 K.M | 3 Ph 11 KV | 1 Tr | 34,000 | 75 | 7,500 |
| 3. കണ്ണിരിട്ടി കുട്ടിമാവ് | 11/2K.M | 1 Ph | | 28000 | 60 | 6000 |
| 4. കാരക്കുന്ന് പൂമരം | 2 1/2 | 3 Ph 11 KV | 1 Tr | 40,000 | 75 | 7,500 |
| 5. ഉന്നമുള്ളചാൽ | 1/2K.M | 1Ph | | 15,000 | 25 | 2,500 |
| 6.പുള്ളിപ്പൊയിൽ -ചാതോറ | 1/2K.M | 1Ph | - | 15,000 | 25 | 2,500 |
| 7. പടിക്കച്ചാൽ മതിലുവളപ്പ് | 1/2K.M | 1Ph | | 15,000 | 25 | 2,500 |

കേരളത്തിന്റെ പൊതുവായ വൈദ്യുതി പ്രതിസന്ധിയുടെ രൂക്ഷത തില്ലങ്കേരി പഞ്ചായത്തും അനുഭവിക്കുന്നു. പീക്ക്ലോഡ് സമയത്ത് വോൾട്ടേജ് വളരെ താഴ്ന്ന നിലവാരത്തിലെത്തുന്നു. വോൾട്ടേജ് ക്ഷാമം ഒരളവോളം പരിഹരിക്കുന്നതിന് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വൈദ്യുതിയുടെ ശാസ്ത്രീയോപയോഗം സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

**പട്ടിക 3**

**വൈദ്യുത ഉപഭോഗ പട്ടിക**

| നിലവിലുള്ള ഉപഭോക്താക്കൾ | എണ്ണം |
|---|---|
| ഗാർഹികം | 347 |
| വ്യവസായികം | 5 |
| കാർഷികം | 30 |
| വ്യാപാരം | 40 |
| ആകെ | 522 |

പഞ്ചായത്ത് സ്ഥാപിച്ച തെരുവുവിളക്കുകൾ പൊതുജനങ്ങൾക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. ഇതിനൊരു പരിഹാരമായി 8 കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലുള്ള തെരുവു വിളക്കുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

| ബൾബ് | ട്യൂബ് | സോഡിയം വേപ്പർ | ആകെ |
|---|---|---|---|
| 45 | – | 8 | 53 |
| പ്രതിമാസ വൈദ്യുത ചാർജ്ജ് 945 രൂപ | | | |

വൈദ്യുതിയുടെ ആവശ്യവും ലഭ്യതയും സമീപ കാലത്തൊന്നും പൊരുത്തപ്പെടാനിടയില്ലാത്തതുകൊണ്ട് സൗരോർജ്ജം പോലുള്ള പാരമ്പ്യേതര ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കേണ്ടതാണ്. നമ്മുടെ ബ്ളോക്കിൽ പ്രവൃത്തിക്കുന്ന "അനർട്ടിന്റെ" സഹായത്തോടുകൂടി സൗരോർജ്ജത്തിന്റെ സാധ്യതകളെകുറിച്ച് ജനങ്ങളെ ബോധവത്കരിക്കേണ്ടതാണ്. സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലൈറ്റുകളും മറ്റു ഉപകരണങ്ങളും പഞ്ചായത്തിൽ പ്രചരിപ്പിക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

വൈദ്യുതി എത്തിപ്പെടാത്ത പ്രദേശങ്ങളിൽ അത് എത്തിക്കുകയും പ്രധാന കവലകളിൽ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യണം.

## *പ്രശ്നങ്ങൾ*

1. ഇന്ധന ദുരുപയോഗം
2. 80% വീടുകൾക്ക് വൈദ്യുതി ഇല്ല
3. വോൾട്ടേജ് ക്ഷാമം
4. പവർക്കട്ട്
5. പണിപൂർത്തിയായ ലൈനുകൾ കമ്മീഷൻ ചെയ്യാത്തത്.

a. പള്ള്യം കരലൈൻ

b. മാമ്പറം-വഞ്ഞേരി ലൈൻ

## *നിർദ്ദേശങ്ങൾ*

1. മുഴുവൻ വീടുകളിലും ഇന്ധനക്ഷമതയുള്ള അടുപ്പ് വ്യാപിപ്പിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക.

2. പണി പൂർത്തിയായ ലൈനുകൾ അടിയന്തിരമായി കമ്മീഷൻ ചെയ്യുക.

3. മുഴുവൻ ഗ്യാരന്റി പദ്ധതി സമർപ്പിച്ച പ്രദേശങ്ങളിലെ പ്രവർത്തനങ്ങളുടെ വേഗതകൂട്ടുക.

4. പഞ്ചായത്തിലെ വൈദ്യുതി സംബന്ധമായ എല്ലാ കാര്യങ്ങളും ഒരു ഓഫീസിന് കീഴിലാക്കുക.

5. കുറ്റ്യാടിച്ചാൽ ലക്ഷം വീട് കോളനി, ഉന്നമുള്ളചാൽ ലക്ഷം വീട് കോളനി, കോട്ടത്ത് കുടുംബ്, ആനക്കുഴി കോളനി എന്നിവിടങ്ങളിൽ അടിയന്തിരമായി വൈദ്യുതി എത്തിക്കുക.

6. സൗരോർജ്ജം അടിസ്ഥാനമാക്കിയുള്ള ലൈറ്റുകളും മറ്റുപകരണങ്ങളും പ്രചരിപ്പിക്കുക.

7. കാര്യക്ഷമമായ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

8. ബയോഗ്യാസ് പ്ളാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി ബോധവൽക്കരണം നടത്തുക.

9. ലഭ്യമായ ഊർജ്ജം വിനിയോഗിക്കുന്നതിൽ ജനങ്ങളുടെ അജ്ഞത മാറ്റാനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ സ്വീകരിക്കപ്പെടേണ്ടതാണ്.

ശ്രീ

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

മനുഷ്യന്റെ അനിവാര്യമായ ആവശ്യങ്ങളിലൊന്നാണല്ലോ പാർപ്പിടം. പരമ്പരാഗത തച്ചുശാസ്ത്ര വിധിയനുസരിച്ചായിരുന്നു പാർപ്പിട നിർമ്മാണം. സാമൂഹ്യവും സാമ്പത്തികവുമായ പരിഗണനകൾ വീടുനിർമ്മാണത്തെ സ്വാധീനിച്ചിരുന്നു. ജാതി വ്യവസ്ഥക്ക് വിധേയമായി പാർപ്പിടങ്ങളെ കുടുംബ്. ചാള , കുടി, പുര, വീട്, ഇല്ലം, എന്നിങ്ങനെ തരംതിരിച്ചിരുന്നു. വീടുകൾക്ക് മൺതറയോ കൽത്ത റയോ ആയിരുന്നു ഉണ്ടായിരുന്നത്. പനമ്പും, മണ്ണും, ഉരുട്ടു കട്ട, ചതുരക്കട്ട, അപൂർവ്വമായി ചെങ്കല്ലും എന്നിവയാണ് ചുമർ നിർമ്മാണത്തിനുപയോഗിച്ചിരുന്നത്. പഴയ കാലത്തെ വീടുകൾ പുല്ലുമേഞ്ഞവ യായിരുന്നു. ക്രമേണ ഓടു മേഞ്ഞ വീടുകൾ പ്രചാരത്തിൽ വന്നു. ഇന്നു കോൺക്രീറ്റ് വീടുകളോ ടാണ് ജനങ്ങൾക്ക് ആഭിമുഖ്യം.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 2508 വീടുകളിലായി 12347 പേർ താമസിക്കുന്നുണ്ട്. ഇതിൽ പട്ടിക ജാതിക്കാർ 196ഉം പട്ടിക വർഗ്ഗക്കാർ 359ഉം ആണ്. 1475 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവി ക്കുന്നവരാണ്.

പഞ്ചായത്തിലെ പാർപ്പിടത്തിന്റെ കണക്ക് താഴെ വിവരിക്കുന്നു.

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല | ഓട് പുല്ല് | ആകെ | ഇരുനില |
|---|---|---|---|---|---|---|
| 1. | 2 | 246 | 72 | 2 | 322 | 76 |
| 2. | 9 | 276 | 60 | 5 | 350 | 147 |
| 3. | 9 | 296 | 63 | – | 368 | 78 |
| 4. | 8 | 245 | 61 | – | 314 | 87 |
| 5. | 31 | 232 | 31 | – | 294 | 106 |
| 6. | – | 215 | 41 | – | 256 | 81 |
| 7. | 16 | 234 | 55 | – | 305 | 64 |
| 8. | 10 | 180 | 100 | – | 296 | 44 |

അവലംബം പഞ്ചായത്താഫീസ്

വലിയ മുതൽ മുടക്കുള്ള വീടുകൾ നിർമ്മിക്കുന്നവരുണ്ട്. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും കുറവല്ല.

**പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ പട്ടിക.**

| വർഷം | RLEGP | NREP | IAG | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 86-87 | 14 | 12 | 9 | Nil | Nil | 35 |
| 87-88 | Nil | 10 | Nil | Nil | Nil | 10 |
| 88-89 | Nil | 8 | Nil | Nil | Nil | 8 |
| 90-91 | Nil | Nil | Nil | 7 | Nil | 7 |
| 91-92 | Nil | Nil | - | 2 | 3 | 5 |
| 92-93 | Nil | Nil | - | 1 | 1 | 2 |
| 94-95 | Nil | Nil | - | 6 | Nil | 6 |
| 95-96 | Nil | Nil | - | Nil | Nil | Nil |
| ആകെ | 14 | 30 | 9 | 16 | 4 | 73 |

അവലംബം പഞ്ചായത്താഫീസ്

ഭവനനിർമ്മാണ ബോർഡ് വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളുടെയും, വായ്പകളുടെയും തുക വർദ്ധിപ്പിക്കണം.

ഭവന നിർമ്മാണത്തിന് വിദഗ്ദ തൊഴിലാളിക്കും അവിദഗ്ധ തൊഴിലാളിക്കും കിട്ടുന്ന കൂലി ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വർഷം | വിദഗ്ദ തൊഴിലാളികളുടെ കൂലി | അവിദഗ്ധ തൊഴിലാളികളുടെ കൂലി |
|---|---|---|
| 1975-76 | 10 | 7 |
| 1992-93 | 80-90 | 65-70 |
| 1994-95 | 90-100 | 70-75 |
| 95-96 | 190-125 | 90-100 |

സ്ത്രീകൾ ആരും വിദഗ്ദ തൊഴിലാളികളായി അറിയപ്പെടുന്നില്ല. പുരുഷ തൊഴിലാളികളേക്കാൾ സ്ത്രീ തൊഴിലാളികളാണ് നമ്മുടെ പഞ്ചായത്തിൽ കൂടുതൽ. എന്നാൽ സ്ത്രീതൊഴിലാളികൾക്ക് കൂലി കുറവാണ്. ഇവരുടെ 1995ലെ കൂലി നിരക്ക് 50-60 രൂപയാണ്.

**കെട്ടിട നിർമ്മാണ സാമഗ്രികളിലുണ്ടായ വിലവർദ്ധനവ് പട്ടിക 3 വിശദമാക്കുന്നു.**

**പട്ടിക 3**

| വർഷം | സാമഗ്രികളുടെ വില | | | | | | |
|---|---|---|---|---|---|---|---|
| | സിമന്റ് | കല്ല് 1000 കല്ലിന് | കമ്പി | ഓട് ഫസ്റ്റ്ക്ലാസ് | പ്ളാവ് | തേക്ക് | പടുമരം |
| 1987–88 | 70രൂപ | 1000 | 13 | 2500 | 90 | 160 | 60 |
| 1989 | 100 | 2800 | 13.75 | 3500 | 100 | 190 | 75 |
| 1992–94 | 150 | 4000 | 14.90 | 4500 | 120 | 225 | 80 |
| 1995–96 | 185 | 5000–6500 | 16.50 | 5500 | 150 | 275 | 100 |

നമ്മുടെ പഞ്ചായത്തിലെ ഏഴ് ഹരിജൻ കോളനിയിൽ ഇല്ലം കുടുംബ്, ശങ്കരൻ കണ്ടി, കോട്ടത്ത് കുടുംബ്, കുറ്റ്യാടിച്ചാൽ, ആനക്കുഴി എന്നീ കോളനികൾ അംഗീകരിച്ചവയും ഉന്നമുള്ള ചാലിൽ കോളനി, തൃക്കുന്ന് കോളനി എന്നിവ അംഗീകരിക്കാത്തവയുമാണ്.

## *പ്രശ്നങ്ങൾ*

1.നിർമ്മാണ ചെലവിലുണ്ടായ വർദ്ധനവ്.

2. വിദഗ്ദ തൊഴിലാളികളുടെ അഭാവം

3. ഭവന നിർമ്മാണ രംഗത്തെ കുറിച്ചുള്ള അജ്ഞത

4. ദുർബല വിഭാഗത്തിൽപെട്ടവർക്ക് ലഭിക്കുന്ന സാമ്പത്തിക ആനുകൂല്യവും നിർമ്മാണ ചിലവുമായുള്ള പൊരുത്തക്കേട്.

5. വായ്പ ലഭ്യമാക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കാലതാമസവും.

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

1. നമ്മുടെ പഞ്ചായത്തിൽ സ്വന്തമായി വീടുവെക്കാൻ സാധിക്കാത്ത ദുർബല വിഭാഗങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.

2. ഓലപ്പുരകൾ ഓടാക്കി മാറ്റാനുള്ള സാമ്പത്തിക സഹായം നൽകുക.

3. കൃഷിയിടങ്ങൾ നികത്തി വീടുകൾ ഉണ്ടാക്കുന്ന നില മാറ്റാനാവശ്യമായ ബോധവൽക്കരണവും നിയമ നടപടിയും പഞ്ചായത്ത് തലത്തിൽ ഉണ്ടായിരിക്കണം.

4. നിർമ്മാണ ചെലവ് 3 ലക്ഷത്തിൽ കൂടുതൽ വരുന്ന വീടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.

5. വീടുകൾ പുതുക്കി പണിയുവാനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് മുഖേന പലിശ രഹിത വായ്പയായി നൽകുക.

6. സർക്കാറിൽ നിന്ന് വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

7. സഹകരണ സംഘങ്ങൾ മുഖേന ഭവന നിർമ്മാണ വായ്പകൾ വിതരണം ചെയ്യുക. വായ്പ തുക 50,000 രൂപയായി വർദ്ധിപ്പിച്ച് സബ്സിഡി നൽകുകയുയം ചെയ്യുക.

8. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി പ്രകാരം നൽകിവരുന്ന തുക വർദ്ധിപ്പിക്കുക.

9. വീടുകൾക്ക് ഭീഷണിയായി വരുന്ന വൻമരങ്ങൾ സ്വകാര്യ സ്ഥലത്തായാലും, പൊതു സ്ഥലത്തായാലും മുറിച്ചു മാറ്റാൻ ഉള്ള അധികാരം പഞ്ചായത്തിന് നൽകുക.

10. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പർമാർക്ക് നൽകുക.

11. ചെലവ് കുറഞ്ഞ നിർമ്മാണ രീതി പ്രചരിപ്പിക്കാൻ "നിർമ്മിതി" മാതൃകയിലുള്ള കേന്ദ്രങ്ങൾ ബ്ളോക്ക് തലത്തിൽ സ്ഥാപിക്കുക.

## സാധ്യതകൾ

1. പാർപ്പിട നിർമ്മാണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകാൻ ഒരു വിദഗ്ധോപദേശ കേന്ദ്രം ആരംഭിക്കുക.

2. തൊഴിൽ വൈദഗ്ദ്യം വർദ്ധിപ്പിക്കാൻ പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകുക.

3. സഹകരണ സ്ഥാപനങ്ങളിൽ കൂടി ഭവന നിർമ്മാണ സാമഗ്രികൾ വിതരണ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

നമ്മുടെ ലക്ഷ്യം തില്ലങ്കേരി ഗ്രാമ പഞ്ചായത്തിൽ 5 വർഷം കൊണ്ട്, പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടലാവട്ടെ, അതിനുള്ള പരിശ്രമം കൂട്ടായ്മയിലൂടെ നമുക്ക് സ്വായത്തമാക്കാം.

ശുഭം

# സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും തൊഴിലുടമ തൊഴിലാളി സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും നിലവിലുണ്ട്. പട്ടിക ജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി വികസന കോർപ്പറേഷനും വനിതകളുടെ പുരോഗമനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവൃത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഗുണഫലം നമ്മുടെ പഞ്ചായത്തിൽ എത്തിയിട്ടില്ല.

നിലവിലുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിലുള്ള പോരായ്മകൾ വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ആവശ്യത്തിനും യഥാസമയത്തും ലഭിക്കായ്ക, ഉപയോഗപ്പെടുത്തുമ്പോഴുണ്ടാകുന്ന സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടവയാണ്. തൊഴിലാളി- തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

പഞ്ചായത്തിലെ എല്ലാ കാർഷിക നിർമ്മാണ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ സാധിച്ചിട്ടില്ല. പട്ടിക ജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഓഫീസ് കണ്ണൂരിലായതിനാൽ ആനുകൂല്യം ലഭിക്കുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്. തില്ലങ്കേരിയിൽ ഇതിന്റെ ഓഫീസ് അനുവദിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമ രംഗത്ത് കാര്യമായി സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് വഴിയാണ്.

ഏറ്റവും അവസാനം നടന്ന IRDP സർവ്വേ അനുസരിച്ച് 1475 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയാണ്. IRDP പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർ 50 പേരുള്ളതിനാൽ 7 പേർക്ക് മാത്രമേ സഹായം ലഭിച്ചിട്ടുള്ളൂ.

DWRCA, TRYSEM, എന്നിവ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടിയുള്ള പദ്ധതികളാണ്. TRYSEM പദ്ധതിയനുസരിച്ച് ആകെ പരിശീലനം ലഭിച്ചവരുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | എണ്ണം | വർഷം | എണ്ണം |
|---|---|---|---|
| 1985–86 | 6 പേർ | 1986–87 | 2 പേർ |
| 1987–88 | 2 പേർ | 1988–89 | 1 ആൾ |
| 1989–90 | 3 പേർ | 1991–92 | 18 പേർ |
| 1992–93 | 4 പേർ | 1993–94 | 2 പേർ |
| | ആകെ | 38 പേർ | |

DWRCA പദ്ധതിയനുസരിച്ച് ആകെ ഒരു റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് IIIാം വാർഡിൽ പ്രവർത്തിക്കുന്നു. ഇതിന് 30,000 രൂപ ലോൺ അനുവദിച്ചതിൽ 15,000 രൂപ സബ്സിഡിയാണ്. കരിങ്കൽ ജില്ലി യൂനിറ്റ്, ബീഡി യൂനിറ്റ് എന്നിവയ്ക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്.

കരിങ്കൽ ജില്ലി യൂണിറ്റ് ആരംഭിച്ചുവെങ്കിലും പിന്നീട് ഇതിന്റെ പ്രവർത്തനം നിലച്ചുപോവകയാണ് ഉണ്ടായത്.

ഇപ്പോൾ നിലവിലുള്ള ബീഡിതെറുപ്പ് സ്ത്രീകൾ വീടുകളിൽ വെച്ച് ചെയ്തു വരികയാണ്. ഇത് ഏകോപിപ്പിച്ച് നല്ല സാധ്യതയുള്ള ഒരു യൂനിറ്റായി പ്രവർത്തിപ്പിക്കാവുന്നതാണ്.

വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കപ്പെടുന്ന സാമ്പത്തിക സഹായംകൊണ്ട് പ്രവർത്തനം തൃപ്തികരമായി പൂർത്തിയാക്കാൻ കഴിയുന്നില്ല.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം സൽകുന്നത് IRDP മുഖേനയാണ്. ഭൂരിഭാഗം വീടുകളിലും കക്കൂസുകൾ ഇല്ലാത്തത് ഒരു പോരായ്മയായി നിലനിൽക്കുന്നു.

1992ന് ശേഷം IRDP മുഖേന അനുവദിച്ച 27 കക്കൂസുകൾ നിർമ്മിച്ചിട്ടുണ്ട്. സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത മുഴുവൻ വീടുകളിലും പഞ്ചായത്ത് മുഖേന കക്കൂസുകൾ അനുവദിക്കേണ്ടതാണ്.

1992–96 വരെയുള്ള കാലയളവിൽ IRDP പ്രകാരം വിവിധ പദ്ധതികൾ മുഖേന കുടുംബങ്ങൾക്കനുവദിച്ച തുകയും സബ്സിഡിയും താഴെ കൊടുക്കുന്നു.

| വർഷം | സബ്സിഡി | വായ്പ |
|---|---|---|
| 1992–93 | 80464 | 160034 |
| 1993–94 | 69706 | 10,1993 |
| 1994–95 | 122678 | 364567 |
| 1995–96 | 72000 | 176067 |
| ആകെ | 344848 | 802661 |

അവലംബം വി.ഇ.ഒ ഓഫീസ്

## *വില്ലേജ് ഓഫീസ് വഴിയുള്ള ക്ഷേമ പദ്ധതികൾ*

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് പ്രധാനമായി പെൻഷനുകളും, നിർദ്ധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായവുമാണ് ലഭ്യമാക്കുന്നത്.

അർഹരായ മുഴുവനാളുകൾക്കും ആനുകൂല്യം ലഭിക്കുന്നില്ലെന്നതും, അനർഹരായ കുറേപ്പേർ ആനുകൂല്യം കൈപ്പറ്റുന്നു എന്നതും ഈ ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു.

## *വിധവാ പെൻഷൻ*

കുടുംബത്തിൽ അവിവാഹതരായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. നമ്മുടെ പഞ്ചായത്തിൽ ആകെ 17 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്.

*വികലാംഗ പെൻഷൻ*

വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് ജില്ലാ ആശുപത്രിയിൽ നിന്നാണ് ലഭിക്കേണ്ടത്. വികലാംഗർ എന്നുള്ളതുകൊണ്ട് ദൂരയാത്ര ഒഴിവാക്കി കൊടുക്കുവാൻ ഏറ്റവും അടുത്ത ഗവൺമെന്റാശുപത്രിയിലെ ഡോക്ടർക്ക് ഇതിനുള്ള അധികാരം നൽകണം. നമ്മുടെ പഞ്ചായത്തിൽ 26 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്.

*കാർഷിക തൊഴിലാളി പെൻഷൻ*

അർഹരായവരെ മുഴുവനാളുകൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അനർഹരായവരെ ഒഴിവാക്കേണ്ടതുമാണ്.

അർഹരായ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പൂർണ്ണമായും പഞ്ചായത്തിന് നൽകുകയും അവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും വേണം. നമ്മുടെ പഞ്ചായത്തിൽ ആകെ 379 പേർ കാർഷിക തൊഴലാളി പെൻഷൻ വാങ്ങുന്നുണ്ട്.

*തൊഴിലില്ലായ്മ വേതനം*

അർഹരായ മുഴുവനാളുകൾക്കും വേതനം ലഭിക്കുകയും അനർഹരായവരെ ഒഴിവാക്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്താൽ തൊഴിലില്ലാത്തവർക്ക് ഒരാശ്വാസമായിരിക്കും. പഞ്ചായത്ത് വഴി വേതനം വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടായിരിക്കണം നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരുടെ എണ്ണം 75 ആണ്.

വിവിധ പെൻഷൻ പദ്ധതികൾ പ്രകാരം തില്ലങ്കേരി ഗ്രാമപഞ്ചായത്തിൽ പെൻഷൻ വാങ്ങുന്നവരുടെ വിവരം താഴെ കൊടുക്കുന്നു.

| പെൻഷനുകൾ | എണ്ണം | പെൻഷനുകൾ | എണ്ണം |
|---|---|---|---|
| കർഷകതൊഴിലാളി | 379 | വികലാംഗ | 26 |
| വിധവാ പെൻഷൻ | 17 | വാർദ്ധക്യകാല | 6 |
| കാൻസർ | 1 | ടി.ബി. | 36 |
| കുഷ്ഠരോഗ പെൻഷൻ | – | | |
| | | ആകെ | 465 |

അവലംബം വില്ലേജ് ഓഫീസ്

## ക്ഷേമനിധികളെ സംബന്ധിച്ച്

*കർഷകതൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിലെ കർഷക തൊഴിലാളികളിൽ പകുതിയിലേറെപ്പേർ ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല, കർഷക തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള ക്ഷേമനിധി തുക കാലവധി കഴിഞ്ഞിട്ടും കിട്ടാത്ത അവസ്ഥ നിലനിൽക്കുന്നു. ഇതിന് എത്രയും വേഗം പരിഹാരം ഉണ്ടാവേണ്ടതാണ്.

### *കൈതൊഴിലാളി - വിദഗ്ദ തൊഴിലാളി ക്ഷേമനിധി*

തയ്യൽക്കാർ, ബാർബർമാർ, കൊല്ലൻമാർ, മരംകയറ്റക്കാർ ബീഡിതൊഴിലാളികൾ, വാച്ച് - സൈക്കിൾ റിപ്പേർമാർ, ഫോട്ടോ ഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധിയുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഏതാനും പേർ മാത്രമാണ് ഇതിൽ അംഗങ്ങളായിട്ടുള്ളൂ.

### *കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി*

പഞ്ചായത്തിലെ കുറേപ്പേർ കെട്ടിട നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നവരാണ്. അതിൽ മുഴുവനാളുകളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. അത്കൊണ്ട് തന്നെ തൊഴിൽ മേഖലയിൽ നിന്ന് 55 വയസ്സാകുമ്പോഴേക്കും വിട്ടുനിൽക്കുവാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം.

### *അങ്കൺ വാടികൾ*

ഈ പഞ്ചായത്തിൽ 2 അംഗൻവാടികൾ മാത്രമാണ് ഉള്ളത്. അതിൽ ഒന്ന് പട്ടിക വർഗ്ഗക്കാരുടേതായി അനുവദിച്ചതാണ്. ഈ അംഗൻവാടികളിൽ തന്നെ പാചക സമാഗ്രികളോ, കളിക്കോപ്പുകളോ ഇല്ല. 1000 ജനസംഖ്യക്ക് ഒരു അംഗൻവാടി എന്ന വ്യവസ്ഥ നിലവിലുണ്ടെങ്കിലും ഈ പഞ്ചായത്തിൽ അതു പാലിച്ചതായി കാണുന്നില്ല. അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും വേതനം വളരെ തുച്ഛമാണ്, ഈ തുക വർദ്ധിപ്പിക്കേണ്ടയിരിക്കുന്നു.

## *പ്രശ്നങ്ങളും നിർദ്ദേശങ്ങളും.*

1. കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭിക്കുവാനുള്ള കാലതമാസം ഒഴിവാക്കുക, പെൻഷനനുവദിക്കാനുള്ള അധികാരം പഞ്ചായത്ത് ഭരണ സമിതികൾക്ക് നൽകുക.

2. വാർഡുകളിൽ 2 വീതം അംഗൻവാടികൾ സ്ഥാപിക്കുക.

3. മാസത്തിലൊരിക്കലെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ എൻക്വയറി കൗൺണ്ടർ/ എക്സ്റ്റെൻഷൻ സെന്റർ പഞ്ചായത്തിൽ പ്രവർത്തിപ്പിക്കുക.

4. അനാഥരായവരെ സംരക്ഷിക്കുവാൻ പഞ്ചായത്തിൽ ഒരു അഗതി മന്ദിരം സ്ഥാപിക്കുക.

5. ദുർബല ജനവിഭാഗങ്ങളിൽപ്പെട്ട വനിതകളുടെ വിവാഹ ചെലവുകൾ പഞ്ചായത്ത് മുഖേന നൽകുക.

6. പഞ്ചായത്തിലെ, ആലേശ്ശി, പള്ള്യം എന്നിവിടങ്ങളിൽ തപാൽപെട്ടി സ്ഥാപിക്കുക.

7. പഞ്ചായത്തിൽ, കുട്ടമാവിൻ കീഴിൽ, ആലേശി എന്നിവിടങ്ങളിൽ പബ്ളിക്ക് ടെലഫോൺ ബൂത്തുകൾ അനുവദിക്കുക.

8. ദുർബല വിഭാഗങ്ങൾക്കുണ്ടാവുന്ന മാരകരോഗങ്ങളുടെ സാമ്പത്തിക സഹായവും വിദഗ്ദ ഡോക്ടർമാരുടെ സേവനവും ലഭ്യമാക്കുക.

9. കർഷക തൊഴിലാളി പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയുടെ തുക 300 ആയി വർദ്ധിപ്പിക്കുകയും അതാത് മാസം നൽകാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

10. ദുർബല ജനവിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെ പ്രസവചെലവുകൾക്ക് സാമ്പത്തിക സഹായം ലഭിക്കാനുള്ള സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരം പഞ്ചായത്തിലെ PHCക്ക് നൽകുക.

11. വിവിധ തൊഴിലുകളുടെ ക്ഷേമ പദ്ധതികളിൽ അംഗങ്ങളെ ചേർക്കുന്നതിനും, വിഹിതം പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

12. പൊതുവിതരണ കേന്ദ്രം മാവേലി സ്റ്റോറുകൾ എന്നിവ വാർഡുകൾ തോറും സ്ഥാപിക്കുക.

# സംസ്ക്കാരം

അഭിമാനകരമായ സാംസ്കാരിക ത്തനിമ യുള്ള ഒരു പ്രദേശമാണല്ലോ വടക്കെ മലബാർ. വടക്കെ മലബാറിൻെറ സാംസ്കാരമാണ് നമ്മുടെ ഗ്രാമത്തില്ലും പ്രതിഫലിച്ചു കണുന്നതെന്ന് വസ്തുതകൾ വിശകലനം ചെയ്യുമ്പോൾ കാണാവുന്നതാണ്. ആചാരാനുഷ്ഠാനങ്ങളിലും, സാംസ്ക്കാരിക രംഗത്തുമെല്ലാം ഇതിൻെറ നിഴലാട്ടം ദൃശ്യമാണ്.

രണ്ടായിരത്തിലധികം വർഷത്തെ പഴക്കമുള്ള ദേവാലയങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ടെന്ന് പഴമക്കാർ പറയുന്നു. മണ്ണടിഞ്ഞ ചില ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങൾ നമ്മെ നയിക്കുന്നതും അത്തരം ചിന്തകളിലേക്കാണ്. ഈ ഗ്രമത്തിലെ ചില സ്ഥലങ്ങളിൽ കണ്ടെത്തിയ ഗുഹകളും, ശില്പ ചാതുരിയുള്ള ഭൂഗർഭ അറകളും നമ്മുടെ നിഗമനത്തെ ബലപ്പെടുത്തുന്നു.

തീണ്ടലും, തൊടീലും , അയിത്തവും നിലനിന്നിരുന്ന ഇന്നലെകളിലെ ജനസമൂഹം കുലത്തൊഴിലും കുലാചാരങ്ങളും കടുകിട വ്യത്യാസപ്പെടാതെ സംരക്ഷിച്ചവരായിരുന്നു. ഇതിന് ഒരു പരിധിവരെ ജൻമിത്വത്തിൻേറയും, നാടുവാഴിത്തത്തിൻേറയും , സാമ്പത്തിക വ്യവസ്ഥിതിയുടേയും സ്വാധീനമുണ്ടായിരുന്നു.

ജാതിയടിസ്ഥാനത്തിൽ കുലത്തൊഴിലുകൾക്ക് പ്രാമുഖ്യമുണ്ടായിരുന്നു. ജനനം, മരണം, വിവാഹം, പേരിടൽ, കാതുകുത്ത്, തിരണ്ടു കല്യാണം എന്നിവയോട് അനുബന്ധിച്ച ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസ്തമായിരുന്നു. ജാതികളെ നിയന്ത്രിച്ചു പോരുന്നത് നാട്ടുകാരവണവൻമാർ എന്ന പേരിലറിയപ്പെടുന്ന സമുദായ പ്രമാണികളായിരുന്നു. സമുദായങ്ങൾക്കകത്തു നടക്കുന്ന എല്ലാവിധ ആഘോഷങ്ങൾക്കും ഇവരുടെ മേൽനോട്ടവും കാർമ്മികത്വവും അനിവാര്യമായിരുന്നു.

വിവിധ സമുദായങ്ങൾ അനുവർത്തിച്ചു വരുന്ന കുലത്തൊഴിലുകൾക്കൊപ്പം തന്നെ കലാപരമായ പ്രവർത്തനങ്ങൾക്കും കുത്തകാവകാശം ഉണ്ടായിരുന്നു. തെയ്യം, ആടി, വേടൻ, പൂരക്കളി തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നത് ജാതിയടിസ്ഥാനത്തിലായിരുന്നു. അതുപോലെ വിവിധ ജാതിയിൽപ്പെട്ട ആളുകൾക്ക് ക്ഷേത്രാരാധന നടത്തുന്നതിന് പ്രത്യേകം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ബ്രാഹ്മണരുടെയും നാടുവാഴികളുടെയും നിയന്ത്രണത്തിന് വിധേയമായിരുന്നു, ക്ഷേത്രങ്ങൾ. കുടിപ്പള്ളിക്കൂടങ്ങൾ നടത്തുന്ന നാട്ടെഴുത്താശ്ശാൻമാരായിരുന്നു വിദ്യഭ്യാസം നൽകിയിരുന്നത്. വിവിധ ജാതിയിൽപ്പെട്ട നാട്ടെഴുത്താശ്ശാൻമാർ ഉണ്ടായിരുന്നു. എന്നാൽ അവർ ജാതിഭേദമന്യേ എല്ലാവർക്കും അക്ഷരാഭ്യാസം നല്കിയിരുന്നു. തീണ്ടലും തൊടീലും നിലനിന്നകാലത്ത് നാട്ടെഴുത്താശ്ശൻമാരുടെ ഈ ദൃശ പ്രവർത്തനം പിൽക്കാലത്ത് ദേശീയ പ്രസ്ഥാനത്തിൻെറ സന്ദേശം ഉൾക്കൊള്ളാനും ജാതി - ജൻമി വിരുദ്ധ പ്രവർത്തനത്തനങ്ങൾക്ക് ആക്കം കൂട്ടാനും സഹായക മായിട്ടുണ്ട് . സ്ക്കൂൾ വിദ്യാഭ്യാസത്തിൻെറ ആരംഭം, ദേശീയ പ്രസ്ഥാനത്തിൻെറ സന്ദേശം, നിശാപാഠ ശാലകൾ, ഹിന്ദി പഠന കേന്ദ്രങ്ങൾ എന്നിവ പുതിയൊരു സാംസ്ക്കാരിക മുന്നേറ്റത്തിന് കാരണമായി. തില്ലങ്കേരി ശിവക്ഷേത്രത്തിൽ അവർണ്ണരുടെ പ്രവേശനം അധഃസ്ഥിത പിന്നോക്കജാതിക്കാരായവരെ സമൂഹത്തിൻെറ മുഖ്യധാരയിൽ എത്തിക്കാൻ സഹായിച്ചു.

1955 ൽ സ്ഥാപിക്കപ്പെട്ട ദേശീയഗ്രന്ഥാലയം , തില്ലങ്കേരിയുടെ സാംസ്ക്കാരിക രംഗത്ത് നൽകിയ സംഭാവനകൾ നിരവധിയാണ്. ഈ ഗ്രന്ഥാലയം ആരംഭിക്കുന്നതിന് വാടകയില്ലാത്ത കെട്ടിടം വിട്ടുകൊടുക്കുകയും സ്വന്തം കെട്ടിടം നിർമിക്കുന്നതിന് സ്ഥലവും, മരവും സംഭാവന നൽകുകയും ചെയ്ത ശ്രീ. എം. കെ. കുഞ്ഞിക്കണ്ണകുറുപ്പും, തില്ലങ്കേരിഗവ. യു. പി. സ്ക്കൂളിനു വേണ്ട സ്ഥലസൗകര്യം നൽകുകയും വിദ്യാർത്ഥികൾക്ക് സുഗമമായി സ്ക്കൂളിലെത്താൻ പാലം നിർമ്മിച്ചു കൊടുക്കുക

യും ചെയ്ത ശ്രീ സി. കെ നാരായണൻ നമ്പ്യാരും സാമൂഹ്യസാംസ്കാരികമണ്ഡലങ്ങളിലെ പ്രമുഖരിൽ ചിലരാണ്.

തില്ലങ്കേരിയിൽ ഒരു ഗ്രന്ഥാലയം എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിന് നേതൃത്വം നൽകിയവരാണ് സർവ്വ ശ്രീ പി. വി. പത്മനാഭൻ നമ്പ്യാർ, സി. വി. പത്മനാഭൻ നമ്പ്യാർ. പി. എം കുഞ്ഞികൃഷ്ണൻ നമ്പ്യാർ, പി. എ. കുഞ്ഞിരാമൻ നമ്പ്യാർ, കെ. കണ്ണൻ, കെ പി. കുഞ്ഞികൃഷ്ണൻ നമ്പ്യാർ, സി എം. കുഞ്ഞിരാമൻ നമ്പ്യാർ എന്നിവർ. ഈ ഗ്രന്ഥാലയത്തിന്റെ ഉപഘടകമായി ''ഉദയ കലാസമിതി'' എന്ന പേരിൽ ഒരു ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബും നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. തുടർന്ന് യുവജന കലാസമിതി, യംഗ്സെന്റർ, തുടങ്ങിയ നിരവധി ആർട്ട്സ് - സ്പോർട്ട്സ് ക്ലബ്ബുകൾ സ്ഥാപിക്കപ്പെട്ടു.

വടക്കെ മലബാറിലെ പഴയ നാടക കലയായ വെള്ളരി നാടകം ഈ ഗ്രാമത്തിൽ പ്രചുര പ്രചാരം നേടിയിരുന്നു. ഈ കലാസംരംഭത്തിന് നേതൃത്വം നൽകിയവരിൽ സർവ്വശ്രീ ചാത്തുഗുരുക്കൾ, കൃഷ്ണൻ ഗുരുക്കൾ, മുണ്ടയോടൻ അപ്പനായർ, എം. കെ . കുഞ്ഞിക്കണ്ണക്കുറുപ്പ് എന്നിവരുടെ പ്രവർത്തനങ്ങൾ ഓർമ്മയിൽ സൂക്ഷിക്കുന്ന ഒരു തലമുറ ഇന്നും ഈ ഗ്രാമത്തിലുണ്ട്. കലാപ്രവർത്തനരംഗത്ത് തന്റേതായ സംഭാവനകൾ നല്കുന്ന വ്യക്തിയാണ് ഒ. പി . തില്ലങ്കേരി (ഒ. പൈതൽ). അദ്ദേഹത്തിന്റെ നാടക ചമയങ്ങളും , മരം കൊണ്ട് നിർമ്മിച്ച മുഖം മൂടികളും, ശില്പങ്ങളും ആകർഷകങ്ങളാണ്.

ഈ ഗ്രാമത്തിൽ കെട്ടിയാടുന്ന പ്രധാന തെയ്യങ്ങൾ ശ്രീ മുത്തപ്പൻ, ഭഗവതി, ഘണ്ടാകർണ്ണൻ, ഗുളികൻ, പൊട്ടൻ തെയ്യം, ബപ്പൂരാൻ, വയനാട്ടു കുലവൻ, രുദ്രപാലൻ, വന ദേവതകൾ , ചാമുണ്ഡി, ശാസ്തപ്പൻ, വസൂരിമാല എന്നിവയാണ്. ഇവ കെട്ടിയാടുന്നതിനുള്ള അധികാരം ചില പ്രത്യേക സമുദായക്കാർക്ക് മാത്രമാണ്.

തങ്ങളുടെ സവിശേഷമായ ആചാരങ്ങളിൽ ചിലതെങ്കിലും ഇന്നും നിലനിർത്തുന്നവരാണ് ആദിവാസികളായ പണിയർ. തിരണ്ടുകല്യാണം, മരണാനന്തര ചടങ്ങുകൾ (കാക്കപ്പാട്ട്) എന്നിവയോടനുബന്ധിച്ചുള്ള ചടങ്ങുകളിൽ ''തുടി'' എന്ന പ്രത്യേക തരം വാദ്യോപകരണം ഇവർ ഉപയോഗിക്കുന്നു. ഇവരുടെ ശവസംസ്കാര രീതികളും ചടങ്ങുകളും വ്യത്യസ്തമാണ്.

നമ്മുടെ ഗ്രാമത്തിൽ ഹിന്ദുക്കൾക്കും , മുസ്ലിങ്ങൾക്കും മാത്രമെ ആരാധനാലയങ്ങളുള്ളൂ. അതിൽ ഹിന്ദുമതത്തിൽ ഉൾപ്പെടുന്ന വിവിധ സമുദായക്കാർക്ക് അവരവരുടേതായ പ്രത്യേകം പ്രത്യേകം ആരധനാലയങ്ങളുണ്ട് . ഉത്സവ പരിപാടികൾ എല്ലാവരുടെയും സഹകരണത്തോടെ നടത്തപ്പെടുന്നു. ഇന്ന് ഇവ സാംസ്കാരിക സംഗമ വേദികൂടിയായി മാറിയിട്ടുണ്ട്. മുസ്ലിങ്ങൾ അവരുടെ ആരാധനാലയങ്ങളിൽ മതപരമായ വിവിധ ആഘോഷ പരിപാടികൾ നടത്തുന്നു.

*'' ജാതി ഭേദം മത ദ്വേഷം*
*ഏതുമില്ലാതെ സർവ്വരും*
*സോദരത്വേന വാഴുന്ന*
*മാതൃകാസ്ഥാനമാണിത്''* -

എന്ന ഗുരുദേവ സൂക്തം ഇവിടെ തികച്ചു അന്വർത്ഥമാണ്.

## കായികരംഗം

പഴയ കാലങ്ങളി ൽ ചതുരംഗം, വാരകളി, ആട്ടകളി (തലപ്പന്ത് ) , ഇട്ടിയും കോലും , കോട്ടികളി (ഗോലികളി), പൂരക്കളി, കോൽക്കളി , കക്ക് കളി, കൊത്തങ്കല്ല്, കുമ്മിയടി എന്നിവയായിരുന്നു പ്രധാനകളികൾ. ചില കേന്ദ്രങ്ങളിൽ കളരി അഭ്യാസവും പരിശീലിപ്പിച്ചിരുന്നു. വോളിബോൾ, ഫൂട്ബോൾ, ബാഡ്മിൻഡൻ എന്നിവയിൽ നിലവാരമുള്ള കളിക്കാരെ സംഭാവന ചെയ്യാൻ ഈ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഇന്ന് ക്രിക്കറ്റിനോട് യുവാക്കൾക്കുള്ള അമിതമായ ആഭിമുഖ്യം മറ്റ് കളികളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. അതിൽ ടി. വി. സംസ്ക്കാരം ഒരു പ്രേരകഘടകമാണ്. ഈ പഞ്ചായത്തിലെ ദേശീയ തലത്തിൽ അംഗീകാരം ലഭിച്ച കായിക താരങ്ങളാണ് സി. രാജീവനും ഒ. കെ. അരുൺ കുമാറും.

## പ്രശ്നങ്ങൾ

1. സാംസ്ക്കാരിക സ്ഥാപനങ്ങളെ ജനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
2. നിലവിലുള്ള വായന ശാലകളുടെയും ആർട്സ് & സ്പോർട്സ് ക്ലബുകളുടെയും പ്രവർത്തനങ്ങൾ തൃപ്തികരമല്ല.
3. തില്ലങ്കേരിയിൽ ഒരു ഗ്രന്ഥാലയം മാത്രമേ ഉള്ളൂ. അതു തന്നെ പഴകി ജീർണ്ണിച്ച കെട്ടിടമാണ്. ടി. വി. ഇല്ല. പുസ്തകങ്ങൾ കുറവാണ്. ഫർണിച്ചർ കുറവാണ്.
4. പഞ്ചായത്തിൽ ഒരു സാംസ്ക്കാരിക നിലയം ഇല്ല.
5. കായിക പരിശീലന കേന്ദ്രം ഇല്ല.
6. പഞ്ചായത്തിൽ ആകെ ഒരു മിനി സ്റ്റേഡിയം മാത്രമെ ഉള്ളൂ.

## സാധ്യതകൾ

1. നിലവിലുള്ള ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളുടേയും വായനശാലകളുടേയും പ്രവർത്തനം അതാത് പ്രദേശത്തെ സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് അഭിവൃദ്ധിപ്പെടുത്തുക.
2. തില്ലങ്കേരി ദേശീയ ഗ്രന്ഥാലയത്തിൻെറ കെട്ടിടം പുതുക്കിപണിയുക. പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക, റഫറൻസ് ലൈബ്രറിയായി ഉയർത്തുക, ടി. വി. സെറ്റ് അനുവദിക്കുക.
3 പള്ള്യം, പടിക്കച്ചാൽ, തെക്കൻ പൊയിൽ, വാഴക്കാൽ, കാവുംപടി, പെരിങ്ങാനം, മച്ചൂർ മല എന്നി വിടങ്ങളിലെ വായനശാലകൾക്ക് ധനസഹായം നൽകി ഗ്രന്ഥാലയങ്ങളായി ഉയർത്തുക.
4 തലച്ചങ്ങാട് ഒരു വായനശാല സ്ഥാപിക്കുക.
5 കായിക പ്രതിഭകളെ കണ്ടെത്തി കായികാഭിരുചി വളർത്താൻ പദ്ധതികൾ ആവിഷ്ക്കരിക്കുക.
6 ഗ്രാമത്തിലെ മുഴുവൻ ആർട്സ്, സ്പോർട്സ് ക്ലബ്ബുകളെയും, വായന ശാലകളെയും, ഗ്രന്ഥാലയങ്ങളെയും ഉൾപ്പെടുത്തി ഒരു സാംസ്കാരിക കേന്ദ്രം ഉണ്ടാക്കുക.
7 ഒരു സാംസ്ക്കാരിക നിലയം പണിയുക.
8 ഒരു സംഗീത നൃത്ത പഠന കേന്ദ്രം തുടങ്ങുക.
9 നാടൻ കലകൾ, ആദിവാസി കലകൾ എന്നിവ പ്രോൽസാഹിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക.

## ഗ്രന്ഥാലയങ്ങൾ

| പേര് | സ്ഥാപിച്ച വർഷം | പ്രവർത്തനങ്ങൾ | അഫിലിയേഷൻ | സ്വന്തമായി കെട്ടിടവും സ്ഥലവും ഉണ്ടോ | പുസ്തകങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| തില്ലങ്കേരി ദേശീയ ഗ്രന്ഥാലയം | 1955 | ഗ്രന്ഥാലയം വായനശാല | സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | ഉണ്ട് | 5,600 |

## വായനശാലകൾ

| ക്രമ നമ്പ്ര് | പേര് | സ്ഥാപിച്ച തീയ്യതി | അഫിലിയേഷൻ | സ്വന്തമായി കെട്ടിടവും സ്ഥലവും ഉണ്ടോ |
|---|---|---|---|---|
| 1 | ചാത്തുമാസ്റ്റർ സ്മാരക വായന ശാല, മച്ചൂർ മല | 1982 | ഇല്ല | ഉണ്ട് |
| 2 | സ. കുണ്ടാഞ്ചേരി ഗോവിന്ദൻ സ്മാരക വായന ശാല പെരിങ്ങാനം | 1983 | ഇല്ല | ഉണ്ട് |
| 3 | ജ്ഞാനോദയം വായന ശാല പടിക്കച്ചാൽ | 1983 | ഇല്ല | ഉണ്ട് |
| 4 | ഗ്രാമദീപം വായനശാല തെക്കൻ പോയിൽ | 1976 | ഇല്ല | ഉണ്ട് |
| 5 | ഗ്രാമീണ വായനശാല തെക്കൻ പൊയിൽ | 1994 മാർച്ച് | ഇല്ല | ഇല്ല |

# വനിതാക്ഷേമം

ജനസംഖ്യയിൽ പകുതിയിലേറെ വരുന്ന സ്ത്രീകൾ നാടിന്റെ വികസന പ്രവർത്തനങ്ങളടക്കമുള്ള സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പിന്തള്ളപ്പെടുന്ന സാഹചര്യമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിന് സാമൂഹ്യവും സാമ്പത്തികവുമായ നിരവധി കാരണങ്ങളുണ്ട്. ഇവയെ വസ്തുനിഷ്ടമായി വിലയിരുത്തുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ, സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളിലോ, സാമൂഹ്യ പ്രവർത്തനങ്ങളിലോ അക്കാലത്ത് നേതൃത്വപരമായ പങ്കുവഹിച്ചിരുന്നില്ല. സമൂഹത്തിൽ നില നിന്ന യാഥാസ്ഥിതികത്വവും സ്ത്രീ സ്വാതന്ത്ര്യ നിഷേധവുമാണ് ഇതിന്റെ കാരണങ്ങൾ.

1913നു മുമ്പുതന്നെ സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള പരിമിതമായ സൗകര്യങ്ങൾ ലഭിച്ചിരുന്നു. ആൺകുട്ടികളേയും പെൺകുട്ടികളേയും വെവ്വേറെ ഇരുത്തിയായിരുന്നു അന്ന് അദ്ധ്യയനം നടത്തിയിരുന്നത്.

എങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ സ്ത്രീപങ്കാളിത്തം പരിതാപകരമായിരുന്നു. ശ്രീമതി.പി.എം.കമലം ആണ് പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണി. സത്രീകൾ ഭരണ രംഗത്തേക്ക് കടന്നു വരുന്നത് 1960കളിലാണ്. തില്ലങ്കേരി ഉൾപ്പെടുന്ന മുഴക്കുന്ന് പഞ്ചായത്തിലെ ആദ്യത്തെ വനിതാ ഭരണ സമിതി അംഗം മച്ചൂർ മേഖലയിലെ ശ്രീമതി കാരായി അമ്മിണിയായിരുന്നു.

സാമൂഹ്യ സാസംകാരിക മേഖലകളിൽ സ്ത്രീകളുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധേയമായ ഇടപെടൽ 1976ൽ തില്ലങ്കേരി മഹിളാ സമാജത്തിന്റെ രൂപീകരണത്തോടുകൂടിയാണ് ഉണ്ടായത്. ശ്രീമതി.പി.വി.രാധ (പ്രസിഡണ്ട്) ശ്രീമതി ചേപ്പാലിൽ ശ്രീദേവി (സിക്രട്ടറി) എന്നിവരായിരുന്നു പ്രഥമ ഭാരവാഹികൾ. ഇതേ തുടർന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം മഹിളാ സമാജങ്ങൾ രൂപം കൊണ്ടു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സമാജത്തിന്റെ പേര് | സ്ഥാപന വർഷം | സ്വന്തമായി കെട്ടിടം ഉണ്ടോ | മെമ്പർമാരുടെ എണ്ണം |
|---|---|---|---|---|
| 1. | കൈരളി, പടിക്കച്ചാൽ | 1983 | ഇല്ല | 22 |
| 2. | ഇന്ദിരാജി, തെക്കൻപൊയിൽ | 1995 | ഇല്ല | 45 |
| 3. | പ്രിയദർശിനി മഹിളാസമാജം | 1989 | ഇല്ല | 42 |
| 4. | തില്ലങ്കേരി മഹിളാ സമാജം | 1976 | ഉണ്ട് | 50 |
| 5. | നവധാര ആലയാട് | | ഇല്ല | |
| 6. | വൈസി കുട്ടിവാവ് | 1981 | ഇല്ല | 49 |

പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടതിനെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പ്രസിഡണ്ടായി ശ്രീമതി.ഐ.ജാനകിയും വനിതാ മെമ്പർമാരായി ശ്രീമതി.കെ.വിലാസിനയും, വി.വസന്തയും തിരഞ്ഞെടുക്കപ്പെട്ടു.

**പട്ടിക 2**

| ആകെ ജനസംഖ്യ | പുരുഷൻ | സ്ത്രീ | സ്ത്രീ ശതമാനം | അനുപാതം 1000ന് | കാർഷിക തൊഴിലാളി |
|---|---|---|---|---|---|
| 12347 | 6050 | 6297 | 50.8% | 1041 | 1062 |

അവലംബം 1991 സെൻസസ്

സ്ത്രീ തൊഴിലാളികളിൽ ഭൂരിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നവരാണ്. ഉദ്യോഗസ്ഥകളുടെ എണ്ണം പരിമിതമാണ്. പഞ്ചായത്തിലെ രാഷ്ട്രീയ സാംസ്കാരിക പ്രസ്ഥാനങ്ങളിലെ നേതൃസ്ഥാനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്നും ശോചനീയമാണ്.

ആരോഗ്യ രംഗത്ത് സ്ത്രീകളുടേത് മാത്രമായ നിരവധി പ്രശ്നങ്ങളുണ്ട്. അതിനു കാരണം പുറമേയുള്ള ജോലി, ശിശു പരിപാലനം, ഗാർഹിക ജോലി എന്നിവയാണ്.

## വനാതാ സംരംഭങ്ങൾ

വനിതകളുടേത് മാത്രമായി രണ്ട് സഹകരണ സംഘങ്ങളും, ഇരിട്ടി ബ്ളോക്കിന്റെ സഹായത്തോടെ (DWRCA) പദ്ധതി പ്രകാരം നടത്തുന്ന റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്.

**പട്ടിക 3**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | മെമ്പർ മാരുടെ എണ്ണം | ജീവനക്കാരുടെ /ഗുണഭോക്താക്കളുടെ എണ്ണം | വായ്പ തുക |
|---|---|---|---|---|
| 1. | തില്ലങ്കേരി വനിതാ സഹകരണ സംഘം | 533 | 7 | 16,20,200 |
| 2. | കാവുംപടി വനിതാ സഹകരണ സംഘം | 289 | 3 | 4,83,550 |
| 3. | (DWRCA) ഗാർമെന്റ് യൂണിറ്റ് | | 3 | |

അവലംബം - സഹകരണ സംഘ രജിസ്റ്റർ

## പ്രശ്നങ്ങൾ

സ്ത്രീ സമൂഹം നേരിടുന്ന പ്രധാന പ്രശ്നം തൊഴിലില്ലായ്മയാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിനാൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്നില്ല. കുടിൽ വ്യവസായങ്ങളോ പരമ്പരാഗത വ്യവസായങ്ങളോ ഇല്ലാത്തതും കാർഷിക മേഖല ചുരുങ്ങി വരുന്നതും പ്രശ്നം രൂക്ഷമാക്കുന്നു. ആവ

ശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സംവിധാനങ്ങളും ലഭ്യമല്ലാത്തതിനാൽ മൃഗപരിപാലനവും പച്ചക്കറി കൃഷിയും ആദായകരമായ ജീവിതോപാധിയാക്കി മാറ്റാൻ കഴിയുന്നില്ല. സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ സംഘടിതമായ ഇടപെടലിലൂടെയും പുത്തൻ അവബോധത്തിന്റെയും ഫലമായി മാത്രമേ പരിഹരിക്കാൻ കഴിയൂ.

## പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ

2. വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നോക്കാവസ്ഥ

3. തൊഴിൽ മേഖലയിലുള്ള കൂലി വ്യത്യാസം

4 സ്ത്രീകളുടെ കമ്പോള വൽക്കരണ സ്വാധീനം

5. ബഹുജന സംഘടനകളിലെ വനിതാ പങ്കാളിത്തക്കുറവ്

6. സ്ത്രീപീഢനം (നിയമ സഹായത്തിന്റെ അജ്ഞത മൂലം തുറന്നു പറയാൻ മടിക്കുന്നു)

7. ആനുകൂല്യങ്ങളെ കുറിച്ചുള്ള അജ്ഞത (വനിതാ വികസന കോർപ്പറേഷൻ മുതലായവയെക്കുറിച്ച്)

8. ആരോഗ്യ രംഗത്തെ പ്രശ്നങ്ങൾ

9. പൊതു സ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യമില്ലായ്മ

10. പട്ടിക വർഗ്ഗ സ്ത്രീകളുടെ അജ്ഞതയും ജീവിക്കാനുള്ള അറിവില്ലായ്മയും.

## സാധ്യതകൾ

1. സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വ പരിശീലനങ്ങൾ.

2. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ

3. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ വാർഡുകൾ തോറും സ്ഥാപിക്കുക.

4. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം ആശുപത്രിയായി ഉയർത്തി വനിതാ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

5. പട്ടിക വർഗ്ഗ വനിതകൾക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികൾ.

6. അയൽക്കൂട്ടം/മദർ പി.ടി.എ. എന്നിവയിലെ സ്ത്രീ പങ്കാളിത്തം ചലനാത്മകമാക്കണം.

7. നിലവിലുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സമാജങ്ങൾക്ക് സ്വന്തം കെട്ടിടം സ്ഥാപിക്കുകയും ചെയ്യുക.

8. സ്ത്രീകൾ മുൻകൈ എടുത്തുള്ള ചെറുകിട-സഹകരണ സംരംഭങ്ങൾ

9. മൃഗപരിപാലനത്തിനുള്ള വായ്പാ സൗകര്യം

10. അടുക്കള തോട്ടങ്ങൾക്ക് വിത്തും വളവും സൗജന്യമായി നല്കി, വിള വിപണനത്തിന്നുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

11. വനിതാ നിയമ സഹായ സെൽ രൂപീകരണം.

12. വനിതാ വികസന കോർപ്പറേഷൻ ആനുകൂല്യങ്ങൾ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

13. ശിശു പരിപാലന കേന്ദ്രം സ്ഥാപിക്കുക.

14. വാർഡുതോറും അംഗനവാടികൾ സ്ഥാപിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

15. ഒരു വനിതാ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

**വനിതകളുടെ നേതൃത്വത്തിൽ ആരംഭിക്കാവുന്ന ചില സംരംഭങ്ങൾ**

| ക്രമ നമ്പർ | സംരംഭത്തിന്റെ പേര് | വിഭാഗം |
|---|---|---|
| 1. | കുടനിർമ്മാണം | ചെറുകിട വ്യവസായം |
| 2. | സോപ്പ് നിർമ്മാണം | " " " |
| 3. | പ്രിന്റിംഗ് & ബുക്ക് ബൈന്റിംഗ് സെൽ | " " " |
| 4. | ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം | " " " |
| 5. | എംബ്രോയിഡറി | " " " |
| 6. | ടൈലറിങ്ങ് | " " " |
| 7. | റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് | " " " |
| 8. | മസാലപ്പൊടി നിർമ്മാണം | " " " |
| 9. | കൊക്കോ കശുവണ്ടി സംസ്ക്കരണം | " " " |
| 10. | കൂൺകൃഷി കുടിൽ വ്യവസായം | കുടിൽ വ്യവസായം |
| 11. | കുറ്റിമുല്ല കൃഷി | " " " |
| 12. | ഔഷധ ച്ചെടിവളർത്തൽ | " " " |
| 13. | ആട് പശുവളർത്തൽ | " " " |
| 14. | അച്ചാർ | " " " |
| 15. | കറി പൗഡർ നിർമ്മാണം | " " " |

# സഹകരണം

**കാർ**ഷിക രാജ്യമായ ഭാരതത്തിൽ ചെറുകിട കർഷകരെ സഹായിക്കുന്നതിനു വേണ്ടി 1904ൽ രൂപീകൃതമായ (10ാം നമ്പർ ആക്ട്) സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു സഹകരണ പ്രസ്ഥാനത്തിന്റെ ആവിർഭാവം.

1946ൽ മട്ടന്നൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച മട്ടന്നൂർ പി.സി.സി സൊസൈറ്റിയുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന ഒരു ഗ്രാമമായിരുന്നു തില്ലങ്കേരി. പ്രസ്തുത സൊസൈറ്റി മട്ടന്നൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്ന പേരിൽ ഇന്ന് നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

1952 ഡിസംബർ 28ാം തിയ്യതി പെരിങ്ങാലി അരേടത്ത് കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ സർവ്വശ്രീ.പി.എം.ബാലകൃഷ്ണൻ നമ്പ്യാർ, സി.കെ.നാരായണൻ നമ്പ്യാർ, സി.കെ.ഗോവിന്ദൻ നമ്പ്യാർ, കെ.സി.കുഞ്ഞിരാമക്കുറുപ്പ്, കെ.പി.കുഞ്ഞിക്കണ്ണൻ നമ്പ്യാർ മുതലായവർ ചേർന്ന് രൂപം നൽകിയ വിവിധോദ്ദേശ ഐക്യ നാണയസംഘമാണ് നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. വർഷങ്ങൾക്ക് ശേഷം ഐക്യനാണയ സംഘം സർവ്വീസ് സഹകരണ സംഘമായും 1983ൽ സർവ്വീസ് സഹകരണ ബേങ്കായും പരിവർത്തനം മെച്ചപ്പെട്ടു. 40 അംഗങ്ങളും 500രൂപ ഓഹരി മൂലധനവുമായി ആരംഭിച്ച ഈ സ്ഥാപനത്തിന് മലബാർ കോ-ഓപ്പറേറ്റീവ് ബേങ്കിൽ നിന്നും 3000 രൂപ അംഗങ്ങൾക്ക് വായ്പ നൽകുന്നതിനായി ലഭിച്ചു. ആദ്യകാലത്ത് ചുരുങ്ങിയത് 25 രൂപയും കൂടിയത് 100രൂപയും ആയിരുന്നു അംഗങ്ങൾക്ക് നൽകിയ വായ്പകൾ. ഇന്ന് അംഗങ്ങളുടെ എണ്ണം 3337 ആയി വർദ്ധിക്കുകയും ചെയ്തു. ഇപ്പോൾ ഒരംഗത്തിന് 25000രൂപ വരെ ലോൺ നൽകി വരുന്നു. അംഗങ്ങൾക്ക് വായ്പകൾ നൽകുന്നതിന് ഗവൺമെന്റ് ഗ്രാന്റായി ഒരു ലക്ഷം രൂപയും ഓഹരി മൂലധനവും മറ്റുമായി 2290291 രൂപയും പൊതുജനങ്ങളിൽ നിന്ന് നിക്ഷേപമായി 44,00000രൂപയും ലഭ്യമായിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ഇതുവരെ 2,01,00,000രൂപ വായ്പയായി സർവ്വീസ് സഹകരണ ബേങ്ക് നൽകിവന്നിട്ടുണ്ട്. ബാങ്ക് 95-96 വർഷത്തിൽ വിതരണം ചെയ്ത വായ്പകളുടെ പട്ടിക താഴെ കൊടുക്കുന്നു.

**പട്ടിക 1**

| എണ്ണം | സ്വഭാവം | സംഖ്യ |
|---|---|---|
| 27 | കിണർ | 29,2500 |
| 10 | പമ്പ് സെറ്റ് | 105440 |
| 14 | പശു | 85000 |
| 4 | റബ്ബർ കൃഷി | 81500 |
| 2 | റബ്ബർ റോളർ | 26000 |
| 749 | വാഴകൃഷി | 3447600 |
| 143 | കപ്പകൃഷി | 373800 |
| 87 | വിദ്യാഭ്യാസം | 139700 |
| 234 | കുരുമുളക് | 920000 |

അവലംബം: സഹകരണ ബാങ്ക്

## പഞ്ചായത്തിലെ മറ്റ് സഹകരണ സംഘങ്ങൾ

1. തില്ലങ്കേരി വനിതാ സഹകരണ സംഘം
2. കാവും പടി വനിതാ സഹകരണ സംഘം
3. പട്ടിക വർഗ്ഗ സഹകരണ സംഘം

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക വായ്പാ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ് സഹകരണ ബേങ്കും, വനിതകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്ന വനിതാ സഹകരണ സംഘങ്ങളും, ഒരു പരിധി വരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ പട്ടിക വർഗ്ഗ സഹകരണ സംഘം ഫണ്ടിന്റെ അഭാവത്താൽ ഏതാണ്ട് നിർജ്ജീവാവസ്ഥയിൽ കിടക്കുന്നു. 13ആയിരത്തോളം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ സർവ്വീസ് സഹകരണ ബേങ്കിൽ 3337 മെമ്പർമാരും, വനിതാ ബേങ്കുകളിലായി 822 മെമ്പർമാരും പട്ടികവർഗ്ഗ സഹകരണ സംഘത്തിൽ 60 മെമ്പർമാരുമാണുള്ളത്. ഇതിനാൽ ബാങ്കിന്റെ പ്രവർത്തനം ചുരുങ്ങിയ ജനങ്ങളിൽ കേന്ദ്രീകരിക്കുന്നതകൊണ്ട് എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ ഗുണഫലം ലഭിക്കുന്നില്ല. ആയതിനാൽ മുഴുവൻ ജനങ്ങൾക്കും അംഗത്വം നൽകി ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും അതുവഴി ബാങ്കിന്റെയും സഹകരണ സംഘങ്ങളുടെയും പ്രവർത്തനം എല്ലാ ജനങ്ങൾക്കും ഉപകാരപ്രദമാക്കുകയും ചെയ്യണം. ഇതിന് പുറമെ ക്ഷീര വ്യവസായ സഹകരണ സംഘവും, കൺസ്യൂമർ സ്റ്റോറും, ശർക്കര സഹകരണ സംഘവും ആദ്യകാലത്ത് പ്രവർത്തിച്ചുവെങ്കിലും ഇന്നവ പ്രവർത്തന മേഖലയിൽ ഇല്ല.

## വനിതാ സഹകരണ സംഘങ്ങൾ

4-9-1992ൽ ആയിരുന്നു വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചത്. ഇവ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു വരുന്നു. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹാവശ്യത്തിനും, കിണർ കുഴിക്കുക, വീട് നന്നാക്കുക എന്നീ ആവശ്യങ്ങൾക്കും സംഘം വായ്പകൾ നൽകിവരുന്നു. കൂടാതെ സ്വയം തൊഴിൽ രംഗത്തേക്ക് സ്ത്രീകളെ ആകർഷിക്കുന്നതിന് തയ്യൽ മെഷീനുകൾ നൽകിയിട്ടുണ്ട്.

മെഴുക് തിരി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം എന്നീ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങി കൂടുതൽ വനിതകൾക്ക് ജോലി ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സംഘങ്ങൾ മുൻ ഒരുക്കങ്ങൾ നടത്തി വരുന്നു. (പട്ടിക 2 ശ്രദ്ധിക്കുക)

## പ്രശ്നങ്ങൾ

1. വായ്പാ കുടിശ്ശികയാണ് സഹകരണ സംഘങ്ങളുടെ പ്രധാന പ്രശ്നം
2. സ്ഥിരനിക്ഷേപങ്ങളുടെ കുറവ്
3. സർക്കാർ ഗ്രാന്റുകളുടെ അപര്യാപ്തത
4. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നിയന്ത്രണമില്ലാത്ത കടന്നുകയറ്റം

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ 18 വയസ്സായ മുഴുവൻ ആളുകളെയും മെമ്പർമാരാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

# വനിതാ സഹകരണ സംഘങ്ങൾ

## പട്ടിക 2

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | സ്ഥാപന വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | മൂലധനം | | | നിക്ഷേപങ്ങൾ | | | | വായ്പകൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | അംഗീകൃത മൂലധനം | പിരിഞ്ഞുകിട്ടിയമൂലധനം | സർക്കാർ ഓഹരി മൂലധനം | സ്ഥിരം | ഹ്രസ്വകാലം | ദിവസനിക്ഷേപം | ആകെ | കാർഷിക വായ്പ | മറ്റ് വായ്പകൾ | പ്രത്യേകവായ്പകൾ | ആകെ |
| 1. | തില്ലങ്കേരി വനിതാ സഹകരണ സംഘം | 4-9-92 | തില്ലങ്കേരി -ശിവപുരം വില്ലേജുകൾ | 533 | 3,50,000 | 1,92,000 | 25000 | 13,20,000 | 15,75,000 | 11 ,83,00 | 40,88,000 | ഇല്ല | 16,20290 | ഇല്ല | 16,20290 |
| 2. | കാവുംപടി വനിത സഹകരണ സംഘം | 4-9-92 | തില്ലങ്കേരി വില്ലേജ് | 289 | 2,80,000 | 36,275 | ഇല്ല | 50,000 | ഇല്ല | | | ഇല്ല | 4,83,550 | 27,951 | 5,11,501 |

അവലംബം സഹകരണസംഘങ്ങൾ

## പട്ടിക 3 – തില്ലങ്കേരി സർവ്വീസ് സഹകരണബാങ്ക്

| | | |
|---|---|---|
| | സംഘത്തിന്റെ പേര്........................................ : | തില്ലങ്കേരി സർവ്വീസ് സഹകരണബാങ്ക് |
| | സ്ഥാപന വർഷം ........................................ : | 28–12–1952 |
| | പ്രവർത്തന പരിധി........................................ : | തില്ലങ്കേരി വില്ലേജ് |
| | പ്രവൃത്തി അംഗത്വം........................................: | 3337 |
| മൂലധനം | അംഗീകൃത ഓഹരിമൂലധനം ........................ : | 16,00,00 |
| | പിരിഞ്ഞുകിട്ടിയ മൂലധനം............................ : | 6,90,291 |
| | സർക്കാർ ഓഹരിമൂലധനം............................ : | 1,00,000 |
| | ആകെ മൂലധനം ........................................ : | 7,90,291 |
| നിക്ഷേപങ്ങൾ | സ്ഥിരം ........................................................ : | 27,00,000 |
| | ഹ്രസ്വകാലം ................................................ : | 17,00,000 |
| | ആകെ ........................................................ : | 44,00,000 |
| വായ്പകൾ | കാർഷിക വായ്പകൾ........................................ : | 1,40,00,000 |
| | മറ്റ് വായ്പകൾ ................................................ : | 61,00,000 |
| | പ്രത്യേക വായ്പകൾ ........................................ : | ഇല്ല |
| | ആകെ ........................................................ : | 2,01,00,000 |
| ലാഭം/നഷ്ടം | ലാഭം........................................................ : | |
| | നഷ്ടം........................................................ : | 307617 |

## പട്ടിക 4 – തില്ലങ്കേരി പട്ടികവർഗ്ഗ സഹകരണസംഘം

| | | |
|---|---|---|
| | സംഘത്തിന്റെ പേര് : | പട്ടികവർഗ്ഗ സഹകരണ സംഘം തില്ലങ്കേരി |
| | സ്ഥാപന വർഷം ........................................ | 1995 |
| | പ്രവർത്തന പരിധി........................................: | തില്ലങ്കേരി വില്ലേജ് |
| | വ്യക്തി അംഗത്വം ........................................: | 60 |
| മൂലധനം | അംഗീകൃത ഓഹരിമൂലധനം ........................: | 25000 |
| | പിരിഞ്ഞുകിട്ടിയ മൂലധനം ............................: | 2850 |
| | സർക്കാർ ഓഹരിമൂലധനം............................: | ഇല്ല |
| | ആകെ മൂലധനം ........................................: | 2850. |
| നിക്ഷേപങ്ങൾ | സ്ഥിരം ........................................................: | 2050 |
| | ഹ്രസ്വകാലം................................................: | – |
| | ആകെ ........................................................: | 2050 |
| വായ്പകൾ | കാർഷിക വായ്പകൾ........................................: | ഇല്ല |
| | മറ്റ് വായ്പകൾ ................................................: | ഇല്ല |
| | ആകെ ........................................................: | ഇല്ല |

2. ബാങ്കിന്റെ നേതൃത്വത്തിൽ വിവിധപ്രദേശങ്ങളിൽ വളം ഡിപ്പോ ആരംഭിക്കുക.

3. പഞ്ചായത്തിലെ എല്ലാജനങ്ങളെയും നിക്ഷേപകരാക്കാൻ ജനകീയ സംവിധാനം ഏർപ്പെടുത്തുക.

4. സംഘങ്ങളുടെ കീഴിൽ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും തൊഴിൽ സംരംഭങ്ങൾക്ക് വായ്പ നൽകുകയും ചെയ്യുക.

5. ജനങ്ങളുടെ ഇടയിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

6. കർഷകരെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ അടങ്ങിയ ലാന്റ് രജിസ്റ്റർ സൂക്ഷിക്കുക. അതനുസരിച്ച് വായ്പകൾ നൽകുകയും ചെയ്യുക.

7. കാർഷിക വായ്പാ പരിധി വർദ്ധിപ്പിക്കുക.

8. കർഷകർക്ക് വിത്തും, വളവും യഥാസമയത്ത് വിതരണം ചെയ്യുവാനും, കാർഷിക ഉൽപന്നങ്ങൾ സംഭരിക്കാനും സംവിധാനം ഉണ്ടാക്കുക.

9. കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനുമായി വിപണന സംഘങ്ങൾ രൂപീകരിക്കുക.

10. നടീൽ വസ്തുക്കളുടെ നഴ്സറി സഹകരണസംഘം ആരംഭിക്കുക.

11. ക്ഷീരോല്പാദന ക്രയവിക്രയ സഹകരണ സംഘം പഞ്ചായത്തിൽ ഉണ്ടാക്കുക.

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസ പരവും, ചരിത്രപരവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിർത്തപ്പെട്ടവരായിരുന്നു പട്ടിക ജാതി പട്ടിക വർഗ്ഗാർക്കാർ. ഈയവസ്ഥ മാറ്റിയെടുക്കാൻ ഒട്ടേറെ സാമൂഹ്യ പരിഷ്കരണശ്രമങ്ങളും ക്ഷേമ പ്രവർത്തനങ്ങളും ഈ മേഖലയിൽ നടന്നിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ കുടികിടപ്പവകാശം ലഭിച്ചതും മിച്ചഭൂമി വിതരണം ചെയ്യപ്പെട്ടതും മറ്റു പിന്നോക്ക വിഭാഗങ്ങളോടൊപ്പം ഒരു പരിധിവരെ സാമൂഹിക പുരോഗതി നേടാൻ സഹായിച്ചിട്ടുണ്ട്. പഴയ കാലത്ത് അനുഭവിക്കേണ്ടി വന്ന ഉച്ചനീചത്വങ്ങളിൽ നിന്ന് മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇവരിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ തന്നെയാണ് ഇപ്പോഴും കഴിയുന്നത്.

പട്ടിക ജാതി വിഭാഗത്തിൽ വണ്ണാൻ, മലയൻ എന്നിവരും പട്ടിക വിഭാഗത്തിൽ അടിയാൻ, പണിയർ എന്നിവരുമാണ് നമ്മടെ ഗ്രാമത്തിലുള്ളത്. 1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ പട്ടിക ജാതി. പട്ടിക വർഗ്ഗക്കാരുടെ എണ്ണം 555 ആണ്. ഇത് ഗ്രാമത്തിലെ ജനസംഖ്യയുടെ 4.5%മാണ്.

**പട്ടിക 1**

| പട്ടിക ജാതി | | | | പട്ടിക വർഗ്ഗം | | | | ആകെ അംഗങ്ങൾ |
|---|---|---|---|---|---|---|---|---|
| വണ്ണാൻ | | മലയാർ | | അടിയാൻ | | പണിയർ | | പട്ടിക ജാതി 196<br>പട്ടിക വർഗ്ഗം 350 |
| കുടുംബം | അംഗം | കുടുംബം | അംഗം | കുടുംബം | അംഗം | കുടുംബം | അംഗം | |
| 40 | 136 | 10 | 60 | 11 | 43 | 77 | 316 | |

അവലംബം – സെൻസസ് റിപ്പോർട്ട് 1991

മലയ–വണ്ണാൻ സമുദായക്കാർ തെയ്യാം, ആടി, വേടൻ തുടങ്ങിയ അനുഷ്ഠാന കലകളിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഉപജീവനം കഴിച്ചിരുന്നത്. പാരമ്പര്യ ചികിത്സ, അലക്ക് എന്നിവ വണ്ണാന്മാരുടെയും, മന്ത്രവാദം, ബാധ ഒഴിപ്പിക്കൽ പ്രസവ ശുശ്രൂഷ എന്നിവ മലയരുടെയും പ്രവൃത്തിയായിരുന്നു.

പട്ടിക വർഗ്ഗക്കാരായ അടിയാനും പണയരും കൃഷിപ്പണിയെ ആശ്രയിച്ചു. ഇതിൽ പണിയർ ഭാഷ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ സവിശേഷത പുലർത്തിയിരുന്ന ഒരു വിഭാഗമാണ്. ലിപിയില്ലാത്ത ഒരു പ്രത്യേക തരം ഭാഷയിലാണ് അവർ തമ്മിൽ സംസാരിക്കുന്നത്. അവരുടെ താമസസ്ഥലത്തോടു ചേർന്ന് "മണിത്തറ" എന്ന പേരിൽ ഒരു ആരാധനാ സ്ഥാനമുണ്ട്. അടുത്തകാലം വരെ ശങ്കരൻകണ്ടി, ആലയാട് പുത്തൻ വീട്, പടിഞ്ഞാറ്റ ഇല്ലം എന്നീ ജന്മികുടുംബങ്ങളുടെ ആശ്രതന്മാർ

എന്ന നിലക്ക് അവരുടെ കൃഷിയിടങ്ങളിൽ ജോലി ചെയ്ത് ഇവർ കഴിഞ്ഞു വന്നു. ജനനം, വിവാഹം, മരണം എന്നിവയോടനുബന്ധിച്ച ആചാരങ്ങൾക്കും, രോഗ ചികിത്സ, ബാധയൊഴിപ്പിക്കൽ, തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കൽ, തെറ്റു ചെയ്തവരെ ശിക്ഷിക്കൽ എന്നിവയ്ക്കെല്ലാമുള്ള അധികാരം മൂപ്പനായിരുന്നു. ഈ മൂപ്പനെ നിശ്ചയിക്കുന്നത് ജന്മിയായിരുന്നു.

## പാർപ്പിടം

നമ്മുടെ പഞ്ചായത്തിൽ 7 പട്ടിക വർഗ കോളനികളുണ്ട് കോളനികളിലല്ലാതെ ഇവർ വേറിട്ടും താമസിക്കുന്നുണ്ട്. പട്ടിക ജാതിക്കാരുടേത് മാത്രമായി കോളനികളില്ല.

സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി പഞ്ചായത്തിലെ 90% പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും വീടു ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിച്ച വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പരിമിതമാണ്. ഗുണനിലവാരം കുറഞ്ഞ നിർമ്മാണ സാമഗ്രികൾ മിക്ക വീടുകളും നിർമ്മിച്ചിരിക്കുന്നത്. വീടു നിർമ്മാണത്തിന് വേണ്ടി വരുന്ന യഥാർത്ഥ ചെലവും, സർക്കാർ അനുവദിക്കുന്ന തുകയും ഇന്നത്തെ നിർമ്മാണ സാമഗ്രികളുടെ വിലയുമായി പൊരുത്തമില്ലാത്തതാണ് ഇതിനു കാരണം. വീടുകളോടനുബന്ധിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള കക്കൂസും ഉപയോഗക്ഷമമല്ല.

പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്നവരുടെ 36 വീടുകൾക്കേ വൈദ്യുതി ലഭിച്ചിട്ടുള്ളൂ. 22 പുതിയ വീടുകളും 123 കക്കൂസുകളും നിർമ്മിക്കേണ്ടതായിട്ടുണ്ട്.

കോളനികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇതിനു പരിഹാരമെന്ന നിലയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കുഴൽ കിണറുകൾ ഉദ്ദേശിച്ച ഫലം ചെയ്തിട്ടില്ല.

**പട്ടിക 2**

| വാർഡ് നമ്പർ | നിലവിലുള്ള വീടുകൾ | | വീടിന്റെ സ്വഭാവം | | | ആവശ്യമായ പുതിയ വീടുകൾ | | ആവശ്യമുള്ള കക്കൂസ് | | വൈദ്യുതി ഉണ്ടോ/ഇല്ല | |
|---|---|---|---|---|---|---|---|---|---|---|---|
| | SC | ST | വാർപ്പ് | ഓട് | ഓല | SC | ST | SC | ST | SC | ST |
| 1. | 5 | – | – | 5 | – | 1 | – | 2 | – | ഇല്ല | ഇല്ല |
| 2. | 16 | – | – | 15 | 1 | 2 | – | 15 | – | ഇല്ല | ഇല്ല |
| 3. | 5 | 30 | – | 35 | – | 2 | 10 | 2 | 45 | ഇല്ല | 15 വീടിനുണ്ട് (ഇല്ല കോളനി) |
| 4. | 1 | 3 | – | 4 | – | 1 | – | 2 | 3 | ഇല്ല | ഇല്ല |
| 5. | – | – | – | 1 | – | – | – | – | – | – | – |
| 6. | 2 | 9 | – | 11 | – | – | – | 2 | 9 | ഇല്ല | ഇല്ല |
| 7. | 3 | 32 | – | 35 | – | – | 5 | 3 | 37 | ഇല്ല | 21വീടിനുണ്ട് (ശങ്കരൻ കണ്ടി കോളനി) |
| 8. | 1 | 2 | – | 3 | – | 1 | – | – | 3 | ഇല്ല | ഇല്ല |
| ആകെ | | | | | | 7 | 15 | 26 | 97 | | |

അവലംബം പഞ്ചായത്ത് രജിസ്റ്റർ

## *വിദ്യാഭ്യാസം*

വിദ്യാഭ്യാസ രംഗത്ത് പട്ടിക ജാതിക്കാരിലും, പട്ടിക വർഗ്ഗത്തിൽപെടുന്ന അടിയാന്മാരിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പണിയർ വിദ്യാഭ്യാസത്തിൽ ഇപ്പോഴും തല്പരരല്ല. അവരിൽ മിക്ക കുട്ടികളും ഒന്നാം ക്ളാസിൽ ചേർക്കപ്പെടുന്നുണ്ടെങ്കിലും ഏഴാംതരംവരെയെങ്കിലും പഠനം തുടരുന്നവർ വിരളമാണ്. ആകെ ഈ ഗ്രാമത്തിൽ 355 പട്ടിക വർഗ്ഗക്കാരുള്ളതിൽ ഒരാൾ മാത്രമെ S.S.L.Cക്ക് മുകളിൽ വിദ്യാഭ്യാസം നേടിയിട്ടുള്ളൂ. SC/ST വിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള ന്യൂനതകൾ സമഗ്ര പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ നിന്നുകിട്ടിയ കണക്കനുസരിച്ച് SC/ST കുട്ടികളുടെ വിവരം താഴെ ചേർക്കുന്നു.

**പട്ടിക 3**

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | SC/STവിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| 1. | പള്ള്യം എൽ.പി.സ്കൂൾ | 2 |
| 2. | G.U.P.S തില്ലങ്കേരി | 7 |
| 3. | തില്ലങ്കേരി യു.പി.സ്കൂൾ | 24 |
| 4. | കാവുമ്പടി എൽ.പി.സ്കൂൾ | ഇല്ല |
| 5. | G.L.P.S പടിക്കച്ചാൽ | 2 |
| 6. | വാണിവിലാസം എൽ.പി.സ്കൂൾ | 25 |
| 7. | മനോഹര വിലാസം L.P.S | 1 |
| 8. | പെരിങ്ങാനം L.P.S | ഇല്ല |
| 9. | C.H.M.M ഹൈസ്കൂൾ | 17 |
| | ആകെ | 78 |

അവലംബം സ്കൂൾ രജിസ്റ്റർ

## *തൊഴിൽ മേഖല*

ഭൂരിപക്ഷവും കാർഷിക മേഖലയിൽ ജോലിചെയ്യുന്നു. എന്നാൽ അടുത്തകാലത്തായി ഒരു ന്യൂനപക്ഷം മറ്റു തൊഴിലുകളിൽ ഏർപ്പെട്ടു തുടങ്ങിയിട്ടുണ്ട്. അപൂർവ്വം ചിലർ സർക്കാർ ജോലി നേടിയിട്ടുണ്ട്. തങ്ങൾക്ക് ലഭിച്ച മിച്ചഭൂമിയിൽ കൃഷിചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഇവരിൽ ഭൂരിഭാഗവും വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. പട്ടിക വർഗ്ഗത്തിൽ 67%വും, പട്ടിക ജാതിക്കാരിൽ 26%വും കുടുംബങ്ങൾക്ക് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ധന സഹായം ലഭിച്ചിട്ടുണ്ട്.

### പട്ടിക 4

### പട്ടിക ജാതി വിഭാഗത്തിൽ സർക്കാർ ജോലി നേടിയവർ

| ക്രമനമ്പർ | കോളനിയുടെ പേര് | പേര് | യോഗ്യത | ഉദ്യോഗപ്പേരി |
|---|---|---|---|---|
| 1. | ആനക്കുഴി | ഉത്തമൻ | IVstd | Panchayat pt. |
| 2. | ആനക്കുഴി | A.K.ശങ്കരൻ | IXstd | BSF |
| 3. | ആനക്കുഴി | ഗോപാലൻ | Vstd | ഫിഷറീസ് പ്യൂൺ |
| 4. | കുറ്റ്യാടിച്ചാൽ | K.K.ബാലകൃഷ്ണൻ | VIII | Bill Collector Panchayat |
| 5. | കുറ്റ്യാടിച്ചാൽ | ചന്ദ്രൻ | S.S.L.C (Failed) | Pazhassi Project (Peon) |
| 6. | കുറ്റ്യാടിച്ചാൽ | K.K.ഗോവിന്ദൻ | VI | Attender Govt.Hospital |
| 7. | അടിയാൻ വിഭാഗം | പി.നളിനി | SSLC/TTC | സ്ഥിരമായി ജോലി ലഭിച്ചിട്ടില്ല. |

അവലംബം നാട്ടറിവ്

പഞ്ചായത്തിൽ വിതരണം ചെയ്യപ്പെട്ട മിച്ചഭൂമിയെ സംബന്ധിച്ച വിവരം

### പട്ടിക 5

| വിഭാഗം | ആൺ | പെൺ | ആകെ | സാമ്പത്തിക സഹായം ലഭിച്ചവർ | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| മുന്നോക്ക ജാതി | 36 | 5 | 41 | 33 | 5 | 38 |
| OBC | 99 | 35 | 134 | 74 | 30 | 104 |
| പട്ടിക ജാതി | 8 | 6 | 14 | 7 | 6 | 13 |
| പട്ടിക വർഗ്ഗം | 56 | 27 | 83 | 37 | 22 | 59 |

അവലബം വില്ലേജ് ഓഫീസ്

## *പ്രശ്നങ്ങൾ*

1. SC/ST വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്ക്കരിക്കപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പ് പൊതുവേ കാര്യക്ഷമമല്ല.

2. കോളനിയടിസ്ഥാനത്തിലുള്ള ജീവിത രീതി തനത് സംസ്ക്കാരം നിലനിർത്തുമെന്നത് വസ്തുതയായിരിക്കേ തന്നെ, ദീർഘകാലത്തെ ക്ഷേമ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം ചെയ്യാത്തതിനു കാരണവും ഇതു തന്നെയാണെന്നഭിപ്രായമുണ്ട്.

3. സമ്പാദ്യശീലമില്ല.

4. വിദ്യാഭ്യാസ തൽപരരല്ല.

5. കായിക ക്ഷമത പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

6. ആദിവാസികളുടെ തനത് ഭാഷയും സംസ്ക്കാരവും സംരക്ഷിക്കപ്പെടുന്നില്ല.

7. ആരോഗ്യ വിദ്യാഭ്യാസത്തിന്റെ അഭാവം.

8. ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും തുടർ പരിശോധനാ നടപടികൾ ഇല്ല.

9. പ്രാദേശികമായ ആവശ്യങ്ങളും, സാധ്യതകളും പരിഗണിക്കാതെയാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ഉദാ: 4 സെന്റ് ഭൂമി മാത്രമുള്ളയാൾക്ക് എല്ലാ വർഷവും തെങ്ങിൻ തൈ നൽകുന്നു.

10. ഇടത്തട്ടുകാരുടെ ചൂഷണം.

## *ഗ്രാമസഭാ നിർദേശങ്ങൾ*

1. പട്ടികജാതിയിൽപ്പെട്ടവർ ഒരുമിച്ചു താമസിക്കുന്ന പ്രദേശങ്ങളെ കോളനിയായി അംഗീകരിക്കുക.

2. പട്ടിക ജാതി/വർഗ്ഗത്തിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും വീടുകൾ അനുവദിക്കുക.

3. വീടുവെക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങാൻ സഹായം നൽകുക.

4. എല്ലാ SC/ST വീടുകളിലും വയറിങ്ങ് നടത്തുന്നതിനുള്ള സാമ്പത്തിക സഹായം പഞ്ചായത്ത് വഴി നടപ്പാക്കുക.

5. എല്ലാ കോളനികളിലും ഒറ്റപ്പെട്ട പട്ടിക ജാതി/വർഗ്ഗക്കാരുടെ വീടുകളിലും പ്രത്യേകം പ്രത്യേകം ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക.

6. നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പട്ടികജാതി/വർഗ്ഗ വീടുകൾ കോൺക്രീറ്റ് വീടുകളാക്കുക.

7. കോളനികളിലേക്ക് റോഡുകൾ നിർമ്മിക്കുക. പട്ടിക ജാതിക്കാർ കൂടുതൽ താമസിക്കുന്ന കാരക്കുന്ന് പ്രദേശത്ത് കൂടി പോകുന്ന തെക്കൻ പൊയിൽ – പാറേങ്ങാട് റോഡിൽ ബസ് റൂട്ടിന് അനുമതി കൊടുക്കുക.

8. പട്ടിക ജാതി/വർഗ്ഗത്തിന് ഒരു തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

9. പഞ്ചായത്തിൽ ഒരു ഗിരിവർഗ്ഗ Extention Office തുടങ്ങാനുള്ള നടപടി സ്വീകരിക്കുക.

10. വിദ്യാലയങ്ങളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്കു തടയാൻ കോളനി വികസന കമ്മറ്റി രൂപീകരിച്ച്, രക്ഷിതാക്കളെ ബോധവത്ക്കരണം നടത്തുക.

11. പകർച്ചവ്യാധികൾ തടയുന്നതിന് മാസം തോറും ഡോക്ടർമാർ പരിശോധന നടത്തുക.

12. രോഗ ചികിത്സക്ക് ആവശ്യമായി വരുന്ന മുഴുവൻ ചെലവും പഞ്ചായത്ത് വഹിക്കുക.

13. പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി തുടങ്ങാൻ നടപടി സ്വീകരിക്കുക.

14. ശവസംസ്ക്കാരത്തിന് വേണ്ടി വരുന്ന മുഴുവൻ തുകയും പഞ്ചായത്തിൽ നിന്ന ലഭ്യമാക്കുക. (ഉദാ: ആശുപത്രിയിൽ നിന്നു മരണം സംഭവിക്കുന്ന രോഗിയെ വീട്ടിലെത്തിക്കാനുള്ള ചെലവടക്കം)

15. വൈദ്യുതി ലഭിച്ച കോളനികളിൽ Water Tank കെട്ടി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.

16. കോളനി തോറും T.V അനുവദിക്കുക.

17. പഞ്ചായത്തിലെ മുഴുവൻ SC/ST വിഭാഗക്കാർക്കും സൗജന്യ ഇൻഷൂറൻസ് പദ്ധതി ആരംഭിക്കുക.

18. പട്ടിക വർഗ്ഗത്തിനു മാത്രം റജിസ്റ്റർ ചെയ്ത പട്ടിക വർഗ്ഗ സംഘത്തിന് ഗ്രാന്റും വായ്പയും നല്കി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക.

19. കിണർ, കക്കൂസ്, പുകയില്ലാത്ത അടുപ്പ് ഇവ എല്ലാ കുടുംബങ്ങൾക്കും അനുവദിക്കുക.

20. പഞ്ചായത്ത് സമിതിയുടെ ചുമതലയിൽ ഭൂ ഉടമകളായ ഗുണ ഭോക്താക്കളെ കൊണ്ട്, അനുയോജ്യമായ കൃഷിയിറക്കി വിളവെടുപ്പ് സമയത്ത് മാത്രം ഗുണഭോക്താവിന് ഏല്പിച്ച് കൊടുക്കുക.

21. റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുക.

# ശുഭം

# വിഭവ സമാഹരണം

സർക്കാറിന്റെ ഗ്രഡേഷൻ അനുസരിച്ച് തില്ലങ്കേരി പഞ്ചായത്ത് ഒരു മൂന്നാം ഗ്രേഡ് പഞ്ചായത്താണ്. വിസ്തൃതിയിലും ജനസാന്ദ്രതയിലും ഉള്ള കുറവ് വിഭവസമാഹരണത്തിലും പ്രതിഫലിക്കുന്നുണ്ട്. വ്യവസായ രംഗത്ത് ശ്രദ്ധകേന്ദ്രീകരിച്ച് വിഭവസമാഹരണം മെച്ചപ്പെടുത്താനും പ്രയാസമുണ്ട്. വ്യവസായ വളർച്ചയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, വൈദ്യുതി തുടങ്ങിയ സുപ്രധാന ഘടകങ്ങൾപോലും ഇവിടെ പരിമിതമാണ്. എന്നാൽ ചെറുകിട വ്യവസായങ്ങൾക്കിവിടെ സാദ്ധ്യതകണ്ടെത്താൻ കഴിയും. കരിങ്കൽ, ചെങ്കൽ കോറവ്യവസായങ്ങൾ ഇനിയും വിപുലമാക്കാവുന്നതാണ്. കൂടാതെ സ്റ്റോൺ ക്രഷർ, ഫർണിച്ചർ വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്.

ഭൂരിഭാഗം കർഷകരും കർഷകത്തൊഴിലാളികളുമുള്ള ഈ ഗ്രാമപഞ്ചായത്തിന് പ്രധാന ധനാഗമമാർഗം സർക്കാർ ഗ്രാന്റാണ്. താഴെ കൊടുത്ത പട്ടിക പരിശോധിച്ചാൽ ഇതു വ്യക്തമാകും.

| ഇനം | 1995–96ൽ |
|---|---|
| കെട്ടിട നികുതി | 60,802.55 |
| തൊഴിൽ നികുതി | 37,625.00 |
| ലേലം | 3,005.00 |
| ലൈസൻസ് | 4,598.25 |
| വസ്തു കൈമാറ്റം | 85,056.00 |
| സർക്കാർ ഗ്രന്റ് | 6,16,170.00 |
| ഡപ്പോസിറ്റ് | 13,323.65 |
| ആകെ വരവ് | 8,20,580.45 |

അവലംബം പഞ്ചായത്ത് ആപ്പീസ്.

ഇതു വെച്ചുകൊണ്ടുമാത്രം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾ ആശിച്ച അളവിൽ പൂർത്തീകരിക്കാൻ ആവുകയില്ല. ഗ്രാന്റിനു പുറമെ മറ്റു വിഭവങ്ങളും സമാഹരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ കൊല്ലത്തെ ലൈസൻസ് ഫീസ് 4,598 ക 25 പ. മാത്രമാണ്. ഇതു സൂചിപ്പിക്കുന്നത് കച്ചവട സ്ഥാപനങ്ങളുടെ കുറവാണല്ലോ. മുഴുവൻ കച്ചവടക്കാരെയും കണ്ടെത്തി ലൈസൻസ് ചുമത്തിയാൽ വരവ് അല്പംകൂടി വർദ്ധിപ്പിക്കുവാൻ കഴിയും. സാധാരണഗതിയിൽ ബാങ്ക് ലോൺ അപേക്ഷസംബന്ധിച്ച കാര്യങ്ങൾക്ക് മാത്രമാണ് കച്ചവടക്കാർ പഞ്ചായത്തിലെത്തുന്നത്.

## സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. സർക്കാർ ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. ഗൾഫ് മലയാളികളുടെ സാമ്പത്തിക നിക്ഷേപം ആകർഷിക്കാൻ പറ്റിയ പദ്ധതികൾ തയ്യാറാക്കുക. ഗൾഫ് മലയാളികളുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടികയിൽ കാണുക.

| വാർഡ് | I | II | III | IV | V | VI | VII | VIII | ആകെ |
|---|---|---|---|---|---|---|---|---|---|
| | 10 | 25 | 9 | 49 | 47 | 10 | 11 | 7 | 168 |

3. ഷോപ്പിംഗ് കോംപ്ലക്സ് പോലുള്ള സ്ഥിരവരുമാന സാധ്യതയുള്ള ആസ്തികൾ നിർമ്മിക്കുക. (ആറണ്ടോത്ത് പുറംപോക്കിൽ, പഞ്ചായത്താഫീസിനു മുന്നിൽ, വില്ലേജാഫീസിന് സമീപം)

4. കുട്ടിമാവിൻ കീഴിൽ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിയുക.

5. പഞ്ചായത്തിന്റെ ഹൃദയഭാഗത്തു ഒരു സിനിമാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുക.

6. ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കുക.

7. നാമമാത്ര കൃഷിക്കാരെ ഒഴിച്ചു നിർത്തി മുഴുവൻ കൃഷിക്കാരിൽ നിന്നും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുക.

8. പാട്ടക്കാർ, തടിക്കച്ചവടക്കാർ തുടങ്ങിയവരിൽ നിന്നുള്ള നികുതി പിരിവ് ഊർജ്ജിതമാക്കുക.

9. നികുതി പിരിവിന് നേതൃത്വം നൽകാൻ വാർഡ് മെമ്പറും വികസനസമിതി അംഗങ്ങളും ജാഗ്രത പുലർത്തുക. അർഹതപ്പെട്ട നികുതി ദായകരെ കണ്ടെത്താൻ ഇതു സഹായിക്കും.

10. പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ ഗ്രാമസഭയിലൂടെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

11. പഞ്ചായത്തിലെ വരുമാനമുള്ള മുഴുവൻ ആളുകളെയും നേഷനൽ സേവിംഗ്സ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവരുക.

12. കെട്ടിട നികുതി കണക്കാക്കുന്നതിന് ആഡംബരത്വം കൂടി മാനദണ്ഡമാക്കുക.

13. സ്ഥിരമായ ചുമരുകളുള്ള എല്ലാ വീടുകൾക്കും നികുതി ചുമത്തണം. നികുതി കെട്ടുന്നതിൽ സ്ലാബ് സമ്പ്രദായം സ്വീകരിച്ചാൽ വീടു നിർമ്മാണത്തിലെ ധൂർത്ത് കുറയ്ക്കാൻ കഴിയുന്നതോടൊപ്പം നികുതി വരുമാനവും വർദ്ധിക്കും.

14. ബിൽഡിംഗ് ടാക്സ് അസ്സസ്മെന്റ് കമ്മിറ്റി രൂപീകരിക്കുക.

15. വാടക കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വാടക അടിസ്ഥാനത്തിൽ തന്നെയാണെന്ന് ഉറപ്പുവരുത്തണം.

16. തൊഴിൽ ചെയ്യുന്ന മുഴുവനാളും തൊഴിൽ നികുതി കൊടുക്കുന്ന വ്യവസ്ഥ ഉണ്ടാവണം.

17. തൊഴിൽ നികുതി കൊടുക്കുന്ന മുഴുവൻ ആളുകളെയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ കൊണ്ടുവരണം. ആയതിനുള്ള പ്രീമിയം പഞ്ചായത്ത് അടക്കേണ്ടതാണ്.

18. ചെറുകിട വ്യവസായ സംരംഭകർക്ക് പ്രോത്സാഹനം നൽകാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

19. പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റും ഇറച്ചി മാർക്കറ്റും നിർമ്മിക്കുക.

# സംസ്ഥാനതല റിസോഴ്സ് പേഴ്സൺ (കെ. ആർ. പി)

സി. ബാലൻ മാസ്റ്റർ

# ജില്ലാതല ആർ.പി. മാർ (ഡി.ആർ.പി)

ടി. സലീം *(പഞ്ചായത്ത് കൺവീനർ)*

വി. മോഹനൻ

എം. ലീല

എ. എം. സതീദേവി

കെ. ശ്രീധരൻ മാസ്റ്റർ

വത്സൻ തില്ലങ്കേരി

## വികസന റിപ്പോർട്ടിൻെറ ശില്പികൾ

1. സി.വി. പത്മനാഭൻ മാസ്റ്റർ
2. മൂർക്കോത്ത് കുഞ്ഞിരാമൻ
3. പി. കുഞ്ഞമ്പു
4. പി.കെ. ശ്രീധരൻ
5. പി. സുധാകരൻ മാസ്റ്റർ
6. പി.പി. മോഹൻദാസ്
7. ടി.വി. രാമചന്ദ്രൻ
8. വാഴയിൽ ഗോവിന്ദൻ
9. വി. വിജയകുമാർ
10. വി.പി. ഷംസുദ്ദീൻ
11. കെ.സി. സജീവൻ
12. കെ. മുരളീധരൻ
13. കെ.വി. അനിൽകുമാർ
14. പി. മുഹമ്മദ് മാസ്റ്റർ
15. എ.കെ. ജയരാജൻ മാസ്റ്റർ
16. എ. ചന്ദ്രൻ
17. എം.വി. രവീന്ദ്രൻ
18. ടി.രാജു
19. ടി.എം. രമേശൻ മാസ്റ്റർ
20. കെ. ഭാസ്കരൻ മാസ്റ്റർ
21. വി.എം. വേണുഗോപാലൻ മാസ്റ്റർ
22. പി. ബാബു
23. പി. രാമചന്ദ്രൻ
24. കെ.പി. പത്മനാഭൻ
25. സി.വി. ഗംഗാധരൻ
26. ടി. കൃഷ്ണൻ മാസ്റ്റർ
27. ഷൈന .എൻ
28. പി. നളിനി
29. പി.വി. രമണി
30. പി. കൗസല്യ
31. കെ. അനിത
32. യു.സി. നാരായണൻ
33. സി.വി. രാധാകൃഷ്ണൻ
34. ഉണ്ണികൃഷ്ണൻ (JHI)
35. പി. കരുണാകരൻ (കൃഷി ഓഫീസർ)
36. വാസുദേവൻ നമ്പൂതിരി (സാക്ഷരതാ കോഡിനേറ്റർ)
37. ഡോ: സണ്ണി (വെറ്റിനറി സർജൻ)
38. ഇ.പി. നാരായണൻ (വി.ഇ.ഒ)

